# സമന്വയത്തിന്റെ ആകാശം (1997)


| | | | |
|---|---|---|---|
| ഹ | മൗനപ്രാർത്ഥന | ഹ | മതകാലഘട്ടം? |
| ഹ | പഞ്ചസാരം | ഹ | പൂച്ച |
| ഹ | പഴുക്ക പറഞ്ഞത് | ഹ | കിളിപ്പാട്ട് |
| ഹ | ഭൂമിയുടെ പീയുഷം | ഹ | യജ്ഞേശ്വരൻ |
| ഹ | ലോകാലോകം | ഹ | മുണ്ടുടുത്തിരുന്നില്ല |
| ഹ | പിതൃദുഃഖം | ഹ | ആനയുടെ മൗനം |
| ഹ | സ്വയംസംവാദം | ഹ | ആൻഡ്രോക്ലിസ് |
| ഹ | ത്രിവേണിയിൽ | ഹ | ഈജിപ്തിലെ ഒരു നാടോടിപ്പാട്ട് |
| ഹ | കോലാടുകൾ | ഹ | തിത്തിത്യുരുള |
| ഹ | സംക്രമണം | ഹ | സാഹോദര്യം |
| ഹ | വീണ്ടും തുഞ്ചൻപറമ്പിൽ | ഹ | അശ്വത്ഥം |
| ഹ | വൃദ്ധസുന്ദരി | ഹ | അന്ധനാര്? |
| ഹ | ഒരു ചുംബനത്തിന്റെ ഓർമ്മ | ഹ | നാളത്തെ വിപ്ലവം |
| ഹ | ചിത്രഭാനു ഒരു പഴമ്പുരാണം | ഹ | റാന്തൽവെളിച്ചം |
| ഹ | അക്ഷരജ്ഞാനം | ഹ | പറയാൻ വയ്യ |
| ഹ | കൂശ്മാണ്ഡരസായനം | ഹ | ചിന്തയിലരവണ |
| ഹ | ക്ഷിപ്രവാർദ്ധക്യം | ഹ | നാളേയ്ക്കൊരു പഴങ്കഥ |
| ഹ | ഹഠയോഗം? | ഹ | കൊല്ലങ്കോട്ടെ പെരുമ്പറ |
| ഹ | വാശിക്കുടുക്ക | ഹ | ബിംബം |
| ഹ | മറ്റൊരു സാളഗ്രാമം | ഹ | ശബ്ദബോധം |
| ഹ | കണ്ണാടിക്കു മുമ്പിൽ | ഹ | വാർദ്ധക്യചർച്ച |
| ഹ | *മുല്ലമംഗലം | ഹ | ആകാശവാണി* |
| ഹ | അവളാര്? | ഹ | വ്രതബാഷ്പം |
| ഹ | മീനച്ചൂടിൽ | ഹ | ഖരപദാർത്ഥം |
| ഹ | *കളിവിളക്കത്ത് | ഹ | പരമാനന്ദം |
| ഹ | സൗന്ദര്യശാസ്ത്രം | ഹ | വെണ്ണക്കണ്ണന്റെ കൂടെ |
| ഹ | ഉറുമ്പുകളുടെ മൗനം | ഹ | മുതുകത്തു വരയില്ലാത്ത അണ്ണാൻ |
| ഹ | കുഞ്ഞാലിമരയ്ക്കാർ | ഹ | ധന്യവാദം |
| ഹ | ആറന്മുളക്കണ്ണാടി | ഹ | യോഗക്ഷേമം |


## മൗനപ്രാർത്ഥന

നിർത്തണം നിർത്തണമിക്കാവ്യനിർമാണ–
സക്തിയെന്നെത്ര പ്രതിജ്ഞ ചെയ്തീടിലും
നിർത്തീല,രശ്ശതാബ്ദത്തിനു ശേഷവും
നിദ്രാവിഹീനം പുലരുന്നു രാത്രികൾ.
നിദ്രാണഭൂമിക്കടിയിൽദ്ദയയ്ക്കുടൻ
ഞെട്ടൽ, ഉണർന്നെഴുന്നേൽക്കുന്നു ശൈശവം.
ഉദ്രയാത്മാവിന്നിഡാപിംഗളകളിൽ
രുദ്രവീണാതന്ത്രി മീട്ടുന്ന കേൾപ്പൂ ഞാൻ
വിദ്യുന്മയവ്യഥ പൊട്ടിച്ചിരിക്കവേ
കുത്തിക്കുറിക്കയായ് നക്ഷത്രരശ്മികൾ
നിമ്നോന്നതാതീതനീലനഭസ്സിലെൻ
നിത്യമേഘത്തിന്റെ മിന്നൽപ്പിണർകളെ.
രണ്ടു ഭാഗത്തേയ്ക്കകന്നു, വസുദേവർ

കൊണ്ടുവരും മണിവർണ്ണനെക്കാൺകയാൽ
കാളിന്ദിയിൽത്തിരമാലപോലെന്നിലെ–
ക്കാലദൗത്യങ്ങൾതന്നാമയമൂർച്ഛകൾ.

കണ്ണീർക്കയത്തിൽത്തുടിക്കും ശിവനുണ്ണി
വിണ്ണിൻ വെളിച്ചമായ് വന്നെന്റെ മൂർധനി
അംഗുലീപുണ്യം പുരട്ടിയോ? മാത്രകൊ–
ണ്ടന്നമയത്തിൽ പ്രകാശം പുളയ്ക്കവേ,
പ്രാണൻ, മനസ്സു, വിജ്ഞാന, മാനന്ദവും
പ്രായോപവിഷ്ടവിഭൂതിയായ് മാറവേ,
കുരിരുളിന്നു മുളയ്ക്കും പുളകമേ
താരങ്ങൾപോലുടനെൻ ചിറകൊച്ചയിൽ
ഇറ്റുവീണൂ മഷിത്തുള്ളിയല്ലാ, ശ്വേത–
സത്യങ്ങ,ളക്ഷരസ്വപ്നാനുഭൂതികൾ.

''ഇന്നെൻ മനസ്സാക്ഷി മൂളുന്ന ചിന്തുക–
ളന്യർക്കസഹ്യമായ്ത്തീരാതിരിക്കണേ!''
പ്രാർത്ഥനാമന്ത്രപുരാണകിട്ടത്തിൽ നി–
സ്വാർഥാഞ്ജലിയോ മെഴുക്കിട്ടു തൽക്ഷണം?–
''സർവ്വചരാചരമംഗളപ്രാർത്ഥന
ഗർവ്വമാണെങ്കിലതാണു ഞാൻ സ്നേഹമേ!''

## പഞ്ചസാരം*

പൃഥിവീശകലത്തോടു പൃഥിവിയ്ക്കുള്ള കൗതുകം
മദീയാന്നമയത്തിന്മേൽ പാരുഷ്യമുരസുന്നുവോ?

ഇടവപ്പാതി വെള്ളത്തിൽ കൂളിയിട്ടപ്പൊളോർത്തു ഞാൻ
ബഹിർമുഖപ്രാണമയഘടാകാശത്തിലെ ത്വര.

പിടിയ്ക്കുന്നു വലിയ്ക്കുന്നു പകലോൻ നിറതിങ്കളും
മനോമയത്തിലെത്തേജഃകണത്തിനെ ‘വരൂ വരൂ’.

കുലുക്കുന്നു വിളിക്കുന്നു നിതാന്തം വായുമണ്ഡലം
വിജ്ഞാനമയകോശത്തിൻ നിസ്തന്ദ്രേഷണവൃത്തിയെ.

ചുംബിച്ചുണർത്തുന്നു ബഹിരാകാശം മൗനഭാഷയിൽ
ആനന്ദമയകോശത്തിൻ പഞ്ചസാരപ്രശാന്തിയെ.

എന്നിട്ടുമീയുഷഃകാലപ്രപഞ്ചഹിമബിന്ദുവിൽ
അമ്മതൻ കണ്ണുനീരുപ്പിൽ മുങ്ങിപ്പൊങ്ങുകയാണു ഞാൻ.

## പഴുക്ക പറഞ്ഞത്

ആഴത്തിലാണെങ്കിലും കിണറ്റിന്നുള്ളി–
ലാഴക്കുവെള്ളമുണ്ടിന്നും
തേവാൻ വരുമൊരാൾ, മോട്ടോറിന്നപ്പൊഴേ–
യ്ക്കാവില്ല വെള്ളം വലിക്കാൻ.
ഉണ്ടായിരിക്കില്ല വൈദ്യുതി, മോട്ടോറു

മിണ്ടാട്ടമില്ലാതിരിക്കും.
തെങ്ങുണങ്ങില്ലായിരിക്കും; കവുങ്ങുക-
ളെങ്ങനെ താങ്ങുമീയൂഷ്ണം?

ഊഊഊ

പേന താഴത്തിട്ടടുത്തൂൺ കഴിഞ്ഞ കൈ
പൂണുന്നു കൈക്കോട്ടു വീണ്ടും.
ഇത്തിരി വെള്ളം കടയ്ക്കലെത്തുമ്പൊഴേ-
യ്ക്കെത്ര സന്തുഷ്ടമീപ്പൂഗം!
ചൂടിളംകാറ്റിൽപ്പൊഴിയും പഴുക്ക ഞാൻ
തേടിപ്പിടിച്ചെടുക്കുമ്പോൾ,
അന്തിത്തുടുപ്പിലാച്ചെമ്പവിഴക്കട്ട-
യന്തരാത്മാവിനോടോതി.
''നിർത്തരുതുണ്ണീ, മുറുക്കു നീ, നിർത്തിയാൽ
ദഗ്ദ്ധമായ്ത്തീരുമെൻ വംശം.''

# ഭൂമിയുടെ പീയുഷം

ദേവ, ഗുരുപവനേശ്വര, ശർക്കര-
പ്പാവിന്നു ചുററുമുറുമ്പുപോലെ
വന്നു പൊതിയുന്നു ഞങ്ങളിതാ, ഭവൽ-
പ്പൊന്നമ്പലത്തിൻ ചതുർഭുജത്തിൽ
ലോകൈകനാഥാ, നിൻ കാലടിപ്പൂവിൽനി-
ന്നേ,കാഗ്രഭക്തിതൻ ചില്ല നീട്ടി
ഞങ്ങൾ വലിച്ചുകുടിക്കും സുഖം വിണ്ണി-
ലെങ്ങനെ കിട്ടുവാനാണു കണ്ണാ?
നിന്റെ പാതാളാഞ്ജനാകൃതിയ്ക്കുള്ളിലെ
നിത്യതയല്ലോ മധുരമോക്ഷം!

വെള്ളത്തിനുള്ളിൽ കിടന്നവനേ, നിന്നി-
ലുള്ള വിദ്യുത്തിൻ പ്രഭാങ്കുരങ്ങൾ
നൂറുനൂറായിത്തിളങ്ങുന്നു വിണ്ണിലെ-
ത്താരങ്ങൾപോൽ മതിൽക്കെട്ടിനുള്ളിൽ
തീരണമേഴരനാഴികയിന്നിയും
സൂര്യനാരായണൻതൻ കരങ്ങൾ
സ്വർണ്ണക്കൊടിമരത്തുമ്പത്തിരിക്കും സു-
പർണ്ണന്റെ കുഞ്ഞിച്ചിറകൊതുക്കാൻ!
ഈയുദയാൽപ്പൂർവ്വപാവനോന്മേഷത്തിൽ
മായുന്ന ദുഃഖസ്മൃതികളോടെ
നിന്നെ പ്രദക്ഷിണം വെയ്ക്കുന്ന ഞങ്ങളിൽ-
നിന്നൂറിപ്പൊന്തും സഹസ്രനാമം
വാരാന്നിധിപോൽ മുഴങ്ങവേ സ്വർഗ്ഗത്തിൻ
വാതിൽക്കൽ മുട്ടുന്നു: 'ദേവന്മാരേ,
ഊഴിതൻ കണ്ണീർ കടഞ്ഞതിപ്പീയൂഷം
താഴോട്ടിറങ്ങിവന്നാസ്വദിപ്പിൻ!

# ലോകാലോകം

തൊട്ടിലിൽ കുട്ടിയുറങ്ങിടുമ്പോൾ
പെട്ടെന്നുണർന്നു കരഞ്ഞിടുന്നു
മച്ചിൽനിന്നമ്മ കിതച്ചു വന്നു–
സ്വിച്ചിട്ട ടീവി തെളിഞ്ഞിടുന്നു
കത്തി നിവർത്തി മനുഷ്യർതമ്മിൽ
കുത്തുന്നതാശ്ശിശു കണ്ടറിവൂ.
തോക്കുകൾ തമ്മിൽ കുരച്ചു തുപ്പും
തീപ്പുകയും ശിശു കണ്ടറിവൂ.
നിലവിളി, രക്തം നിലംപതിക്കും
തല: കരയാതേ കിടപ്പു പൈതൽ.

# പിതൃദുഃഖം

എട്ടാമതും വന്നുചേർന്നൂ പഞ്ചവത്സരപദ്ധതി;
വലത്തുകൈവിരലുകളന്നത്രേ *‘ജ്ഞാനമുദ്ര’യായ്!

ഇടത്തുകൈയിനോടോതീ പൊടുന്നനെ വലത്തുകൈ,
‘‘നീയും ചുമക്കേണ്ടിവരും പഞ്ചവത്സരപദ്ധതി.’’

അർത്ഥം മനസ്സിലാവാഞ്ഞു പൂണ്ടു മൗനമിടത്തുകൈ

പ്രവചിച്ചൂ ഭാവിയൗദാര്യസമേതം വലത്തുകൈ:
‘‘നീയും ചുമക്കേണ്ടിവരും പത്തു വർഷത്തിനപ്പുറം.’’

കാര്യം മനസ്സിലായപ്പോൾ നിരീക്ഷിച്ചിതിടത്തുകൈ:
‘‘ഇന്നും ചളിപിളിപ്രായം ഭാരതീയർക്കകംപുറം!’’

ഖണ്ഡനോപക്ഷേപമുടൻ കൊണ്ടുവന്നൂ വലത്തുകൈ:
‘‘തെളിവുണ്ടെന്നാകിലുടൻ വെയ്ക്കൂ മേശപ്പുറത്തതും!’’

ഉടൻ കേട്ടൂ വിമാനത്തിന്നിരമ്പം രണ്ടുകൈകളും;
പൊടുന്നനെയിടംകൈയിലുമ്മവെച്ചൂ വലത്തുകൈ:

‘‘അറിവു നമ്മൾ രണ്ടാളുമിപ്പോളുണ്ടായ സംഭവം.’’

ഇടംകൈയോതീ: ‘‘വിമാനം പോലല്ലീ വന്നതാക്കൊതു?’’
‘‘ശരിയാണെ,ന്തു ഡീഡീറ്റി തളിച്ചിട്ടെന്തിവറ്റയെ?’’

‘‘ശരിയാണെ,ത്ര കുങ്കൂറ്റന്മാരായീ വിഷഭുക്കുകൾ?’’

‘‘അതൊന്നുമല്ലിന്നു പ്രശ്നം’’ പെട്ടെന്നോതീ വലത്തുകൈ:

‘‘എവിടെപ്പോയ് പണ്ടു പിണ്ഡം കൊത്തുവാൻ വന്ന കാക്കകൾ?’’

‘‘ശരിതാൻ, പണ്ടു നാം തമ്മിലൊന്നുരണ്ടുമ്മ വെയ്ക്കുകിൽ

‘കാകാകാ’ വന്നെത്തുമരിയെറിഞ്ഞാൽപ്പോലെയായിരം.’’

‘‘കിഴക്കേ മുറ്റത്തു പിണ്ഡം വെയ്ക്കുന്നൂ നമ്മളിപ്പൊഴും.’’

‘‘ചുംബിക്കുന്നൂ പിന്നെ നമ്മൾതമ്മിൽച്ചടുപിടുന്നനെ’’.

‘‘നിനക്കും നോവെ,നിക്കും നോവൊ,രൊറ്റക്കാക്കയെങ്കിലും

വരില്ലാ, കൊത്തില്ല; നഷ്ടം മിനുട്ടല്ലിന്നു,ഹോരകൾ!’’

‘‘ഹിമവൽസേതുപര്യന്തം സുലഭം ചളിയിപ്പൊഴും;

ആയിരത്താണ്ടു പുലരും ജീവമാതൃകയെങ്ങുപോയ്?''
''ഇന്നിന്ത്യൻ മണ്ണാകെ രാസവളക്കൂറുള്ളതാകയാൽ

കാകന്മാരേ, നിങ്ങൾ വല്ല സഹാറയിലുമെത്തിയോ?''

''പിതൃക്കളിക്കാകബഹിഷ്കൃതമാം കവ്യമുണ്ണുമോ?''

''മന്ത്രപൂർവ്വം സമർപ്പിച്ചതവർക്കുണ്ണാതെ പറ്റുമോ?''

വരുന്ന പദ്ധതി 'നവം' ജ്ഞാനമുദ്രയിലാക്ഷണം

*''പല്ലവം''കിളരാൻ പുൽകി പ്രാർത്ഥിപ്പൂ രണ്ടു കൈകളും!

## സ്വയംസംവാദം

തമ്മിൽജ്ജനം തല്ലിമരിപ്പു; പോയോ–
രാരും തിരിച്ചെത്തിയതോർമ്മയില്ല.
സത്യം വഹിക്കും മുകുരത്തിലൊന്നും
കാണ്മീല ജന്മാന്ധത പണ്ടുമിന്നും.

ഇരുൾപ്പഴക്കത്തിൽ മനുഷ്യവംശം
വെളിച്ചമെന്തെന്നു മറന്നുപോയോ?
ക്രമാൽ വെളിച്ചംവരുമെന്ന കാത്തി–
രിപ്പിന്നു പ്രത്യാശ പൊലിഞ്ഞുപോയോ?

ഈ വീർപ്പുമുട്ടാരുടെ ചെയ്തി?യെങ്ങീ–
യഹംപ്രമാണപ്രഥമപ്രരോഹം?
ഏതജ്ഞതാമൂർച്ഛയിൽനിന്നുയർന്ന–
തീക്കൂടതന്ത്രപ്പക? ആരറിഞ്ഞു?

ആരാരെയോ കേണു വിളിപ്പു? രഥ്യ
കാടെന്നപോൽ ശൂന്യമനുഷ്യഗന്ധി!
കരച്ചിൽ കേട്ടാൽക്കിളിവാതിൽ പാതി
തുറക്കു,മില്ലിങ്ങു തുറന്ന വാതിൽ!

വിഭിന്നചിന്താഗതിയുള്ള, തമ്മി–
ലറിഞ്ഞുകൂടാസ്സഹയാത്രികന്മാർ;
ഒന്നിച്ചുയിർക്കുമ്പൊഴുതും തുറക്ക–
പ്പെടാതെ നിൽപ്പൂ ഹൃദയങ്ങൾ തമ്മിൽ!

സ്മൃതിക്കു മേലുള്ള വടുക്കളാത്മ–
ക്ഷതങ്ങൾ വീണ്ടും വിനചിന്തിടുന്നു,
ഉണങ്ങുമെന്നീ വ്രണിതാഭിമാനം
കാലം പുരട്ടും കരുണാമൃതത്താൽ?

അരൂപനാം സ്നേഹിത. താങ്കൾതൻ വാ–
ഗ്ദാനങ്ങൾ തോക്കായി വളർന്ന വാളോ?
സത്തായ സത്തായ്പ്പരമായ് വിളങ്ങും
മുത്തേ, തുറക്കൂ നിടിലാർദ്രദൃഷ്ടി!

എല്ലാമനുഷ്യർക്കുമൊരേ വികാരം
എല്ലാ മനുഷ്യർക്കുമൊരേ വിചാരം

എല്ലാ മനുഷ്യർക്കുമൊരേ വിഷാദം
എല്ലാ മനുഷ്യർക്കുമൊരേ വിനോദം!

എന്തിന്നു ഖണ്ഡിച്ചു പലേ വകുപ്പിൽ
ബന്ധിപ്പു നാം മാനവികാവഭാസം?
എന്തിന്നു നാം ഭാവിമനുഷ്യവംശ–
സന്തുഷ്ടിയെക്കീറിമുറിച്ചിടുന്നു?

സമാനമാകട്ടെ മനുഷ്യമന്ത്രം
സമാനമാകട്ടെ മനുഷ്യതന്ത്രം,
സമാനമാകട്ടെ മനുഷ്യയന്ത്രം,
സമാനമൊന്നേ പരമസ്വതന്ത്രം!

## ത്രിവേണിയിൽ

ഗുരുവും ശിഷ്യനും പണ്ടു ചെന്നുചേർന്നു പ്രയാഗയിൽ
ത്രിവേണിയുടെ പുണ്യത്തിലൊന്നു മുങ്ങിക്കുളിക്കുവാൻ

പ്രാതസ്നാനോന്മേഷപൂർവം വന്ദിച്ചാരവർ സന്ധ്യയെ
ഉഷസ്സപ്താംശുവർഷത്തിലൂഴി മുങ്ങിക്കുളിക്കവേ

ഒടുവിൽശ്ശിഷ്യനാരാഞ്ഞു ‘‘ബ്രഹ്മാനന്ദമിതല്ലയോ?’’
ഗുരു സാകൂതം ചിരിച്ചു ചൂണ്ടിക്കാണിച്ചു: ‘‘സോദരാ,

അറിഞ്ഞാലും; അതാകാശഗംഗയാണി,തു സൂരജ:
ഇവിടെപ്പൊഴിവൂ വിണ്ണുമാദിത്യനുമനുഗ്രഹം.

ഈ നദീസംഗമത്തിന്റെ തടാകോപമശാന്തിയിൽ
ആകാശത്തുള്ളതൊട്ടുക്കു ബിംബിക്കുന്നു ധരിത്രിയിൽ

ഭാഗീരഥീയമുനകൾക്കസ്തിത്വം നഷ്ടമാകവേ
ഇവിടെബ്ഭൂമിക്കടിയിൽ പ്രസരിപ്പൂ സരസ്വതി.’’

അപ്പോൾശ്ശിഷ്യന്നു സന്ദേഹം, ‘‘വാഗർഥങ്ങളിണങ്ങിയാൽ
ഇതുപോലുള്ളൊരാനന്ദമുളവായ്ത്തീരുമില്ലയോ?’’

നിരീക്ഷിപ്പൂ രണ്ടു പുണ്യനദിയും ഗുരു സസ്പൃഹം,
‘ഇതിലേതാണു സംഗീതം, ഇതിലേതാണു സാഹിതി?’’

പഠിച്ചതോർക്കുന്ന ശിഷ്യനേറ്റു ചൊല്ലുന്നു സത്വരം,
‘‘ഏതാണാപാതമധുരം? ഏതാണാലോചനാമൃതം?’’

കോരിത്തരിച്ചു നിൽക്കുന്ന ഗുരു വീണ്ടും ചിരിപ്പിതോ?
‘‘ആപതിച്ചവളിബ്ഭാഗീരഥിയെന്നു സുസമ്മതം.

എനിക്കെന്നാൽപ്പറയുവാനിത്രയേയുള്ളു സോദരാ,
ഭൂഗർഭത്തിലൊലിക്കുന്ന നദിയാണു സരസ്വതി.’’

## കോലാടുകൾ

സൈക്കിളിൽപ്പൊതിപ്പാൽ വന്നെത്തിയ വിഭാതത്തിൽ
‘‘പൈക്കളെപ്പോറ്റാനിനിവയ്യെ’’ന്നായ് ഗൃഹനാഥൻ

''അത്താഴത്തിനുശേഷമുള്ള ചോറിനി നൽകു–
മാർക്കു ഞാൻ?'' ഗൃഹനാഥ നാവുകൊണ്ടാലോചിച്ചു
''അമ്മയ്ക്കു സന്തോഷത്തിന്നായൊരു തുള്ളിച്ചാടു–
മാട്ടിൻകുട്ടിയെ മേടിക്കാ''മെന്നായ് മകനപ്പോൾ
ഒടുവിലന്വേഷണക്കമ്മീഷനോതീ, ''നാട്ടി–
ലൊരിടത്തുമില്ലത്രേ കോലാടി,തെന്താശ്ചര്യം!''
''ഇതു നേരെങ്കിൽക്കാലംകൊണ്ടു പൈക്കളുടേയും
സ്ഥിതിയിങ്ങനെയല്ലേ?''സംശയിക്കുന്നു ദൈവം,
''പാലിനെ സ്നേഹിക്കയാലിറച്ചിയുപേക്ഷിക്കാൻ
പാവമീപ്പെരുകുന്ന മർത്യർക്കു കരുത്തുണ്ടോ?''
ആരാഞ്ഞാനുപാംശുവായ് പിന്നെയദ്ദേഹം, ''ഭാവി–
പൗരരേ, പാലോ നിങ്ങൾക്കാവശ്യമിറച്ചിയോ?''

## സംക്രമണം

അഹംഭാവാന്ധകൂപത്തിൽ യുക്തിതന്നാവനാഴികൾ
മധുമൂർച്ഛകൾതന്നഞ്ചാംപനിപെട്ടു വിറയ്ക്കവേ,
ഇഹലോകപ്രബോധത്തിൻ വക്രസീമന്തരേഖയിൽ
ഈതിബാധകൾതന്നിന്ദ്ര ചാപം വീണുടയുന്നുവോ?
ഊഷരോത്സാഹസംഘർഷഭൂമികൾക്കൂരുഭംഗമോ?
ഋക്കിൻ മാറ്റൊലി കേൾക്കുന്നിതൃഷ്യമൂകാചലങ്ങളിൽ!
മരണക്കയറിൻ തുമ്പത്തുപാസിക്കുന്ന ഭീരുതേ,
പരമജ്ഞാനകൈലാസം മൂകർന്നീടുക ശൂന്യതേ!
ഏഴിലമ്പാലതൻ വേരിലെലിവേട്ട നടക്കവേ
ഓവുചാലിലൊലിക്കുന്നു വാശിതന്നൊതളങ്ങകൾ.
ഓലപ്പീപ്പിയിലോങ്കാരം മുഴങ്ങീടും ത്രിസന്ധ്യയിൽ
കോടി ജീവപ്രാർത്ഥനതന്നല്ലിത്താമരമൊട്ടുകൾ!
അമ്മ നാവിൽപ്പുരട്ടുന്ന താമരത്തേനിലെസ്സുഖം
അറിഞ്ഞാശീർവ്വദിക്കാവൂ നാളത്തെസ്സാർവ്വലൗകികൻ
കപടാശ്രുക്കളിൽക്കാശി വിശ്വനാഥനൊലിക്കുകിൽ
ഖരന്നു ഖാദ്യമായ്ത്തീരും ഖഗോളത്തിനെ മീളുവാൻ
ഗാണ്ഡീവത്തെക്കുലയ്ക്കുന്ന ഗാമയല്ലാത്ത ഗാന്ധിജി
രാമമന്ത്രം തുളിച്ചപ്പോൾ പെയ്യുന്നു ശീതളാമൃതം.
എനിക്കർത്ഥം പറയുവാൻ പാടില്ലാത്ത പദാവലി
മനസ്സിലൂടെ മൂളുമ്പോൾ കോറുന്നൂ തൂവലിങ്ങനെ,
''അനാദിയായൊരജ്ഞേയപ്രചോദനപരിസ്രുതി,
അനന്തമായ കാലത്തിൻ പ്രവാഹപരിപൂർണ്ണത
അതല്ലീ താമരത്തേനിലെഴുന്നേല്ക്കും പ്രശാന്തത,
അതല്ലീ നിഖിലാത്മൈക്യരാഷ്ട്രത്തിൻ സുഖവൈഖരി?''

## വീണ്ടും തുഞ്ചൻപറമ്പിൽ

തെറ്റായിരിക്കാം, ശിരയായിരിക്കാം,
പറ്റീലെനിക്കൈഹികജീവിതത്തെ
എറ്റിത്തെറിപ്പിച്ചിടുവാനുഷസ്സിൻ

മുറ്റത്തു പുഷ്പങ്ങൾ ചിരിച്ചു നിൽക്കെ

മുറ്റിത്തഴയ്ക്കും പുതുപൂവിലാകെ-
പ്പറ്റിപ്പിടിക്കുന്നു വരപ്രസാദം,
ചെറ്റാപ്രസാദപ്പൊടി വീണ നെഞ്ചി-
ലിറ്റുന്നു സോത്സാഹപരാർഥവീര്യം.

പൂ വാടിവീഴ്കെക്കരയുന്ന ഞാനാ-
ജ്ജീവോത്സവത്തെ പ്രണമിച്ചുവെങ്കിൽ,
നാവിൽ പ്രകാശിച്ചിടുമീണമായ് ഞാൻ
നോവിൻ പ്രപഞ്ചത്തെ മുകർന്നുവെങ്കിൽ,

പൂവിന്റെ ദിവ്യപ്രഭസൗരഭത്തിൽ-
ത്താവിത്തുളുമ്പും മധുബിന്ദുപോലെ
ജീവന്റെ നെഞ്ചിൽക്കിനിയുന്ന പുണ്യ-
ഭാവത്തിൽ ഞാൻ വീണു മരിച്ചുവെങ്കിൽ,

അതത്ര വല്ലാത്തൊരു കുറ്റമല്ലെ-
ന്നറിഞ്ഞുകൊണ്ടാവണമിപ്പൊഴും നീ
ആചാര്യരേ, നിന്നനുവത്സരിക്കു-
ണ്ടയപ്പു സാനുഗ്രഹപത്ര,മല്ലി?

തെറ്റായിരിക്കാം, ശരിയായിരിക്കാം,
പറ്റീല പാരത്രികജീവിതത്തെ
പുറ്റിൽ ശ്വസിക്കുന്ന തപസ്സിലൂടെ-
ച്ചുറ്റിപ്പിടിക്കും സുഖമാസ്വദിക്കാൻ

ഗുരോ സിതാഭം സികതാസഹസ്രം
വിരിച്ച നിന്നദ്വയശാന്തിവായ്പിൽ
ഇരച്ചുവന്നിന്നു നമിപ്പു ശിഷ്യ-
പരമ്പരീണാതിപരമ്പരീണൻ.

വന്നൂ പലപ്പോഴുമിതിന്നുമുമ്പും,
നിന്നൂ തവോർജസ്സിലിറങ്ങി മുങ്ങി;
''ഒന്നേ ശരിക്കുള്ളു ജഗത്തി''ലെന്നു
ചൊന്നൂ ഭവാനെന്നൊടു നൂറുവട്ടം.

തീയിൽപ്പഴുത്തീടിന ലോഹദണ്ഡിൽ-
'ശ്ശീ'യെന്നു വറ്റും ജലബിന്ദുപോലെ
മായാമയം മർത്ത്യതയെന്ന ബോധം
സ്ഥായീഭവിപ്പിച്ചതു താങ്കളല്ലോ!

വ്രണത്തിൽ നൂലട്ടകണക്കെ വാഴ്‌വിൻ
ക്ഷണപ്രഭാകൃഷ്ടിയിലെന്മനസ്സും
ഇണങ്ങിനിന്നെങ്കിലുമപ്പഴപ്പോൾ-
പ്പിണങ്ങി നിൻ തീമൊഴിയുപ്പുതേയ്ക്കെ

ൗൗൗ

അതെൻ കിനാവുണ്ടു പുനർജനിച്ചി-
ട്ടതന്ദ്രമെൻ ചേതന മൂളിയപ്പോൾ
നിതാന്തമെൻ വാമൊഴി നിന്റെ പുണ്യ-
ചിതാംഘ്രിയിൽ ശ്രാദ്ധതിലാംബുവായി.

പാടുന്നു ഞാനിപ്പൊഴുമാസ്സുഖത്താൽ,
പാടുമ്പൊഴെൻ മുന്നിൽ വിടർത്തിടുന്നു
പാരത്രയും ത്വൽപദസംഗമത്താൽ

പാരത്രികാനന്ദമയസ്വരൂപം.

## വൃദ്ധസുന്ദരി

സുന്ദരിയായിരുന്ന നാൾ കാറ്റേറ്റു
ബന്തറിലൂടെ ഞാനുലാത്തീടവേ,
എത്രയോ യുവദൃഷ്ടികളാഴിയിൽ
തത്തിടും പരൽമീനുകൾ മാതിരി
വന്നു ദേഹത്തിൽ നീന്തിക്കളിക്കവേ
'ധന്യ ഞാ'നെന്നു കോൾമയിർക്കൊണ്ടുവോ
എന്തു ക്ഷുൽപിപാസാർത്തിയെന്നപ്പൊഴേ-
യ്ക്കന്തരംഗം വിയർത്തുകുളിച്ചിട്ടും?

ഇന്നു ഷോപ്പിങ്ങിനായി ഞാൻ സന്ധ്യയ്ക്കു
വന്നണഞ്ഞ തെരുവിലും – നാശമേ!
കണ്ണുകൾ, വെള്ളെഴുത്തു കയറിയ
കണ്ണുകളിലെ ക്ഷുൽപിപാസാർത്തികൾ,
ആയിരം ബൾബിലൊന്നിച്ചു കത്തിടു–
മാന്ധ്യം: ''ഓമന വൃദ്ധയായ്പ്പോയല്ലോ!''
പല്ലുപോയിജ്ജരാനരാഗ്രസ്തമാ–
യുള്ളൊരീ വിരൂപാക്ഷർതൻ ഗദ്ഗദം,
മൃത്യുവക്ത്രത്തിൽപ്പോലും ശമിക്കാത്ത
ഗൃദ്ധ്രബുദ്ധിതൻ നിസ്സഹായാക്രോശം.
അപ്പിനുള്ളിലെരിയുന്ന ഘോരമാ–
മഗ്നി കണ്ടു ഞാൻ ഞെട്ടിത്തെറിപ്പിതോ?

എന്തു ശല്യം! എൻ പേരക്കിടാവിന്നു
പന്തു വാങ്ങിത്തിരിച്ചു പോകട്ടെ ഞാൻ!

## ഒരു ചുംബനത്തിന്റെ ഓർമ്മ

താനിരിയ്ക്കുന്ന കൊമ്പിന്റെ കടവെട്ടുന്നു മൂഢത;

താഴത്തുനിന്നു ഞാൻ ചൊൽവൂ, ''നിർത്തുകീസ്സാഹസം സഖേ!''

പോറ്റമ്മ കവിളിൽ ചേർത്ത വാത്സല്യത്തിന്റെ മുദ്രകൾ
മായാപ്പരിസ്ഥിതിപ്രേമമായതോർപ്പേൻ പൊടുന്നനെ.

അമ്പലങ്ങളിലൊട്ടുക്കു തൊഴുതെത്തിയ ശൈശവം
ഉച്ചച്ചുടുവിയർപ്പാറാതിലയ്ക്കൽച്ചെന്നിരിയ്ക്കവേ

കണ്ടതെന്താണിലയുടെ യിടം പൊളി നിവർത്തവേ?
വലംപൊളിയിലുണ്ടുണ്ണിക്കൃഷ്ണനും ഗോപബാലരും.

നെയ്യിൽപ്പഴയരിച്ചോറാൽ കൃഷ്ണൻ നടുവിലുണ്ണിയായ്,
തയിർച്ചോറ്ററുളച്ചേലിലാനായർപ്പിള്ളർ ചുറ്റിലും!

''അമ്മേ, കൃഷ്ണൻ നടുക്കാവാൻ ശരിക്കെന്താണു കാരണം!''
ഉണ്ണും മകന്റെ ചോദ്യത്താൽ ചുരന്നൂ മാതൃസുസ്മിതം.

‘‘നെയ്യല്ലേ പാലിലെ സ്നേഹം തയിർ നെയ്യിന്റെ വസ്ത്രവും?
കൃഷ്ണൻ മരണമില്ലാത്തോരാക്കീലേ, ഗോപബാലരെ?

പ്രാതലൂണു കഴിഞ്ഞുണ്ണി തൊഴുത്തിൽപ്പോയ് പരുങ്ങവേ
ഇല്ല പുൽത്തൊട്ടിയിൽപ്പച്ചപ്പുല്ലിൻ നാമ്പെന്ന സങ്കടം!

കൊങ്ങണങ്കത്തികൊണ്ടുണ്ണി മുത്തങ്ങപ്പുല്ലറുക്കവേ
അതെന്തിനാണെന്നമ്മയ്ക്കു ശങ്ക! പുത്രന്റെയുത്തരം,

‘‘നമുക്കു പാൽ തരുന്നോരെ നമ്മൾ രക്ഷിച്ചിടേണ്ടയോ?
എനിയ്ക്കമ്മ തരുന്നില്ലേ മുത്തങ്ങപ്പൊടി നിത്യവും?’’

ഊഊഊ

പശുക്കൾക്കെന്നപോൽക്കാളകൾക്കും പുല്ലു കൊടുക്കവേ
ഇരിയ്ക്കണമ്മ ചോദിപ്പൂ, ‘‘കാളയും പാൽ ചുരത്തുമോ?’’

മറയും സൂര്യനൂതുന്ന മകരക്കാറ്റിടയ്ക്കിടെ
കൂമ്പാളക്കോണവാലുണ്ണിത്തുടയിന്മേലുരച്ചുവോ?

അറിഞ്ഞില്ലുണ്ണി ചോദ്യത്തിന്നുത്തരം കിട്ടിടായ്കയാൽ
കുറിയിട്ടു ജപിയ്ക്കാനായ് കുളത്തിൽ താണിടുംവരെ

പോറ്റമ്മ പുലർകാലത്തു തൊഴീയ്ക്കാൻ കൊണ്ടുപോകവേ
കലപ്പച്ചാലെടുക്കുന്നു വയലിൽപ്പല കാളകൾ

ഒക്കത്തിരുന്നുണ്ണി പെട്ടെന്നാലോചിച്ചാനുറക്കനെ,
‘‘നാളത്തെ നെൽപ്പാലിനിന്നു കാള വേർപ്പു ചുരത്തണം.’’

പോറ്റമ്മ കവിളത്തപ്പോൾ ചേർത്ത വാത്സല്യമുദ്രകൾ
മായാപ്പരിസ്ഥിതിജ്ഞാനമായതോർത്തിന്നു വിസ്മയം!

തെക്കേത്തൊടിയിലന്തിയ്ക്കു കാലങ്കോഴികൾ കൂകവേ
കുത്തിച്ചുടാൻ പറകയാലുറങ്ങാതെ വിറയ്ക്കിലും

കൂന്ന മുത്തശ്ശിതൻ കോലു വിളക്കൊളി പരക്കയാൽ
പുറത്തളത്തിൽത്തെരിക പടംപൊക്കിയ വേളയിൽ

വടിയും കുന്തവും കമ്പിറാന്തലും വന്ന മാത്രയിൽ
ഉറക്കക്കൺ തിരുമ്മിക്കൊണ്ടുറക്കെക്കേണുപോയവൻ,

‘‘പറയൂ പറയൂ വേഗമച്ഛാ, കൊല്ലേണ്ട പാമ്പിനെ,’’
ചോദിച്ചൂ വാലിയക്കാരൻ, ‘‘പാമ്പും പാലു ചുരത്തുമോ?’’

തുടുത്ത പന്തുമായ് പ്പശ്ചിമാംബരം നോക്കിനിൽക്കവേ,
മുറ്റത്തയൽക്കാരൊത്തുണ്ണി തലപ്പന്തുകളിയ്ക്കവേ,

ചങ്ങാതിതൻ ചെവികളിൽ തുളിപ്പു ജ്ഞാനകൗതുകം
‘വിരിഞ്ഞ പാമ്പിൻകുട്ടിയ്ക്കു പാലു കിട്ടുന്നതെങ്ങനെ’’?

മാവിൽ,ത്തള കിലുക്കാതെയാദ്യം കേറിയ വേനലിൽ
ശർക്കരക്കുടമാങ്ങാച്ചേറുടലിൽക്കൂടൊലിയ്ക്കവേ.

ഇമവെട്ടാക്കണ്ണിലൂടെയരിച്ചൂ മണ്ണിൽ വിസ്മയം
അണപൊട്ടും വിസ്മയത്തിൽത്തരിപ്പൂ നിമിഷം, യുഗം

പാമ്പു കണ്ടൂ പശുവിനെ, പ്പശു കണ്ടില്ല പാമ്പിനെ,
കുളമ്പിൽത്തട്ടാതിരിപ്പൂ പുളയും ശാന്തഭീഷണി

ഊഊഊ

പുളിവെട്ടാൻ ചുമൽവരെ ക്കൊമ്പൻമീശയുമായ് മഴു
വന്നെത്തിയ വിഭാതത്തിൽ നെഞ്ചു പൊട്ടിത്തെറിയ്ക്കയായ്

‘‘പുളിയില്ലെങ്കിൽ നക്ഷത്രം നോക്കാനാവില്ലെനിയ്ക്കിനി;

നാളെത്തൊട്ടിനി ഞാനച്ഛാ, നാളക്കം വെയ്ക്കുമെങ്ങനെ?''

പോറ്റമ്മ കവിളിൽച്ചേർത്ത വാത്സല്യത്തിന്റെ മുദ്രകൾ
മായാപ്പരിസ്ഥിതിപ്രേമമായതോർമ്മിച്ച വേളയിൽ

ഇന്നണുസ്ഫോടനാശങ്ക മൃത്യുവിന്റെ വരാന്തയിൽ
നിന്നുകൊണ്ടു വിറക്കൊള്ളും നിസ്നേഹനിമിഷങ്ങളിൽ

താനിരിക്കുന്ന കൊമ്പിന്റെ കടവെട്ടുന്ന മാന്യതേ,
താഴത്തുനിന്നാക്രോശിപ്പേൻ, ''നിർത്തുകീയാത്മഹത്യ നീ.''

# ചിത്രഭാനു ഒരു പഴമ്പുരാണം

മാർക്കണ്ഡേയൻ കുതിച്ചണകെ

മാർഗ്ഗവിഘ്നം വരാതിരിക്കാൻ
അർദ്ധകായം പിളർന്നു നിന്നോ-
രശ്വത്ഥത്തിൻ ചുവട്ടിലൂടെ
തൃപ്രങ്ങോട്ടുമതിലകത്തെ
തൃത്താവിന്റെ മണത്തിൽ മുങ്ങി
ആയിരങ്ങളുപവസിയ്ക്കെ
വായു കാതിൽപ്പറഞ്ഞിടുന്നു:
അല്പാഹന്തതൻ യുക്തി ദൈവ-
കല്പനയെപ്പഴിക്കും മുമ്പേ
ഭക്തർതൻ സഹസ്രാരപത്മ-
മുക്തിസൗരഭസാന്ദ്രതയിൽ
ഒറ്റയ്ക്കായിരം വത്സരം വെൺ-
കൊറ്റക്കീഴിലിണക്കി നിർത്തി
ജംബൂദ്വീപിനെ സൂര്യവംശ-
ഗംഭീരാശയൻ ചിത്രഭാനു.

അദ്ദേഹത്തിൻ യശോവിലാസ-
മാദിത്യോദയകാന്തിപോലെ
നാളിൽ നാളിൽ പ്രജകളിലേ-
യ്ക്കാവാഹിച്ചു ചടുലഭാവം.

പെട്ടെന്നാരോ നിറുകയിങ്കൽ
കെട്ടിവെച്ച ജടയുമായി
ചീരവസ്ത്രമുടുത്തു മാന്തോ-
ലേറാപ്പും ജലപാത്രവുമായ്
ഭക്തിതൻ മൂർത്തരൂപമായും
ഭസ്മമഗ്നനായ് വന്നു ചേർന്നു

അർഘ്യപാദ്യങ്ങളാലതിഥി
സൽക്കൃതനായ് പ്രസന്നനായി.
ആലവട്ടത്താൽ ചാമരത്താൽ
ശ്രീലമായ സിംഹാസനത്തിൽ
ആവസിയ്ക്കും മഹർഷിയോട-
ന്നാദരാഞ്ജലീബദ്ധനായി
ആരാഞ്ഞീടുകയാണു മന്ദ-
സ്മേരദർശനൻ ചിത്രഭാനു,
''ഏതു പാദപങ്കേരുഹത്താൽ

പൂതമിന്നെന്റെ രാജധാനി?''

''അഷ്ടാവക്രമഹർഷിതൻ പേ–
രങ്ങയും പക്ഷേ കേട്ടിരിക്കാം''
എന്നു കേൾക്കെ മഹർഷിപാദ–
സ്വർണത്താമരപ്പൂക്കൾ രണ്ടും
തൊട്ടു വന്ദിപ്പതിന്നു മണ്ണിൽ
അഷ്ടാംഗത്തോടെ വീണു ഭൂപൻ

അഷ്ടാവക്രനദമ്യഹർഷ–
പുഷ്ടൻ മെല്ലെ മൊഴികയായി,
''മാതൃകാപരഭൂപതേ, നിൻ
ദാതൃമുഖ്യപ്രശസ്തിമൂലം
വന്നു നേരിട്ടു കാണുവാനി–
ന്നെന്നേയുള്ളു: ശുഭം ഭവതു!''

പിമ്പാ രാജസദസ്സിൽ മീശ–
ക്കൊമ്പന്മാരായ മന്ത്രിമാരെ
വേറെ വേറെ പരിചയപ്പെ–
ട്ടേറെ മോദാലനുഗ്രഹിപ്പാൻ
മന്ദമന്ദമൂലാത്തിടുമ്പോൾ
മന്നനോടാ മഹർഷി ചൊല്ലി,
''ഒന്നു മാത്രം ധരിയ്ക്ക, പൂർവ്വ–
പുണ്യമുള്ളവനാണു താങ്കൾ;
അല്ലെന്നാകിലുണ്ടാക വയ്യീ
ഫുല്ല സാർവഭൗമപ്രഭാവം!''
''ഒന്നുകൂടി വിശദമാക്കി–
ത്തന്നാലും ഭവദാശയം മേ,''
എന്നു ചൊല്ലിത്തൊഴുതു നിൽക്കും
ധന്യനോടു മഹർഷി ചൊല്ലീ,
ഭൂതകാലതിരസ്കരണി
വേധിയ്ക്കുന്ന മിഴികളോടെ:
''പ്രത്യന്താഭിധകാനനത്തിൽ
അത്യന്തം ക്ഷുൽപിപാസുവായി
വായുവേഗത്തിൽ സഞ്ചരിച്ചു
പോയ ജന്മത്തിൽ നീ നിഷാദൻ.

ഘോരകാന്താരഹൃത്തിൽ വെച്ചു
സൂര്യബിംബം മറഞ്ഞതോർക്കെ,
സിംഹവ്യാഘ്രാദിജന്മികൾതൻ
സംഹാരോൽക്കസ്വരങ്ങൾ കേൾക്കെ,
കാലടിക്കീഴിൽക്കണ്ട പാമ്പിൻ
മാളമുള്ളിൽത്തുറിച്ചുനിൽക്കെ,
കണ്ണടയാതൊരു മരത്തിൻ
കൗളിയിൽച്ചാഞ്ഞിരുന്നുപോയ് നീ.

കീഴേ പാഞ്ഞൂ കുറുക്കനാവാം,
കേഴയാവാം, വരാഹമാവാം,
ആരറിവൂ? ചകിതനായ് നീ
കൂരിരുട്ടിൽത്തണുത്തുറഞ്ഞു,
അർക്കൻ വീണ്ടുമുദിക്കുവോള–
മാത്മജ്ഞാനം ജ്വലിക്കുവോളം

പിന്നെത്താഴത്തിറങ്ങിനിന്നി–
ട്ടൊന്നു കോട്ടുവാ വിട്ടശേഷം,
അമ്പും വില്ലും ചുമലിൽ, നേത്ര–
ത്തുമ്പിൽത്തൂക്കം, തളർച്ച കാലിൽ,
ഭാണ്ഡക്കെട്ടിലുരുക്കളുമായ്
ഭാര്യാസന്നിധി പൂകിനാൻ നീ.

വത്സരങ്ങളുരുണ്ടുകേറീ
വാർദ്ധകത്തിൻ മലമുടിയിൽ
വ്യാധിപീഡിതനായ നിന്നെ
തേടിവന്നു യമഭടന്മാർ

ശയ്യാഗാരത്തിലേക്കുടനാ
വയ്യാവേലികൾ കാലണയ്ക്കെ
ഏതോ കൈകൾ തടഞ്ഞു നിർത്തീ;
രോധവാങ്മയമുൽഗളിച്ചു,

'ശൈവഭൂതങ്ങൾ ഞങ്ങൾ; നിങ്ങൾ
കൈവെയ്ക്കൊല്ലീ വയോധികനിൽ'.

'പാപമല്ലയോ ജന്തുഹിംസ?
പാപിയല്ലീ നിഷാദനെന്നോ'?
'പാപത്തിന്റെ കണക്കു ശൈവ–
പാദത്തിൽ ചെന്നു കെട്ടഴിയ്ക്കാം.'

വാർദ്ധകക്ലിഷ്ടനപ്പൊഴേക്കു–
മൂർദ്ധൻ മൂന്നും വലിച്ചു താങ്കൾ
പിന്നെ ബ്ഭൂതഗണത്തൊടൊത്തു
ചെന്നു നീ ശിവസന്നിധിയിൽ.

വിഭ്രമിച്ചു പിൻവാങ്ങിനിന്നാ–
രൊപ്പം വന്ന യമഭടന്മാർ.

നിന്നെക്കണ്ട ഞൊടിയിലീശൻ
കണ്ണു മൂന്നുമടച്ചിരുന്നു,
മാത്രകൾതൻ പ്രസന്നത വ–
ന്നാത്തമോദമിമ തുറന്നു.

പിന്നെക്കാരുണ്യവാരിധിതൻ
പുണ്യഭാഷണം കേൾക്കയായ് നീ,
''കാനനത്തിലെക്കൂവളത്തിൽ
വാണൂ നീ ശിവരാത്രിയിങ്കൽ
ആഹരിക്കാതുറങ്ങിടാതെ
ദേഹാഹങ്കാരമേശിടാതെ.
ചീറും ഹിംസ്രമൃഗാവലിയെ
ദൂരെപ്പോക്കാനിടയ്ക്കിടെ നീ
വില്വപത്രമിറുത്തെറിഞ്ഞ–
തെല്ലാമെന്റെ ശിരസ്സിൽ വീണു,
താഴത്തെശ്ശിവലിംഗഹൃത്തിൽ
വാഴുന്നുണ്ടായിരുന്നെടോ ഞാൻ
നീയറിയാതെ ചെയ്ത പുണ്യം
നിന്നെത്തേടി വരുന്നിതിപ്പോൾ
പാപമുക്തനായ് വാഴ്ക ജംബൂ–
ദ്വീപമായിരം വത്സരം നീ.''

അഷ്ടാവക്രൻ കഥ പറഞ്ഞു
നെറ്റിവേർപ്പു തുടച്ചിടുമ്പോൾ
ഒന്നുകൂടി മഹർഷിപാദ–
സ്വർണ്ണത്താമരപ്പൂക്കൾ രണ്ടും
തൊട്ടു വന്ദിപ്പതിന്നു മണ്ണി–
ലഷ്ടാംഗത്തോടെ വീണു ഭൂപൻ.

ശബ്ദിച്ചീടാതനങ്ങിടാതെ
സ്തബ്ധരാജസദസ്സിരുന്നു.
ആരാമത്തിലടർന്നു വീഴും
താരിതളുകളെന്നപോലെ
ഇറ്റുവീഴുന്ന മാത്രകളിൽ
പറ്റിനിന്നു 'നമശ്ശിവായ'.
ക്ഷീരസാഗരതീരഭൂവിൽ
കാളകൂടം വിഴുങ്ങിവീണു,
ചാരമാവരുതൂഴിയെന്ന
കാരുണിയിതു പണ്ടൊരിക്കൽ.

സ്തുത്യമെന്തുണ്ടിതിലുപരി
പ്രത്യന്താഭിധ കാനനത്തിൽ?
നിത്യമെന്തുണ്ടിതിലുപരി
പ്രത്യക്ഷാസ്തിത്വഭൂമികയിൽ?

അർദ്ധകായം പിളർന്നുനിന്നോ–
രശ്വത്ഥത്തിൻ വിടവിലൂടെ
എത്തിനോക്കും നഭസ്സുടനെ
ഭസ്മം പൂശുന്നു മെയ്യിലാകെ!

## അക്ഷരജ്ഞാനം

''നൂറു ശതമാനമിന്നക്ഷരജ്ഞാനി
കേരളം,'' എന്നു യുനെസ്കോ.
കുപ്പിക്കഷണം തറച്ചതന്നീപ്പത്ര–
വില്പനക്കാരന്റെ കാലിൽ
''ശുദ്ധജലം ധാര ചെയ്യുക,''കാലിലെ
ശുഷ്കാന്തി വിങ്ങിക്കടഞ്ഞു,
മുട്ടോളം വെള്ളത്തിൽ മൂക്കുചീറ്റി, കുടി–
മുട്ടിയ പൈപ്പുകൾ പക്ഷേ.
പല്ലു തേക്കാതെ മുഖം കഴുകാതെയും
വല്ലാതെ നിൽപ്പൂ പ്രഭാതം,
കഷ്ടിച്ചൊരു മഴ പെയ്തതേയുള്ളു, രാ–
പ്പട്ടണം, വെള്ളത്തിൽ മുങ്ങീ.
പീഡിതം പട്ടണം പൊക്കിപ്പിടിക്കുവാൻ
പീഡബ്ലിയുഡിക്കസാധ്യം!

ഡോക്ടർ തൻ വീട്ടിലേക്കാകിലും പായുകി–
ല്ലോട്ടോ ജലപ്പരപ്പിന്മേൽ.
പൊങ്ങുന്ന നീറ്റിലക്കൗമാരബാഷ്പങ്ങൾ
പൊങ്ങുതടിയായുരുണ്ടു.
ചോരയൊലിക്കുന്ന കാലിൻ കടച്ചിലും

പേറിയാക്കണ്ണുനീരെത്തീ
നാട്ടിൻപുറത്തുള്ള വീട്ടിൻ പുറകിലെ–
ച്ചാത്തന്റെ കോവിലിലോളം.
മണ്ടും മനസ്സിൻ പുറകിൽക്കിതയ്ക്കുന്ന
നൊണ്ടി വീടെത്തിടും മുമ്പേ
അന്തി കറുത്തു, കാൽ തുമ്പിക്കൈ വണ്ണത്തിൽ
നൊന്തു ചുളുചുളെക്കുത്തി.

തൊട്ട വീട്ടിൽപ്പാർപ്പുറപ്പിച്ച ഡോക്ടറെ–
പ്പെട്ടെന്നു വീട്ടുകാരോർത്തു
കട്ടിലിൽസ്സദ്യയായ്ക്കുട്ടന്നു കാലിലെ–
ക്കെട്ടഴിയും വരെപ്പിന്നെ.
''കുട്ടനെക്കാണാതെയായ നാൾ കുട്ടന്റെ
കട്ടിലും നോക്കിക്കരഞ്ഞു
അച്ഛനുമമ്മയും രാപ്പകൽ'', എന്നമ്മ;
അച്ഛനുടനെ നിവർത്തി
പട്ടണം പൂകിയ പൊന്നുമോൻ തപ്പാലി–
ലിട്ട കത്തെ,ന്നിട്ടു ചൊൽവൂ.
''കാട്ടിൽപ്പശുവിനെത്തീറ്റുമ്പോളൊക്കെ ഞാൻ
കണ്ണടവെച്ചിതു നോക്കീ.''

കോലായിൽപ്പോക്കുവെയ്‌ലേറ്റിരുന്നുംകൊണ്ടു
കാലിലെപ്പൊറ്റൻ പറിക്കെ
കാലിലുണങ്ങിത്തുടങ്ങിയ സങ്കടം
കരളിൽപ്പടർന്നു പിടിച്ചു.
എത്രയായ് വീട്ടുതടങ്ങൽദ്ദിനങ്ങളെ–
ന്നെണ്ണീ കലണ്ടറിൽപ്പയ്യൻ.
''പിക്ച്ചർ കണ്ടിട്ടെത്ര കാലമായി!'' വെറും
നിശ്വാസമായവൻ മേവി.
പട്ടണം പോലെ ഹരംപിടിപ്പിക്കുന്ന
വട്ടങ്ങളെന്തുള്ളു നാട്ടിൽ?
വിഡ്ഢികൾ ചിന്തിച്ചിടുന്നതേയില്ല ലോഡ്–
ഷെഡ്ഡിങ്ങിനെക്കുറിച്ചൊന്നും!

കട്ടുകൊണ്ടുള്ള കട്ടാണേറെ, മണ്ണെണ്ണ
കിട്ടുന്നതോ ദുബായ് റേറ്റിൽ;
ഫോണിൽക്കരകര; പ്രൈവറ്റ് വെഹിക്കിളി–
ലാണു തപ്പാൽ വരവെന്നും.
ഒന്നരാടൻ ടയർപ്പഞ്ചറു കാരണം
ഒന്നരാടൻ തപാലെത്തും.
കമ്പിയാപ്പീസുമുണ്ടെന്നാണു വെപ്പ്,തിൽ
കമ്പിയടിക്കുവാൻ ചെന്നാൽ
ഹാൻഡില്ല, കമ്പിയടിക്കേണ്ട കക്ഷിയെ
മൈൻഡു ചെയ്യാനില്ലൊരാളും.
ഇന്നലത്തെക്കമ്പിയിങ്ങോട്ടു കിട്ടുന്ന–
തിന്നത്തെത്തപ്പാലിലാവും.
''നൂറുശതമാനമിന്നക്ഷരജ്ഞാനി
കേരളം'' എന്നു യൂനെസ്കോ.
പത്തിൽ ജയിക്കാൻ കഴിയാത്ത പയ്യനെ–
ന്തുദ്യോഗമെന്നവൻ തേങ്ങി.
അമ്മയുണ്ടച്ഛനും, ഊണുണ്ടുടുക്കുവാൻ
മൽമലും, കാലുറയുണ്ടോ?

ഇസ്തിരിവെച്ച ഷർട്ടുണ്ടോ? സിഗററ്റു–
ലൈറ്ററും സൈക്കിളുമുണ്ടോ?
'ഇത്തിരിപ്പോറം' കൃഷികൊണ്ടു സാധിക്കും
ചത്തു ജീവിക്കുവാൻ മാത്രം!

തത്തുന്നു തോളിലച്ഛന്റെ കൈ, ''വീട്ടുമു–
റ്റത്തുള്ള പുല്ലു പറിച്ചോ!''
അച്ഛനെത്താങ്ങുവാനമ്മയും, ''നാലു പുൽ
പ്പച്ച പയ്യിന്നു കൊടുത്തോ!''
''ഫാഷനിൽ ഷൂസിട്ടിരുന്നെങ്കിൽക്കാലിനി–
ദ്ദോഷം വരില്ലായിരുന്നു,''
ചുണ്ടത്തിടിച്ചുവാക്കെങ്കിലും പെട്ടെന്നു
മിണ്ടിയില്ലീശ്വരാധീനം!
പത്രങ്ങൾ വിൽക്കുവാനാകിലും വേണ്ടില്ല
പട്ടണം പൂകിയേ പറ്റൂ.

കീലിട്ട റോട്ടിൽ മലർന്നു കിടക്കുന്ന
കാലിച്ചെറുക്കനെ നോക്കി
അന്തിമങ്ങൂഴത്തിൽ മിന്നും കലുങ്കില–
ച്ചിന്താവിവശനിരിക്കെ
സഞ്ചിയും തൂക്കിനടന്നെത്തിടും നൂറു
പുഞ്ചിരി പിന്നിലൊളിക്കെ
ചന്തയിൽച്ചായക്കടയിൽക്കറങ്ങുന്ന
ചങ്ങാതിമാർതൻ കമന്റോ?
''കൈക്കോട്ടു കണ്ടാൽ പനിയാണു ചെക്കനു,''
''കൈലിയേ ചുറ്റി നടക്കൂ.''
''ഹോട്ടലിൽച്ചോറുണ്ടു പീടികത്തിണ്ണയിൽ–
ക്കോട്ടുവാവിട്ടു കിടത്തം.''
''ഫോണിൽത്തമാശ വീരസ്യം ചിരികളി,''
''ഫാനിട്ടിരുന്നു മയക്കം,''
''അർപ്പിക്കണം സിഗററ്റെരിച്ചാരതി–
യെപ്പൊഴും ടീവിക്കു മുമ്പിൽ''.
താടിക്കു കുത്തിയ കൈയെടുത്തിട്ടവൻ
ചൂടുള്ള കണ്ണീർ തുടച്ചു
അപ്പൊഴേക്കും ശംഖനാദമുയർന്നു വ–
ന്നന്ധകാരത്തെപ്പൊതിഞ്ഞു.
''ശരണമയ്യപ്പ!'' നിരത്തിലൂടെപ്പമ്പ
തിരമാല ചിന്തിപ്പറന്നു.
ചോരക്കുഴലിനുന്മേഷം; ചിറയിൽച്ചെ–
ന്നാറാടിയാലെന്തു ദോഷം?
പതിനെട്ടു പടിയും ചവുട്ടിക്കയറുമീ
പതിനെട്ടുകാരനീ വർഷം!

ചിറയിൽക്കുളിച്ചവൻ ചാത്തന്റെ കോവിലിൽ–
ശ്ശരണം വിളിക്കാനിരിക്കെ
അമ്പരക്കുന്നു കരിങ്കൽത്തളിമത്തിൽ–
ച്ചമ്പ്രം പടിഞ്ഞ യുവത്വം
പൽവെളിപാടുകളഭിനന്ദനത്തിന്റെ
കൽവെളിച്ചങ്ങളെപ്പോലെ!
ആയിരം ബൾബിട്ട പട്ടണത്തേക്കാളു–
മാത്മീയഹർഷം പകർന്നു
നൂറുനൂറ്റമ്പതു കൽവെളിച്ചങ്ങളിൽ

നീറിത്തുളുമ്പിടും സ്വർണ്ണം.
കർപ്പൂരത്തട്ടിൽക്കണിക്കൊന്ന പൂക്കുമ്പോൾ
കൺപോളയ്ക്കുള്ളിൽ ക്കുളിർമ.
ചന്ദനത്തിരികളിൽ മുക്കുറ്റി വിരിയുമ്പോ–
ളന്തരീക്ഷത്തിനും ബാല്യം.

പിറ്റേന്നുഷസ്സിലലാറമില്ലാതവൻ
മറ്റൊരാളെപ്പോലുണർന്നു,
കുളികുറി തീർന്നു, കറുപ്പുടുത്തിമകൂട്ടി–
ത്തുളസിക്കുരുമാലയിട്ടു,
ചെറുവയസ്സിൽക്കേട്ട മന്ത്രമെത്തീ നാവി–
ലരവണപ്പായസംപോലെ:
''ഭൂതനാഥ, സദാനന്ദ,
സർവ്വഭൂതദയാപര,
രക്ഷരക്ഷ മഹാബാഹോ,
ശാസ്ത്രേ, തുഭ്യം നമോനമഃ''
ഐമ്പൊരുളപ്പാ, ദയാപര, ഞാനുമി–
ന്നനുഭവിപ്പൂ സദാനന്ദം!
സർവ്വഭൂതത്തിലും തുള്ളിത്തുളുമ്പുന്നു
ഗർവറ്റ നീ ഭൂതനാഥാ!
അതിദൂരെ മരുവിയോരെന്നിലോളം നീണ്ടി–
തവിടുത്തതൻ മഹാബാഹു.
അക്ഷരബ്രഹ്മശാസ്താവേ, ഭവാനെന്നെ
രക്ഷിച്ചതെന്തൊരാശ്വാസം!

മലചവുട്ടിത്തിരിച്ചെത്തിയ ചെക്കനാ
മണ്ഡലക്കാലത്തുതന്നെ
കോവിൽപ്പടിക്കലതുവരെക്കാണാത്ത
ചായമക്കാനി തുറന്നു
''അക്ഷരബ്രഹ്മമേ, നീയെൻ കിടാത്തനെ
രക്ഷിച്ചു,'' വെന്നുടനച്ഛൻ.
''നൂറു ശതമാനമിന്നക്ഷരജ്ഞാനി
കേരള,''മെന്നുടനമ്മ!

# കൂശ്മാണ്ഡരസായനം

''നാറാണത്തെബ്ഭ്രാന്തു പണ്ടു കല്ലുരുട്ടിയ പൊന്മല
ഇതാണത്രേ കൊടിക്കുന്നെ''ന്നോർത്തുപോയൊരു യാത്രികൻ.
''അതൊക്കെക്കെട്ടുകഥയെ'' ന്നോതുന്ന സഹയാത്രികൻ
വാഹനത്തിന്റെ ഹോറൻ കേട്ടുത്തമാംഗമുയർത്തവേ
തൊണ്ടിയോടെപ്പിടിക്കപ്പെട്ടൊരു കള്ളൻ വരുന്നിതാ,
പൊലീസ് വാനിന്നരികിലേയ്ക്കോടിക്കൂടുന്നു നാട്ടുകാർ!
ഊഊഊ
കള്ളനാരെന്നറിഞ്ഞപ്പോൾ നാട്ടുകാർക്കൊക്കെ വിസ്മയം;
ചോദിക്കാതെയിരിക്കുന്ന തെമ്മെട്ടിലവർ സംശയം?
''അന്തിയാവുന്നതുവരെക്കൈക്കോട്ടാഞ്ഞു കിളപ്പവൻ
നീയെന്തിനന്തിയ്ക്കാരാന്റെ പുര കുത്തിത്തുരക്കണം?''
കള്ളൻ പറഞ്ഞു, ''മാളോരേ, ഞായറാഴ്ചകളിൽ സ്വതേ
വീട്ടിൽത്തന്നെയിരിക്കും ഞാൻ തണ്ടെല്ലൊന്നു നിവർത്തുവാൻ.''

‘‘ഇരുന്നോ!‘‘ ജനമാർക്കുന്നു, ‘‘രാത്രിഞ്ചരത നിർത്തണം;’’
കള്ളനും, ‘‘നിർത്തുവാൻ തന്നെയുള്ളിലെന്റെയുമാഗ്രഹം.’’
‘‘പിന്നെയും നീയൊന്നുറങ്ങിസ്വപ്നം കണ്ടെഴുനേൽക്കുവാൻ
ആരാന്റെ ഭവനം ഭേദിക്കാനുമെന്താണു കാരണം?’’
‘‘വരും ഞായറ്റുക്കിഴമൈയിലേ യാചകരപ്പടി;
ഒന്നും കൊടുക്കാതെയിരിപ്പുറച്ചീടുന്നതെങ്ങനെ?
എന്നിട്ടും ഞാനീ വഴിക്കുതിരിഞ്ഞിട്ടില്ലിതേവരെ;
ഉണർന്നതിപ്പൊഴാണെന്നിൽ രഘുവിൻ ദാനവീരത!’’
ജയഭേരിയടിക്കുന്നു രണ്ടു കണ്ണും മിഴിച്ചവൻ
പൊലീസുകാരെയും നോക്കാലുഴിയുന്നു ജനത്തെയും.
ഒടുവിൽപ്പോലീസുകാരൻ ബയണറ്റു കുലുക്കവേ
‘‘തെളിച്ചു പറ നീ കാര്യ–’’ മെന്നു കൺകളുരുട്ടവേ
ചിരിച്ചുകൊണ്ടു നിൽക്കുന്ന കള്ളൻ മൃദുലഭാഷണൻ
വിവരിച്ചുകൊടുക്കുന്നു പൊലീസിന്നും ജനത്തിനും
‘‘രശീതിപ്പുസ്തകവുമായ് വരുന്നു നൂറു കക്ഷികൾ
സംഭാവനയ്ക്കെ,ന്തവർക്കു കൊടുത്തു തടിയൂരണം?
കുളിച്ചു പൗഡറും പൂശിട്ടെറലീനിട്ടു മാന്യരായ്
വരുന്നവർക്കൊക്കെയെന്തു കൊടുക്കും! പത്തുപൈസയോ?
അഞ്ചും പത്തും രൂപ കൊടുത്തെന്തായെൻ വീട്ടിലെ സ്ഥിതി?
നിങ്ങൾക്കുമില്ലേ ഹൃദയം, ഭാര്യയും, പിഞ്ചുമക്കളും?
അന്തിയോളം കിളച്ചാലുമരി വാങ്ങി മടങ്ങവേ
കീശയിൽബ്ബാക്കിയാവുന്നതഞ്ചും പത്തുമുറുപ്പിക!
ആറുപത്തെത്ര? എന്താർക്കും കണക്കറികയില്ലയോ?
അരിമാത്രംകൊണ്ടു വീടു പുലരില്ലെന്നുമോർക്കണം!’’

ജനം മിണ്ടീലാ ഭരതവാക്യം പൊലീസുരയ്ക്കവേ,
‘‘വിട്ടയയ്ക്കാമിത്തവണ; വിഡ്ഢിക്കൂശ്മാണ്ഡമാണിവൻ.’’
പൊലീസ് വാൻ പോയ വഴിയിൽ പൊടി തൂളിച്ചു നിൽക്കവേ
ജനം നീങ്ങീ വന്ന വഴി, കള്ളൻ മന്ത്രിച്ചു സസ്മിതം,
‘‘നാറാണഭ്രാന്തനെക്കെട്ടുകഥയാക്കിയ ബുദ്ധിമാൻ
എന്നെയും കെട്ടുകഥയായ് ത്തള്ളുമെന്നതു നിശ്ചയം.’’

# ക്ഷിപ്രവാർദ്ധക്യം

എനിക്കെന്നും പതിനാറായിരിക്കണ,മതിനാൽ ഞാ–
നെനിക്കു വാർദ്ധക്യം വരാൻ സമ്മതിക്കില്ല
കാലത്തെഴുന്നേറ്റു പല്ലുതേച്ചശേഷമാസനങ്ങൾ
ശീലിയ്ക്കും പതിവിനിയും ഞാൻ നിലനിർത്തും
എണ്ണതേച്ചുഴിഞ്ഞു പേശിബലം വളർത്തും ഞാനെന്നും;
രണ്ടു നേരം കുളത്തിൽപ്പോയ് മുങ്ങിക്കുളിക്കും
സുഗന്ധലേപനങ്ങളാൽ ചൂർണങ്ങളാൽ ചർമ്മമെന്നും
സുരക്ഷിതമാക്കിവെയ്ക്കാൻ മനസ്സിരുത്തും
കണ്ണെഴുതിപ്പൊട്ടുകുത്തിയലക്കിയതുടുത്തു ഞാൻ
കണ്ണാടിയിൽ നോക്കിത്തലമുടി മിനുക്കും
വെളുത്തുപോകുന്ന രോമം കറുപ്പിക്കും, അതിനുള്ള
ചുളുക്കുവിദ്യകളെല്ലാമെനിക്കറിയാം.

പ്രാതലായിട്ടൊരു കോപ്പ കുങ്കുമപ്പാൽ കുടിച്ച ഞാൻ

വാതിൽ തുറന്നുമ്മറത്തു പത്രം വായിക്കെ
ഉദിച്ചിട്ടേയുള്ളു സൂര്യൻ, പടിതുറക്കുന്ന വൃദ്ധ–
നുറക്കനെച്ചൊൽവൂ 'ധർമ്മം തരണേ' യെന്നോ!
എല്ലിലൊട്ടിപ്പിടിക്കുന്ന ചുളിവീണ തൊലിയുള്ള
പല്ലുപോയ കിഴവൻ കൂന്നടുത്തുവന്നു.
കിണറ്റിൽനിന്നെത്തിനോക്കുമവന്റെ ദൃഷ്ടികളിൽ ഞാൻ
ക്ഷണപ്രഭമെന്റെ ബാല്യസ്മരണ കണ്ടു.
തകരപ്പാത്രവുമായിട്ടരനൂറ്റാണ്ടലഞ്ഞിട്ടും
തളർന്നിട്ടില്ലവനിലെജ്ജീവനൗൽസുക്യം!
അന്നത്തെപ്പോൽ നാറിയതും കീറിയതും കൊണ്ടുതന്നെ–
യിന്നും നാണം മറയ്ക്കുവാനവൻ ശ്രമിപ്പൂ!
എന്തോ കൊടുത്തവനെ ഞാൻ തിരിച്ചയയ്ക്കുമ്പോഴേയ്ക്കെൻ
ചിന്തയുടെ കടുന്നൽക്കൂടിളകിടുന്നു!

കണ്ടാലഴകുള്ള യുവാവായിരുന്നു യാചകനായ്
പണ്ടിജ്ജീവനെന്റെ മുമ്പിൽ വരുമ്പൊഴൊക്കെ
അന്നവനെദ്ദർശനീയസുന്ദരനെപ്പലവട്ടം
നിർന്നിമേഷാക്ഷൻ ഞാൻ നോക്കിയിരുന്നതല്ലോ!
ആരെന്തൊക്കെത്തൊഴിലിലേക്കാകർഷിക്കാൻ ശ്രമിച്ചിട്ടും
ദാരിദ്ര്യപീഡിതനവൻ വഴങ്ങിയില്ല
ഇന്നുമുപബോധയവനികയിലാ ഹൃദ്യരൂപം
മിന്നിക്കളിക്കുമ്പോളൊരു പുളകവായ്പോ!
നാളെയതു മാഞ്ഞുപോയിട്ടിപ്പോഴത്തെ വിരൂപക–
ങ്കാളരൂപമായിരിക്കുമോർപ്പതെന്നോർക്കെ
ദുഃഖിതനായ് കുൽസിതനായ് കുപ്തനായ് ഞാൻ നശ്വരതാ–
ദുസ്സഹാഗ്നിജ്വാലകളിൽ പിടയുകയോ?
അലയുമീയഗതികൾക്കരമറയ്ക്കുവാൻ വസ്ത്രം
അരവയറന്നം നിദ്രയ്ക്കഭയകേന്ദ്രം
അതൊക്കെയുണ്ടാകുവോളം ഭാരതസ്വാതന്ത്ര്യശബ്ദ–
മഴകുരാവണന്റെ മൂക്കണിയുമുണ്ട!

പത്തുമണി കഴിഞ്ഞു ഞാൻ കുപ്പായമിട്ടിറങ്ങുന്നു
പക്കത്തെ ബസ്സ്റ്റോപ്പിൽച്ചെന്നു പരുങ്ങിനിൽപ്പൂ
ബസ്സിൽച്ചെന്നു കയറുമ്പോളെവിടെനിന്നാവോ വന്നാ
ബസ്സിൽത്തന്നെ കയറുന്നു യാചകവൃദ്ധൻ.
രണ്ടു പേർക്കിരിക്കാൻ സീറ്റു കണ്ടുപിടിച്ചുരചെയ്‌വൂ
കണ്ടക്ടരോടേതൊക്കെയോ യുവാക്കളേവം–
''വയസ്സന്മാർ രണ്ടു പേരുമിരിക്കട്ടെ സീറ്റിൽ'', ഞാനും
വയസ്സനോ? നടുങ്ങി ഞാൻ തളർന്നുനിൽപ്പൂ.
ഇരിക്കണോ സീറ്റിൽ നാറും യാചകന്റെ ശരീരത്തി–
ലുരുമ്മിക്കൊണ്ടെന്ന ചോദ്യമവഗണിക്കാം.
ഇത്രനാളും യുവാവായിരുന്ന ഞാനുമീക്ഷണത്തിൽ
വൃദ്ധനായതെമ്മട്ടിൽ ഞാൻ മറന്നിടേണ്ടു?

## ഹഠയോഗം?

കൺതുറന്നെഴുന്നേറ്റാലുടനെ കേൾക്കാം 'മ്യാവു',

ദന്തധാവനം ചെയ്യാനിരുന്നാൽ വീണ്ടും 'മ്യാവു',

കുളിക്കുമ്പൊഴും ‘മ്യാവു’, പ്രാർത്ഥിക്കുമ്പൊഴും ‘മ്യാവു’,
കുടിക്കും കട്ടഞ്ചായഗ്ലാസിൻകീഴിലും ‘മ്യാവു’,

എഴുതുമ്പൊഴും ‘മ്യാവു’, വായിക്കുമ്പൊഴും ‘മ്യാവു’,
മഴ കണ്ടനങ്ങാതെയിരിക്കുമ്പൊഴും ‘മ്യാവു’,

പഴത്തിൻ തൊലി പശുക്കുട്ടിക്കു കൊടുക്കുമ്പോൾ,
പശുവെക്കറക്കുമ്പോൾ തൊഴുത്തിൽപ്പോലും ‘മ്യാവു’,

ഇടനാഴിയിൽ മോട്ടോർ സ്വിച്ചിടുമ്പൊഴും ‘മ്യാവു’,
മടവാളേന്തിത്തേങ്ങ പൊളിക്കുമ്പൊഴും ‘മ്യാവു’,

അത്താഴശേഷം വാതിലടയ്ക്കുമ്പൊഴും ‘മ്യാവു’
മെത്തയിൽച്ചെരിയുമ്പോൾ കട്ടിൽക്കീഴിലും ‘മ്യാവു’.

ഹഠയോഗമോ പൂച്ചേ, പാലിനെ ധ്യാനിച്ചു നീ
പഠിപ്പിക്കുന്നൂ മരംചാടുമെന്നാത്മാവിനെ?

# വാശിക്കുടുക്ക

കാട്ടുമാടം നാരായണന്നറുപതു വയസ്സെന്നു
കേട്ടപാതി തരിച്ചു ഞാനിരുന്നുപോയി.
രണ്ടു കൊമ്പും മണ്ണിളക്കിച്ചുവക്കെ മുക്കുറയിട്ടു
മണ്ടുന്നു വെള്ളപ്പാണ്ടുള്ള കറുത്ത കാലം!

ൟൟൟ

നാലു വയസ്സിലെ നട്ടപ്രാന്തു കഴിഞ്ഞമ്മയുടെ
കാലിൽച്ചേമ്പു പറിച്ചഞ്ചിലലകയാം ഞാൻ.
അന്തിയുടെ മൂട്ടിൽച്ചെന്നു കയറിയ പൂമുഖത്തു–
ണ്ടന്തിമുടിയ്ക്കുന്നു പഴങ്കാരണവന്മാർ
ഏഴുവട്ടം തിരിഞ്ഞൊരാൾ കടലിരമ്പത്തെ നോക്കി
ഊഴി തൊട്ടുച്ചരിയ്ക്കുന്നു ‘ധ്രുവാസി’യെന്നോ?
വടക്കോട്ടു തിരിഞ്ഞിരു‘ന്നഭിസ്രവന്തുന’ ചൊല്ലി
വരയ്ക്കുന്നുണ്ടൊരാൾ ഭസ്മം മുതുകിലൂടെ.

ൟൟൟ

തെങ്ങുമുറിച്ചൊതുക്കിട്ട മണൽക്കുളത്തിൽച്ചെന്നാണ്ടു
മുങ്ങിക്കയറിയപ്പോഴേയ്ക്കൊരുത്തി വന്നു
കൊട്ടെണ്ണത്തിരി മുനിയും കോലുവിളക്കുമായ്, അപ്പോൾ
തൊട്ടുനോക്കുകയാണാദ്യം ചെയ്തതെന്നമ്മ
പോയ വർഷം കാട്ടുമാടം   കാരണവരെഴുതിയ
പൊന്നേലസ്സിപ്പോഴും കുട്ടന്നരയിലില്ലേ?

മുത്താച്ചിയമ്മതൻ മുന്നിൽ മൂക്കുമുട്ടിച്ചെഴുന്നേറ്റി–
ട്ടിത്തിരിപ്രതിമകൾതന്നഴകു കണ്ടേൻ:
ഇളിക്കുന്നു, കരയുന്നു, ചിരിയ്ക്കുന്നു, ചിലരെന്നെ–
ത്തുളച്ചു നോക്കുന്നു, പല്ലുകടിച്ചിടുന്നു!
‘‘പീഠത്തിന്മേൽ നോക്കരുതേ! കുട്ടിച്ചാത്തന്മാരെക്കണ്ടു
പേടിച്ചാലോ!’’ പുറകോട്ടു വലിച്ചാളമ്മ!

കിഴക്കിനിയിൽ ഞാൻ കാണ്മു കോൽത്തിരിവെളിച്ചം; പോണ്ടി–
യുഴിഞ്ഞേതോ ബാധകളെയൊഴിപ്പിയ്ക്കുന്നു
കാട്ടുമാടം കാരണവർ, മേലടുക്കളയിൽനിന്നാ–
ക്കാഴ്ച കണ്ടു വണങ്ങിനാരമ്മയും ഞാനും.

ഊഊഊ
പെട്ടെന്നൊരു കൈക്കിടാവിൻ കരച്ചിലോ? പടിഞ്ഞാറ്റി–
ത്തട്ടിൻപുറത്തമ്മയോടൊത്തണകയായ് ഞാൻ.
നിലവിളക്കത്തു ചമ്രംപടിഞ്ഞന്തിയുഴികയാ–
ണലമുറക്കൊള്ളും ചോരക്കിടാവിന്നമ്മ;
''തുടുത്തുപോയ് മുഖ''മെന്നെന്നമ്മ ചൊല്ലും മുമ്പേ, ''വാശി–
ക്കുടുക്കയാണെ''ന്ന മറുപടി ഞാൻ കേൾക്കെ
ചുമ്മാ നിലവിളിച്ചുകൊണ്ടിരുന്നവനുടൻതന്നെ–
യമ്മിഞ്ഞപ്പാൽ നുകരുന്ന മുനിയായ്ത്തീർന്നു.

ഊഊഊ
ഇന്നാ വാശിക്കുടുക്കതന്നചുംബിതപ്രതിഭയിൽ
സ്വർണ്ണത്തോണി കളിപ്പതാരനന്തതയോ?
അറിയണമെങ്ങീ ഹിന്ദുസമുദ്രത്തിന്നവസാനം?
അതലാന്തികാബ്ധിയുടെ തുടക്കമെങ്ങോ?
തിരഞ്ഞുപോൽ ഗ്രീസിലോളം; ശാന്തസമുദ്രാംബുവിലും
ഭരതന്റെ നവരസം സ്വദിച്ചുപോലും!

ഊഊഊ
കാട്ടുമാടം നാരായണന്നറുപതായെന്നു കേട്ടു
പാട്ടുപാടി വന്ന കാലം വലത്തിരിയ്ക്കെ
മാനവപ്രേമമേ, താങ്കളുദയാർക്കോന്മുഖം വാഴ്കെ
ജ്ഞാനാംബികയുഴിയുന്നൂ വയറവള്ളി,
''തിരഞ്ഞു കണ്ടെത്തിയാലും നാനാത്വത്തിലേകത്വത്തെ
അറുപതാണ്ടിനിയും നീ വാശിക്കുടുക്കേ!''

## മറ്റൊരു സാളഗ്രാമം

നേരം വെളുത്തുവോ, സംശയം, പൂമുഖ–
ത്താരുടെ 'സാർ' വിളിയുച്ചത്തിൽ?
ആരുമാട്ടേ, ദന്തധാവനമെങ്കിലും
തീരാതെണീയ്ക്കുവാനാവില്ല!
രണ്ടാമതാ വിളി കേട്ടതേയില്ലെന്തു
കൊണ്ടെന്ന ശങ്കതൻ പിന്നാലെ
അഞ്ചുമിനിട്ടു കഴിഞ്ഞൊരു കൃത്രിമ–
പ്പുഞ്ചിരി വന്ന മുഖത്തോടെ
ചെന്നു കവാടം തുറക്കവേ ബാലാർക്ക–
സ്വർണ്ണംപോൽ ഗൂർക്ക ചിരിയ്ക്കുന്നു
'സാർ' വിളിയ്ക്കുള്ളിലെക്കാർക്കശ്യമപ്പൊഴും
കാർന്നു ചെവികളിലഭ്രങ്ങൾ
മുന്നൂറു കൊല്ലത്തെപ്പക്വത, പക്ഷേയീ–
മുപ്പതിലെദ്ദൃഢകായത്തിൽ.
കോവിലിൽപ്പോലിമകൂട്ടിയാണെന്നിലെ–
പ്പാവത്തെയാച്ചിരി കൂപ്പുന്നു!

ഊഊഊ
വീണ്ടും തുറന്ന മിഴിതൻ തടങ്ങളെ–
പ്പൂണ്ടുറങ്ങുന്നു മനോഭാരം.
ഞാനറിയാതെൻ മനശ്ചക്രവാളത്തിൽ

പ്രാണന്റെ കാർനിഴൽ വീഴുന്നു
കാലുറക്കാക്കിയിൽത്തൂങ്ങുന്ന കുക്രി, പൈ–
മ്പാലൊളിതൂകുന്ന കുപ്പായം,
പാടേ കറുത്തൊരു തൊപ്പിയും, മൂകമായ്
പാടുന്നു ദൃശ്യമീയാലേഖ്യം:
''നേപ്പാളിൽ നിന്നു വരുന്നു ഞാൻ തോഴരേ,
സാപ്പാടുമാത്രമല്ലെൻ ലക്ഷ്യം.
അന്യരെക്കാത്തുരക്ഷിച്ചുകൊണ്ടാവണം
എന്നുപജീവനമെന്നെന്നും.
പാവങ്ങൾ ഞങ്ങൾക്കു ക്ഷത്രിയവൃത്തിയാൽ
ജീവസന്ധാരണം നിർദ്ദിഷ്ടം.
കാക്കുന്നു ഞങ്ങളസ്സത്യ,മിക്കുക്രിയിൽ–
ക്കൂർക്കുംപരാൽപ്പര കാരുണ്യം

ഊഊഊ

''വന്നതെന്തി''ന്നെന്നു ചോദിയ്ക്കെയദ്ദേഹം
ഹിന്ദിയിൽപ്പേശാൻ തുടങ്ങുന്നു;
(കാതുകൊണ്ടെൻ മനം ഗോസായി ഭാഷതൻ
ധാതുക്കൾ ചേറിയെടുക്കുന്നു)
''വീട്ടിൽപ്പിതാക്കളും ഭാര്യയുമുണ്ട,വർ
നാട്ടുമര്യാദയിൽജ്ജീവിപ്പൂ.
വീഴവേ ഭിത്തിപിടിച്ചെണീറ്റെൻ മകൻ
വീശി ഞാൻ പോരുമ്പോൾക്കുഞ്ഞിക്കൈ
നാലഞ്ചുനാളത്തെത്തീവണ്ടിയാത്രതൻ
മാലിറക്കുന്നതീ ഗ്രാമത്തിൽ.
ചങ്ങാതിയുണ്ടൊരാൾ, വാടകപ്പീടിക–
ച്ചായ്പിലേ ഞങ്ങൾ സ്വയംപാകം.
അത്താഴശേഷം വടക്കോട്ടിറങ്ങുന്നി–
തദ്ദേഹം, ഞാനപ്പോൾത്തെക്കോട്ടും.
ഞങ്ങൾ നേപ്പാളികൾ നിത്യേന രാത്രിയിൽ
നിങ്ങൾതൻ വീടുകൾ കാക്കുന്നു.
മാസം തികയുമ്പോളയ്യഞ്ചുറുപ്പിക
മാത്രം പ്രതിഗ്രഹം ചോദിപ്പൂ.
തന്നതു കണ്ണിൽത്തൊടുവിച്ചു കീശയി–
ലെണ്ണാതെയിട്ടു സലാം ചെയ്വൂ.
ഒന്നും തരായ്കിലും രണ്ടുരു ഗേറ്റിനെ–
ദണ്ഡുകൊണ്ടാശീർവദിക്കുന്നു.''

ഊഊഊ

വിസ്തൃതവ്യോമം നിരീക്ഷിച്ചവൻ കീശ–
പ്പുസ്തകമൂരി നിവർത്തുമ്പോൾ
ഉല്ലാസപൂർവ്വമതിലുടൻ ചാർത്തുന്നു
തുല്യമെന്നുള്ളിലെക്കൈവല്യം.
മാസപ്പിറപ്പിലിന്നാ മംഗളാത്മന്റെ
മന്ദസ്മിതത്തെ പ്രതീക്ഷിപ്പൂ
അഞ്ചുകനോട്ടെന്റെ വീട്ടിലെ സ്റ്റാൻഡിന്മേ–
ലാവശ്യത്തിന്റെ കൈ തട്ടാതെ.
(പത്രത്തിനുള്ള വരിസംഖ്യതൻ കഥ
പക്ഷേ ചിലപ്പോൾ മറന്നേയ്ക്കാം)
കള്ളനെപ്പേടിച്ചും പേടിയില്ലാഞ്ഞിട്ടു–
മല്ലീ വിനീതമാം നൈവേദ്യം.

ഇന്നുമീ വീട്ടിൻ സ്മൃതിയിൽ വെണ്മുത്തായി
മിന്നുന്നു കണ്ണീരിൻ കാഠിന്യം,
വീഴവേ ഭിത്തിപിടിച്ചെഴുന്നേറ്റു കൈ
വീശിയ പൈതലിൻ ലാവണ്യം.

ഊഊഊ

ഒന്നിടവിട്ട കൊല്ലത്തിൽ പ്രതീക്ഷയാൽ
ധന്യം ഹിമാലയപ്രാന്തത്തിൽ
ഗണ്ഡകീതീർത്ഥത്തിൽ മുങ്ങിജ്ജനിച്ച ഭൂ–
മണ്ഡലഭംഗിയിലാറാടാൻ
വീട്ടിൽക്കരണത്രയോൽബ്ബണസ്നേഹത്തിൻ
കോട്ടയിൽബ്ബാഢമുറങ്ങാനും
എത്തുന്നു തെക്കുള്ള ഭാർഗ്ഗവഭൂവിലെ–
ച്ചെത്തുവഴിയിൽനിന്നേകാകി.
വായാടിയായ ബഹിശ്ചരപ്രാണനും
വായ തുറക്കാതെ പിന്നാലെ
അച്ഛനുമമ്മയ്ക്കും കാഷ്മീറിഷ്ഷാളുകൾ,
കൊച്ചിനാറന്മുളക്കണ്ണാടി,
അംഭോജനേത്രതൻ ചെങ്കൈത്തഴമ്പിന്നു
കുംഭകോണം നെയ്ത വീരാളി,
ലൊട്ടും ലൊടുക്കുമായ്ത്തീവണ്ടിയാത്രയിൽ
കിട്ടിയ നിസ്സാരസാരങ്ങൾ,
അണ്ഡകടാഹം മുതുകത്തെടുത്തിതാ,
ഗണ്ഡകിത്തൂക്കുപാലത്തൂടെ
രണ്ടുപേർ കുന്നുനടന്നു ചെല്ലുന്നതു
കണ്ടു നേപ്പാളികൾ നിൽക്കുന്നു.
ആളെത്തിരിച്ചറിയുമ്പൊഴോ, ''ഭായ് ഭായ്'' എ–
ന്നന്യോന്യം കെട്ടിപ്പിടിക്കുന്നു.
തട്ടുകിട്ടുന്നു നടുപ്പുറത്താ നോവിൽ
നട്ടെല്ലിൽ മജ്ജ ചിരിയ്ക്കുന്നു!

ഊഊഊ

കേൾക്കാതെയുമില്ലീഗ്ഗൂർക്കകളെക്കുറി–
ച്ചോർക്കാപ്പുറത്തുനിന്നാക്ഷേപം.
''മൂക്കോളം ഘ്ലാസുന്നു മീനുമിറച്ചിയും
ഗൂർക്കക''ളെന്നൊരു പരിശുദ്ധൻ.
''കള്ളുഷാപ്പിന്റെ മരുങ്ങിലാക്കൂട്ടരെ–
ക്കണ്ടു ഞാ''നെന്നൊരു ധർമ്മിഷ്ഠൻ.
''ഇവരെന്തിനിങ്ങനെ നമ്മളെ ദ്രോഹിയ്ക്കാ–
നിവിടെത്താൻ ചുറ്റിക്കറങ്ങുന്നു?''
'ഭോഷന്മാർ വന്നതിൽപ്പിന്നെയീ നാട്ടിലും
മോഷണം കൂടുതലായില്ലേ?''
''രാത്രിഞ്ചരരിവർക്കുണ്ടാവും പണ്ടവും
പാത്രവുമിസ്കലിൽ വൈദഗ്ധ്യം.''
ഒരു പക്ഷേ,യിക്കേട്ട കുറ്റം പറച്ചിലിൽ
പൊരുളിൻ തരികളുമുണ്ടാവാം.
തോന്നുന്നതെന്നാൽപ്പരിഹാസശീലരെ–
ത്തോലുരിയ്ക്കുംപടി ഗർജ്ജിക്കാൻ:
''പണിയില്ലാപ്പരിഷകൾ പെരുകുന്ന വേളയിൽ
പഴിയായിത്തീരുന്നു പരമാർത്ഥം!''

ഊഊഊ

കാരണം, മാസപ്പിറവിയിൽ ഗേറ്റിന്റെ
യാരവം വീട്ടിലലയ്ക്കുമ്പോൾ,
ഞങ്ങൾ വഴിപാടെടുത്തു പിടിച്ചുകൊ–
ണ്ടങ്ങോർക്കു മംഗളം നേരുന്നു.
കാരണം, ഞങ്ങളും പെട്ടെന്നു ഗണ്ഡകീ–
തീരത്തു ചെന്നു തലോടുന്നു,
വീണപ്പോൾ ഭിത്തിപിടിച്ചെഴുന്നേറ്റു കൈ
വീശിനിൽക്കും സാളഗ്രാമത്തെ!

# കണ്ണാടിക്കു മുമ്പിൽ

അസ്ഥിവേണുവിലെക്കാലസപ്തസ്വരസമാധിയാൽ
മുഖക്കണ്ണാടിയിൽക്കണ്ടീലിന്നേവരെയുമീ നര.
കണ്ടപ്പൊഴേയ്ക്കെന്തിനതു നുള്ളിപ്പോയെന്റെ കൈവിറ?
ആരെത്തെറ്റിദ്ധരിപ്പിക്കാനാശിക്കുന്നു മമാംഗുലി?
ഞാനിരിക്കുന്നതീയന്നമയകോശത്തിനുള്ളിലോ?
അതിന്നകത്തെഴും പ്രാണമയകോശത്തിനുള്ളിലോ?
പ്രാണന്നകത്തുള്ള മനോമയകോശത്തിനുള്ളിലോ?
മനോമയസ്ഥവിജ്ഞാനമയകോശത്തിനുള്ളിലോ?
അതിന്നുമുള്ളിലാനന്ദമയകോശത്തിനുള്ളിലോ?
ഏതിലാണെങ്കിലും പഞ്ചകോശത്തടവുപുള്ളി ഞാൻ!
ചന്തം ചാർത്തുന്നതെന്തിന്നു? പരാരാധന നേടുവാൻ!
ആനന്ദമയകോശത്തിലര ക്ഷണമുലാത്തുവാൻ!
എന്തിനിത്തടവിൽക്കേറിക്കൂടി ഞാനാമഹമ്മതി?
ഇതു കൈവിട്ടു പോകേണ്ടതെവിടേയ്ക്കാണു നാളെ ഞാൻ?

മസ്തിഷ്കമുകുരം നൽകുംസപ്തവർണ്ണസമാധി ഞാൻ
ഇന്നു കണ്ണാടിയിൽക്കണ്ട ജരയിൽപ്പൗഡറിട്ടുവോ?
പൃഥിവീകണമാമന്നമയത്തെപ്പൃഥിവീഗുണം
വലിച്ചെടുത്ത വൈരൂപ്യം ജരാനരകളെങ്കിലോ,
അവയെക്കിള്ളുമജ്ഞാനമനുകമ്പാർഹമല്ലയോ?
ഷഡ്രസാന്നമയത്തോടെത്തീരുന്നില്ലെന്നഹമ്മതി.
ചൂടുവെള്ളത്തിൽക്കുളിക്കും ജരാകണ്ഠഗതസ്വരം
ശ്രുതിമീട്ടീലയോ പ്രാണനാഡിയിന്മേൽപ്പലപ്പൊഴും?
''ആറ്റിൽ മുങ്ങിക്കിടന്നപ്പോൾ ബാല്യസാഹസലീലയിൽ
ബഹിർമുഖപ്രാണമയകോശവേഗമറിഞ്ഞു ഞാൻ!
സവിതാവിന്റെ ഭർഗ്ഗസ്സാൽ മന്ത്രിക്കുന്ന മനോമയം
ശ്രവിച്ചേൻ പുറ്റിലും ചോരക്കിളിതൻ ദൈന്യസുസ്വരം.
ഗരുഡൻ വന്നു കൊത്തേണ്ട കല്ലിൽ ജീമൂതവാഹനായ്
ശയിച്ചേൻ വിജ്ഞാനമയകോശത്തിന്നുള്ളിലല്ലി ഞാൻ?
എങ്കിലാനന്ദകോശത്തിൽ വേണുവായിച്ചിരുന്നു ഞാൻ
*അമ്പലത്തിൽക്കൂടി രക്തമോക്ഷം പ്രാപിച്ചനാളിലോ!''

പെട്ടെന്നു മാഞ്ഞുപോയ്ക്കണ്ണാടിയിൽ നിന്നെൻ മുഖാകൃതി
ജ്ഞാനോദയത്താലല്ലെങ്കിൽ സാക്ഷാൽത്തിമിരബാധയാൽ.

## *മുല്ലമംഗലം

മുല്ലപ്പൂവേ, പരിമളകലാ–
മംഗലേ, താങ്കളെന്നുൾ–
ക്കല്ലിൽ ജീവസ്ഫുരണസിരയെ–
ത്തൊട്ടുണർത്തീലയെങ്കിൽ
ഫുല്ലാംഭോജം വിതറിടുമുഷ–
സ്സാന്ദ്രജീവോത്സവത്തി–
ന്നുല്ലാഘം ഞാൻ ചെറുതുമറിയി–
ല്ലായിരുന്നൂ തമസ്സാൽ.

താപത്താൽ നിൻ ഹൃദയകവിതാ–
ബിന്ദു വേവുന്ന പോതും
വേപംകൊണ്ടീലൊരിഴമുടിയും,
ശാന്തദൃങ്മണ്ഡലത്തിൽ
കോപിച്ചിട്ടില്ലരുണിമ, അന–
ങ്ങാത്തടാകത്തെ മൂടും
ദീപം താനിശ്ശതശശികരാ–
ലിപ്തപുണ്യപ്രസാദം.

ഇക്കാരുണ്യപ്രചുരിമ വിദൂ–
രസ്ഥബാല്യത്തെ വാക്കിൻ
സത്ക്കാരത്താലടിമുടി മതിർ–
പ്പിച്ചതോർപ്പേനജസ്രം;
വിൽക്കാനാകാദ്ധനിത സരളാ–
ത്മാവിലുണ്ടാ,ത്തിളങ്ങും
വിൽക്കാശല്ലോ ശമഗുണനിധേ,
താങ്കൾതൻ നർമധർമം.

സത്തിന്നായ് നിൻ മുനകൾ സമരം
ചെയ്യവേതന്നെ വാഴ്‌വിൻ
ചിത്തായിട്ടുള്ളതുകളപരർ–
ക്കായ് ഭവാൻ സന്ത്യജിച്ചൂ;
മുത്തായെന്തോ വിളവു ഞൊടികൊ–
ണ്ടുള്ളിലെന്നാസ്വദിച്ചൂ;
വിത്തായിട്ടിദ്ധരണിയിലിതേ–
യുള്ളുവെന്നാശ്വസിച്ചൂ.

ധർമ്മത്തെക്കാൾപ്പെരിയ പരമാ–
നന്ദമെന്തുള്ളു വാഴ്‌വിൽ,
കർമ്മത്തെക്കാളരിയൊരു തപ–
സ്സെന്തു ചെയ്യേണ്ടു ജീവൻ.
ഘർമത്തെക്കാളുപരി വരളാ–
പ്പുണ്യതീർത്ഥാംബുവുണ്ടോ,
നർമത്തെക്കാൾ സഫലമെവിടേ
ഭേഷജം? താങ്കൾ ചൊൽവൂ!

## അവളാര്?

''കണ്ണു രണ്ടുണ്ടായിട്ടെന്താണുണ്ണീ, ധരിച്ചോളൂ,
കാണുവാനൊറ്റക്കൃഷ്ണമണിയേ കാക്കയ്ക്കുള്ളൂ;
തറിയിലോടംപോലെ വലത്തോട്ടിടത്തോട്ടു–
മെറിവൂ കാകൻ കൃഷ്ണമണിയാവശ്യംപോലേ,''
പറഞ്ഞതാരാണാവോ! കൗമാരമധുരങ്ങൾ
പറിഞ്ഞുവീണിട്ടെത്ര പോയി മാമ്പഴക്കാലം!
ചളികെട്ടിയ മുറ്റം വൃത്തിയാക്കാനോ? ചാടി–
ക്കളിപ്പൂ കറിവേപ്പിൽനിന്നിറങ്ങിവന്നപ്പോൾ
കാക്ക? ഞാൻ നോക്കീ, കൃഷ്ണമണി രണ്ടുണ്ടോ പഴ–
ങ്കാരണോപ്പാടിൻ കണ്ണിലെന്നു സശ്രദ്ധംതന്നെ!
ശ്രദ്ധ ചെന്നദ്ദേഹത്തെ സ്പർശിയ്ക്കുന്നതിന്നു മു–
മ്പദ്ദേഹം തുള്ളിച്ചാടീ,''കാകാകാ കാകാ കാകാ?''
എങ്കിലുമക്കർമ്മണ്യഭാവത്തെ നിരീക്ഷിയ്ക്കെ–
യെൻ കണ്ണിൽ ദിവ്യസ്നേഹമൂർത്തിയാം വലിയച്ഛൻ;
മരണം, മരണാനന്തരം ഞാനനുഷ്ഠിച്ച
പരലോകപാഥേയമായ വത്സരദീക്ഷ;
മുന്നൂറ്റിയറുപത്തിയഞ്ചു സുപ്രഭാതത്തി–
ലന്നു കുഞ്ഞിക്കൈകൊട്ടിക്കാക്കയെ വിളിച്ചതും
അവർ വന്നതും പിണ്ഡമുത്സാഹപൂർവ്വം ഭക്ഷി–
ച്ചരികെപ്പേരക്കൊമ്പിൽ വിശ്രമിച്ചതും കൂടി!
അപ്പൊഴുമൊന്നേയുള്ളു കാകന്മാർക്കന്വേഷിയ്ക്കാൻ,
''ആരവൾ? ആരാണവൾ?'' ഞാനിപ്പോളോർമ്മിക്കുന്നു.
അറിവുള്ളവർ ചൊന്നതായിരം കൊല്ലം വാഴും
ചിരഞ്ജീവിയാം കാകൻ! അച്ചൊല്ലു നേരാണെങ്കിൽ
''പെറ്റവളാരോ നമ്മെയെന്നല്ലാതുലകമേ,
മറ്റൊന്നും ചിന്തിയ്ക്കായ്കെ–''ന്നല്ലി കാക്കകൾ ചൊല്വൂ?

## മീനച്ചൂടിൽ

മീനസ്സൂര്യൻ നിറുകയിൽ ചൊരിയുന്നതു തീപ്പൊരി,
ഉറന്നുറന്നുടലിൽ നിന്നുതിരുന്നതു നീർത്തരി.

ആയിരം വേർപ്പുചാൽ! ഒന്നും കൂടിച്ചേരാതിരിക്കയാൽ
ഞാനിരിക്കുന്നിടത്തുദ്ഭവിക്കുന്നില്ല മഹാനദി.

ഇതു വേർപ്പിൻ വ്യയം; പക്ഷേ, കാണാമോരോ കണത്തിലും
നൂലിട്ടു നോക്കിയാൽ സത്യം; ഭിന്നമല്ലഗ്നി, വെള്ളവും.

ശങ്ക വീണ്ടും ജലജമേ, ആദ്യമീനാവതാരമേ:
ഹിമവാൻ വേർക്കുകിൽ ജാതം ഗംഗ, സൂരജ, നർമ്മദ,
സഹ്യൻ വേർക്കുകിലും കാണാം പമ്പ, ചൂർണി, നിളാനദി.

അവരെന്നാൽ സ്ഥാവരങ്ങൾ, ഞാൻ, നീയുമിളകുന്നവ;
എന്റെയും നിന്റെയും സഞ്ചാരികൾതൻ വഴിയമ്പലം.

എങ്കിൽ,ത്തീയല്ലാത്ത തീയോ ഞാൻ ഞാനെന്നുള്ള രിക്തത?
ജലമല്ലാത്ത ജലമോ നീ നീയെന്നുള്ള വിഭ്രമം?

ഒലിക്കുന്നുണ്ടിപ്പൊഴുമെൻ മെയ്യിൽനിന്നു വിയർപ്പുകൾ,

അതു ചുംബിച്ചെടുത്തോടിയോടിപ്പോകുന്നു കാറ്റുകൾ.

അവരോടൊപ്പമോടാനുണ്ടാശ, നാസാപുടം വഴി
അകത്തുപെട്ട കാറ്റെന്നാൽ നുണവൂ പുതുമൺമണം.

മീനമേ, ഹേ, ജലജമേ, ശേഷിപ്പൂ ശങ്കപിന്നെയും
അപാരതാഗ്നികുണ്ഡത്തെ നീ ചുമക്കുന്നതെങ്ങനെ?

നിൻ നീഡമഗ്നിയും നീരും ഉണരും രിക്തബിന്ദുവോ?
വിടർന്നൂ പണ്ടവിടെയോ സഹസ്രദളപങ്കജം?

# *കളിവിളക്കത്ത്

വീയെസ്സുള്ളപ്പൊളെന്താ രസം? അനുകൂജവാ–
രം ചിരിച്ചൊത്തുകൂടും,
വായിച്ചത്താഴമുണ്ണും കവിത അതുളവായ്–
ത്തീർന്ന തേൻകൂട്ടിനുള്ളിൽ
പായും നീർത്തിക്കിടക്കും, മധുരലഹരിതൻ
വായുമാർഗ്ഗത്തിലപ്പോൾ–
പ്പായുന്നുണ്ടാവുമാത്മാവു,ടനെ മണിയടി–
യ്ക്കുന്നതഞ്ചായിരിയ്ക്കും.
''ഇപ്പോളക്കിത്തമെന്താണി,വിടെ വരികയേ
കമ്മി; വന്നാലുമൽപ്പ–
സ്വൽപ്പം കാര്യം, നമസ്തേ, വെളിയിലെളിയിലേ–
റുന്നിതാസ്സഞ്ചി കൂറ്റൻ,
ഉൾപ്പൂനീറുന്നു, പക്ഷേ, ഹൃദി മധുരമഹ–
ത്വം ചിരിയ്ക്കും കഷണ്ടി–
യ്ക്കൽപ്പം താഴത്തുമിന്നും കളഭതിലകമേ,
നിന്നിൽ ഞാനാണ്ടുപോകും.''
ആരേവം ചൊൽവൂ? മുന്നിൽപ്പുതിയ 'കളിവിള'–
ക്കുണ്ടു സൗവർണ്ണശോഭം
ഡോ. രാധാകൃഷ്ണരൂപപ്രഭയുടെ സദനേ
പുഷ്പഗിര്യാശ്രമത്തിൽ;
ദൂരെദ്ദേവായനത്തിൽ പ്രതിദിനസുവിനീ–
തവ്യഥാഭാഗ്യമുണ്ണും
പ്രാരബ്ധക്കാരനിഞ്ഞാൻ തദനു 'കളിവിള'–
ക്കത്തു കണ്ണീർ തുടപ്പൂ.

# സൗന്ദര്യശാസ്ത്രം

'മയിലെള്ളുകൾ പുഷ്പിപ്പൂ സുന്ദരി–

മാരുടെ വീക്ഷണമേറ്റാൽ,
പുഷ്പിപ്പൂ കർണ്ണികാരമവരുടെ
നൃത്തവിലാസം കണ്ടാൽ,
നമേരുവവരുടെ സംഗീതധ്വനി
കേട്ടാൽ പുഷ്പിക്കുന്നു,
ചമ്പകമവരുടെ മൃദുവാങ്മയരുചി–

യേറ്റാൽ പുഷ്പിക്കുന്നു,
അവരുടെ ചാടൂക്തികളാലല്ലോ
മന്ദാരം പുഷ്പിപ്പൂ.
ഇലഞ്ഞിയവരുടെ ഗണ്ഡൂഷത്താ–
ലത്രേ പുഷ്പിയ്ക്കുന്നു,
അവരുടെ സംസ്പർശാൽ മാത്രം
പുഷ്പിയ്ക്കുന്നു ഞാഴൽ,
അവരുടെ വക്ത്രസ്പർശാൽ മാത്രം
ചൂതം പുഷ്പിയ്ക്കുന്നു,
കരവീരകമവർ വന്നാശ്ലേഷി–
ച്ചിടുകിൽ പുഷ്പിയ്ക്കുന്നു,
അശോകമവരുടെ പാദാഘാതാൽ
മാത്രം പുഷ്പിയ്ക്കുന്നു.''
പറഞ്ഞു നിർത്തീ പൗരാണികനൊരു
പണ്ഡിത, രന്നാരാഞ്ഞേൻ,
''സുന്ദരിമാരുടെ ലക്ഷണമെന്തൊളി–
ചിന്തും കീരിപ്പല്ലോ?
''അല്ല'', പറഞ്ഞൂ പണ്ഡിതർ, ''കണവനി–
ലീശ്വരനെക്കാണുമ്പോൾ,
കാണുന്നവളിൽ താനറിയാതെയൊ–
രൈശ്വര്യം വളരുന്നു.''

# ഉറുമ്പുകളുടെ മൗനം

സ്വർണ്ണകിരീടക്കീഴിൽ–

ക്കളഭമണം പൂണ്ട തിലകഭൂഗോളം
കുണ്ഡലപരഭാഗദ്യുതി
ചുണ്ടിൽ പ്രസരിച്ച മന്ദഹാസശ്രീ,

തോൾവള, പുലിയാമോതിര,–
മരയിൽത്തെളികിങ്ങിണിക്കുനുന്തത്തം,
പട്ടുത്രികോണം, പിന്നെ–
ക്കാലടിയിൽത്തള കളസ്വരംപോലെ,

കദളീമധുരവലംകൈ–
യിടതിൽ നവദ്വാരമുള്ള പുൽക്കുഴലും!
ഇതിനെത്തേടി വരുന്നു
ഭഗവാനേ,കലിമലത്തിൽ മുങ്ങിയവർ:

യുഗസംസ്കാരത്തിൻ തീ–
ത്തൈലത്തിലുരുണ്ടു വീണെഴുന്നേറ്റോർ,
നാവിൽക്കൈയിൽക്കാലിൽ–
ച്ചങ്ങലയുള്ളോരുറുമ്പുചാൽപോലെ.

നിന്റെ കടാക്ഷക്കരിനിഴൽ
വിടരുമ്പോൾ ഞങ്ങൾ രാവുറങ്ങുന്നു;
നിന്റെ മുഖശ്രീയുദയ–
ക്കതിരുരസുമ്പോളുണർന്നെണീക്കുന്നു.

നിന്റെ കിണറ്റിലെ വെള്ളം
ഞങ്ങൾക്കാകാശഗംഗയാണുണ്ണീ,

നിന്റെ തിടപ്പള്ളിയിൽനി–
ന്നമൃതെന്താണെന്നു ഞങ്ങളറിയുന്നു.
പൂജിച്ചിട്ടുണ്ടത്രേ
വസുദേവൻ തന്റെ മൂന്നു ജന്മത്തിൽ
പാതാളാഞ്ജന, നിന്നെ,
ദ്വേധാ നീ വാസുദേവനാണത്രേ!

കലിയാരംഭിച്ചപ്പോൾ
ദ്വാരകയെക്കടലെടുത്ത ദുഃഖത്താൽ
ഗുരുവും വായുവുമവിടെ
പ്രത്യക്ഷപ്പെട്ടു നിന്നെ രക്ഷിച്ചു.

അവർ നിന്നെത്തോളിലെടു–
ത്താകാശത്തൂടെ വന്നിറങ്ങുമ്പോൾ
എവിടെത്തൊട്ടു ഭൂമിയെ–
യവിടെത്തൊട്ടിന്നു തലയിൽ വെക്കുന്നു

ചോണനുറുമ്പുകൾപോലെ
പ്രാണഗതിക്കൊത്തു പായുവോർ ഞങ്ങൾ
മലയാളികളെന്നില്ലാ
ഹിമവൽപര്യന്തജാതരെപ്പേരും.

ഐതിഹ്യം ഭക്തന്മാ–
രുത്തമവിശ്വാസപൂർവമോർമിക്കെ
മേൽപ്പുരയിലെ രന്ധ്രത്തെ–
ച്ചൂണ്ടിക്കാണിച്ചു മിഴിയടയ്ക്കുന്നു.

യുക്തിയവിശ്വാസത്താൽ–
പ്പുരികം രണ്ടും ചുളിച്ചു നിൽക്കുമ്പോൾ
ഭക്തി നിജാനുഭവത്താൽ–
ത്തൂവും കണ്ണീർ തുടച്ചെടുക്കുന്നു,

സുമസൗരഭകൈതവമായ്
നിന്നെ വലംവെച്ച വായുഭഗവാനോ,
ദേവകളുടെ ജിഹ്വകളിൽ
പ്രണവാക്ഷരമെഴുതിടും ബൃഹസ്പതിയോ?

ഐതിഹ്യം നുണയാവാം,
തലമുറതോറും ചരിത്രവും നുണയായ്;
കാണാത്തവനാവില്ലാ
മാനിക്കാൻ സായിബാബയെപ്പോലും!

സ്വന്തമഹംഭാവത്തിൻ
ചുറ്റളവാൽ ഞങ്ങൾ ഞെളിപിരിക്കൊൾവൂ:
അറിയാത്തതിനെ നിഷേധി–
ച്ചവസാനം വീണു വാ പൊളിക്കുന്നു.

നെല്ലും പതിരും തിരയാൻ
മുറമില്ലാപ്പാഴുറുമ്പു പറയുന്നു:
നിന്നെ വിളിക്കും മുമ്പേ
നീ വിളി കേൾക്കുന്നൂ, ഞങ്ങളറിയുന്നു.

അപ്പം തിന്നാൽപ്പോരേ?
കുഴിയെണ്ണാനെവിടെ നേരമായുസ്സിൽ?

സ്വിച്ചിട്ടാൽക്കത്തുന്നു
ഗുരുവായൂരപ്പ, നിന്റെ കാരുണ്യം!

ഭൂഖണ്ഡാന്തരശീമ–
ക്കുമ്മായത്തെരുവുപോലുമല്ലെങ്കിൽ,
ഗുരുവായൂരപ്പ, ഭവൽ–
ത്തിരുനാമക്കടലിൽ മുങ്ങുമോ കൃഷ്ണാ?

# കുഞ്ഞാലിമരയ്ക്കാർ

''കഞ്ഞികുടിക്കാത്തവരാരുള്ളു മലയാള മണ്ണിൽ,
കുഞ്ഞാലിമരയ്ക്കാരെന്നു കേൾക്കാത്തവരും?
കേരളന്റെ ചരിത്രത്തിൽ കഞ്ഞിപ്പശയിട്ട ശുഭ്ര–
വീരമത്രേ കുഞ്ഞാലിതൻ സ്വരാജ്യഭക്തി.''
പുതുതായി സ്കൂളിൽ വന്ന ചരിത്രാധ്യാപകൻ ചൊൽവൂ,
''പുതുമണ്ണിൻ മണമാണാ സ്വരാജ്യഭക്തി.
അതാണു ഭാരതധർമചരിത്രത്തിൽ തിളങ്ങുന്ന
മതാതീതപ്രകൃതിതന്നുദാരഭംഗി.
നാലു തലമുറയിലെ നാലു കുഞ്ഞാലിമാർകൂടി
കാലഗുണീഭൂതമായ കൂറ്റനാലായി.
വേദകാലത്തിന്നു ശേഷം കണ്ടതല്ലിക്കർമഭൂമി
ആദർശത്തിന്നിപ്പുറത്തെസ്സമതലത്തിൽ
വരുണന്റെ വായിൽ കപ്പലോടിക്കുന്ന ദിവ്യകലാ–
വിരുതീ, യാലിന്നു കണ്ണു മിഴിയുവോളം.
തോണിക്കൊമ്പത്താൽ മുളച്ച കേരളത്തി,ലാലിൻ കൊമ്പിൽ
തോണിയും മുളയ്ക്കാമെന്നന്നറിഞ്ഞു ലോകം.
മരക്കലങ്ങൾകൊണ്ടാദ്യം ഭാരതീയചരിത്രത്തിൽ
പരവയിൽക്കലപ്പച്ചാലെടുത്ത നാളിൽ
'സീരപാണിയുടെ ചോരച്ചാലുകളിൽ പ്രവഹിച്ച
വീരം,' എന്നാർഷഭൂമിക്കു ചുരന്നു നെഞ്ചം.
കുന്തുരുക്കംപോൽപ്പറങ്കിക്കപ്പലിൽപ്പുകഞ്ഞൂ ഭീതി
ഹിന്ദുസമുദ്രത്തിൽച്ചീറും തിമിംഗലത്താൽ.
കടൽപ്പടക്കിനാവസ്മൽ ചരിത്രത്തിൽ ത്രിമാനവൽ–
ക്കരിച്ചതീയചുംബിത പ്രതിഭയത്രേ.
ഞാനും നീയുമല്ലാ കാര്യ,മണ്ഡകടാഹത്തിനുള്ളിൽ
പ്രാണൻ കൊളുത്തുമീ നിലവിളക്കു മാത്രം!
തലയ്ക്കുറുമാലു കെട്ടിപ്പറഞ്ഞ വാക്കുപോൽത്താഴ്ത്തി–
പ്പിടിച്ച വാൾത്തലപ്പിന്മേൽ ജ്വലിച്ചു സത്യം.
മാനിച്ചില്ലതിനെപ്പക്ഷേ, ഗ്രഹപ്പിഴ, ദ്രൗപദിതൻ
വേണിപോലെ കെട്ടഴിഞ്ഞുകിടന്നു സത്യം,
ഗോവയിലെക്കൊലമരദംഷ്ട്രയിൽത്തൻ പഞ്ചഭൂതം
കോർത്താ വീരം പൊട്ടിപ്പൊട്ടിച്ചിരിച്ച ശബ്ദം
നൂറ്റിത്തൊണ്ണൂറാണ്ടിവിടെപ്പാറിയ യൂനിയൻ ജാക്കിൽ
നൂറ്റെട്ടു ഡിഗ്രിയിൽത്തന്നെ വിറച്ചുനിന്നു.
കാരണമോ? ഗോവയിലറുത്ത ശീർഷം കൊണ്ടുവന്നു
കേരളീയർക്കാകെക്കാണുന്നതിന്നുവേണ്ടി
കുന്തത്തിൽ നിർത്തിയ നാളിൽ കണ്ണൂർക്കവലയിൽ നിന്നു
പൊന്തിയ ഗന്ധത്തിൻ പേരെന്ത്? എണീറ്റു ചൊൽവിൻ
ഒരു കുട്ടി നിന്നു ചൊല്ലീ, ''രക്തഗന്ധം'' ഗുരു ചിരി–

ച്ചുരിയാടീ, ''ചോര കട്ടപിടിച്ചിരിക്കും.''
നീണ്ട നിശ്ശബ്ദതയിന്മേൽക്കേറിനിന്നു ദീർഘമായി
നിശ്വസിച്ചശേഷം ഗുരു പറഞ്ഞു വീണ്ടും,
''പറങ്കിതൻ കരൾപ്പുണ്ണിൻ മണംകൊണ്ടു ബോധം കെട്ടൊ–
ന്നുറങ്ങി ഭാരതം നൂറ്റിത്തൊണ്ണൂറു കൊല്ലം.''

## ആറന്മുളക്കണ്ണാടി

ഇന്നലെ സുഹൃത്തിന്റെ മേശമേലാറന്മുള–
ക്കണ്ണാടി കാട്ടിത്തന്നതാരുടെ പ്രതിച്ഛായ?
അഷ്ടമംഗല്യത്തിലെ വാൽക്കണ്ണാടിയിൽപ്പച്ച–
ക്കൂട്ടി പണ്ടാദ്യം കണ്ടതാരുടെ പ്രതിച്ഛായ?
അരുവിപ്പുറത്തെ ശ്രീകോവിലിൽ നാരായണ–
ഗുരുത്വം പ്രതിഷ്ഠിച്ച വെള്ളോടിൻ പ്രതലത്തിൽ
പിൻതലമുറ നിരീക്ഷിച്ചതാരുടെ മുഖം?
ഇന്ത്യയെക്കൈവെള്ളയിൽ വെയ്ക്കുന്ന വാർദ്ധക്യത്തിൽ
ഇന്നജന്തയിലെസ്സുന്ദരിതന്നിടം കൈയിൽ
മിന്നിയ മിനുസത്തിൽത്തങ്ങിയേതൊരു മുഖം?

ആ മുഖമനാര്യമോ, ആര്യമോ? ശങ്കിപ്പേനി–
ന്നാമുഖമദ്വൈതമോ? ദ്വൈതമോ? ആരായുന്നേൻ.
ശിവശക്തികളുടെ സംഗമസംഗീതത്തി–
ലുറയും ഗംഗാസ്നാനപുണ്യത്തെപ്പാനം ചെയ്കെ
അവസാനിയ്ക്കാത്ത നീലിമയിൽ ചിരിയ്ക്കുന്നു
*ദ്രവിഡശിശുവിന്റെ നിഷ്കളമുഖമല്ലീ?
കേവലം രൂപം രൂപം പ്രതിരൂപമെന്നോതും
ജീവകാരുണ്യത്തിന്റെ പൊരുളീ മുഖമല്ലീ?

മണ്ണുതിന്നതിൽപ്പിന്നെ വാതുറക്കുവതുണ്ണി–
ക്കണ്ണ!നീയാറൻമുളക്കണ്ണാടിയ്ക്കകത്തെങ്കിൽ,
മുഗ്ദ്ധമീ വെള്ളോടിന്റെ കലയിൽ ബിംബിക്കുന്ന
ദുഗ്ദ്ധമാധുരിയല്ലീ അവിച്ഛിന്നാത്മജ്ഞാനം?

## മതകാലഘട്ടം?

''സാർ''!ഒരു വിദ്യാർത്ഥിതൻ വിളികേൾക്കവേ ഗുരു–
വാരിതെന്നുയർത്തുന്നു തല, ചോദിപ്പൂ ശിഷ്യൻ,
''ഇന്നലെ മുത്തച്ഛന്റെ ഡയറി വായിച്ചപ്പോ–
ളെന്നിലൂറിയ ശങ്കയൊഴിവാക്കിയാൽക്കൊള്ളാം.''
''പറയട്ടെ ഞാനാദ്യം, മറ്റൊരാളുടേതെങ്കിൽ'',
പറഞ്ഞു ഗുരു, ''നോക്കാൻപാടില്ല ഡയറി നാം.''
തുടർന്നു ശിഷ്യൻ, ''പണ്ടേ മരിച്ച മുത്തച്ഛന്റെ
തുകൽസ്സഞ്ചിയിൽനിന്നു കിട്ടിയതാണാ രേഖ.
'തൊണ്ണൂറ്റിയഞ്ചാമതകാലഘട്ട'മെന്നതിൽ–
ക്കണ്ടു ഞാൻ, അതു മതകാലഘട്ടമോ സാറേ?''

ൗൗൗ

നിമിഷം നിശ്ശബ്ദത പാലിച്ച ഗുരു ചൊന്നാൻ,
‘നിന്റെ മുത്തച്ഛൻ മലയാളത്തിലെഴുതുമ്പോൾ
മുകളിൽച്ചന്ദ്രക്കലയിടുമായിരുന്നില്ലാ,
മുഴുതിങ്കളാൽസ്സദാശോഭമാ ഹൃദാകാശം.’’

## പൂച്ച

എല്ലാം കഴിഞ്ഞിട്ടും വിശ്വസിക്കുന്നു ഞാൻ

‘‘തല്ലാതിരിക്കയേ വേണ്ടൂ; തല്ലി–
ക്കൊല്ലാതിരിക്കയേ വേണ്ടൂ.

പൂശകവര്യനെപ്പുല്ലാനിക്കാട്ടിൽപ്പോയ്
പൂശാതിരിക്കുക നമ്മൾ, ചുമ്മാ
പൂസായിക്കൂടാ മനുഷ്യൻ.

വട്ടളയിങ്കൽച്ചൂടാറാനൊഴിച്ച പാൽ
നൊട്ടിക്കുടിച്ചതീപ്പൂച്ച, പിന്നെ
തട്ടിക്കളഞ്ഞതും പൂച്ച.

കട്ടുകുടിച്ചുവെന്നാ പ്രവൃത്തിക്കു പേ–
രിട്ടതു നമ്മളാണി,ല്ല പൂച്ച–
ക്കുട്ടിതൻ നാവിലക്കാഴ്ച.

കെറ്റിലിൽപ്പാലൊഴിക്കുംവരെ നമ്മൾക്കു
തെറ്റൊല്ല കണ്ണിനി മേലിൽ, തെറ്റു
പറ്റിയാൽക്കോപവും വേണ്ട.

പൂച്ചയിലുള്ളതു പൂച്ചയാണെങ്കിലും
പൂജ്യനാമീശ്വരനല്ലേ? ചുമ്മാ
പൂസായിക്കൂടാ മനുഷ്യൻ.

## കിളിപ്പാട്ട്

കരൾകക്കുമൊരുദ്യാനം;

കലമാൻ തുള്ളുന്നു പേടയൊടൊപ്പം;
കാതും കണ്ണും നാസയു–
മലിയിപ്പൂ ജന്മസിദ്ധശൃംഗാരം.
കണ്ടില്ലാമൃഗതൃഷ്ണകൾ
ചെന്നായക്കണ്ണിൽ മുന്നിൽ മൃഗതൃഷ്ണ,
ഉണ്ടൂ പലവർണ്ണമണ–
ത്തേൻകടലിൽച്ചിറകടിച്ച ഝംകാരം.
പെട്ടെന്നൊരു വേടൻതൻ
കണ,വാൽക്കടയിൽത്തുളഞ്ഞുകേറുമ്പോൾ
മൃഗതൃഷ്ണകൾ ഞെട്ടുന്നു, നി–
ലംപറ്റി നുണപ്പൂ മരണസഞ്ചാരം!
ആ മൃഗമല്ലോ നീയും
നഗരം നിർമ്മിച്ച മാനവാഹന്തേ,

ഇന്ദ്രിയവാതിലടച്ചു ത–
ളയ്ക്കൂ ചിത്തത്തെയന്തരാത്മാവിൽ!
താരഗ്രഹയാത്രികനാം
ധീരൻ നിന്നുള്ളിലുള്ള നീയല്ല,
ചിത്തത്തെ നിയന്ത്രിയ്ക്കും
നിത്യനിരീഹാത്മതത്വസത്തത്രേ!
ആരിങ്ങനെ മന്ത്രിപ്പൂ
മൂൺമയമെൻ സ്നായുമീട്ടിയനവരതം,
തുഞ്ചത്തെശ്ശാരികയുടെ
ചെഞ്ചുണ്ടിലുറന്ന വെണ്ണിലാവെന്യേ?
പൂത്തിരുവാതിരപോലാ–
പ്പുളകത്തീക്കട്ട കൺമിഴിയ്ക്കുമ്പോൾ
നാദബ്രഹ്മലയത്താൽ
നാനാത്വം തങ്കഭസ്മമാവുന്നു,
ഉടനെപ്പൗർണ്ണമിപോലെ–
ബ്ഭസ്മാലിപ്തപ്രപഞ്ചവദനത്തിൽ
ഊറിടുമോങ്കാരത്താൽ
ഭാഷാഹൃത്തിൽത്തുരീയമാനന്ദം.
അക്ഷരഭക്തന്മാരേ,
അക്ഷയസങ്കൽപ്പശക്തിപൂജകരേ,
ഗുരുവല്ലോ പരമശിവൻ
പരമാത്മാവായ വിഷ്ണു ധാതാവും.
ഭഗവാൻതൻ തിരുനാളിതു,
തിരുനോൽമ്പാണിന്നു കൈരളിയ്ക്കിവിടെ,
ഉണ്ണാതെയുറങ്ങാതെ–
ക്കൊടുവേലിപ്പൂവണിഞ്ഞുപാടുക നാം,
''ഗുരുപാദസ്മരണയിതി–
ന്നൊരു നാളും മങ്ങലേതുമേല്ക്കായ്വാൻ
ആടുന്നു, പാടുന്നു,
ചൂടുന്നു ഞങ്ങൾ പാതിരാപ്പൂക്കൾ!''

# യജ്ഞേശ്വരൻ

നൂറുകൊല്ലം മുമ്പെവിടെ വിവേകാനന്ദമൂർച്ഛയാൽ
മണൽത്തരികളിൽപ്പോലുമഭീമന്ത്രം മുഴങ്ങിയോ,
ആ ഹിരണ്മയവർഷത്തിലിയ്യിടെച്ചെന്നു ചേർന്നവൻ
ഗീതയല്ലാതെ യാതൊന്നും കയ്യിലില്ലാത്ത ചിന്മയൻ
'അഞ്ഞൂറ്റിയിരുപത്തഞ്ചാ'മത്തെ യജ്ഞസമാപ്തിയിൽ
[1]'മരണം' പൂകിയെന്നശ്രു തൂകും കർക്കിടകോദയം
ദിനപത്രവുമായ് വന്നെൻ മുന്നിൽ സ്തംഭിച്ചു നില്ക്കയോ?
'സന്യാസി മൃതിപൂകുന്നു'വെന്നു പേരുള്ള പട്ടണം[2]
അവിടെത്തന്നെയിഗ്ഗോളസന്യാസി മൃതിപൂകിയോ?
ഹിമവൽസ്സാനുവിൽ'സ്സിദ്ധിപദം'വരെയനുക്ഷണം
പറക്കുന്ന വിമാനത്തിൽ വിശ്രമിക്കുന്ന ദേഹവും
ദേഹത്തിൻ മുകളിൽത്തങ്ങി നിലക്കൊള്ളുന്ന ദേഹിയും
എന്മനസ്സിൽ പ്രകാശിയ്ക്കെപ്പണ്ടു വായിച്ചതോർപ്പൂ ഞാൻ;
കൊടുങ്കാറ്റടിയെപ്പോലും മരുൽപ്പുത്രപ്രതിഷ്ഠയാൽ

നിലപ്പിച്ചവനാ 'സിദ്ധിപദം' താനന്തിമാശ്രമം.
വരൾമണ്ണിൽച്ചിന്മയമാ വിരൽ ചൂണ്ടിയ ബിന്ദുവിൽ
ലോകത്തിലാകെ വർഷിച്ച ഗീതാപുണ്യാഹശുദ്ധിപോൽ
ഉറന്ന ജലമാ 'സിദ്ധി'പദത്തിന്നിന്നുമാശ്രയം.
പിന്നെദ്ദക്ഷിണകൈലാസത്തിങ്കൽവെച്ചവസാനമായ്
പറഞ്ഞ വാക്കോർക്കുവേൻ ഞാൻ, ''ഉണ്ടാവുമൊരു പോംവഴി.''
ശങ്കാരഹിതമീയഷ്ടാക്ഷരമന്ത്രത്തിൽനിന്നു ഞാൻ
ഇനിയെന്നും കേൾക്കുകിലിപ്പുരുഷോത്തമവാങ്മയം
''നാമാവശേഷരായ്ത്തീരില്ല ഭൂമിയിൽ നാമം ജപിപ്പവരെങ്കിൽ,
പൂജ്യമായ്ത്തീരുകില്ലീശ്വരബിംബത്തെപ്പൂജിച്ചിടുന്നവരെങ്കിൽ,
കാട്ടിൽത്തപസ്വികളിപ്പൊഴും ഭാരതനാട്ടിൽസ്സുലഭമാണെങ്കിൽ,
യജ്ഞങ്ങളില്ലാതെയാക്കാൻ ശ്രമിയ്ക്കുന്നതജ്ഞതാജൃംഭണം മാത്രം!''

## മുണ്ടുടുത്തിരുന്നില്ല

രാജവീഥിയിലൂടെ പായുന്നൂ രഥം, വൃദ്ധ–
രാജകൽപന 'നിർത്തൂ രഥ' മെന്ന,പ്പോഴേയ്ക്കും
വെയിലിൽച്ചിന്തുന്നുവോ സ്വാമിതന്നരവാളി–
ന്നുയിർപോൽശ്ശോണപ്രഭ? സാരഥിയുടെ കയ്യിൽ
ഹൃദയം കട്ടയ്ക്കവേ കടിഞ്ഞാൺ കടിയേറ്റു
വിദയം സ്തംഭിയ്ക്കുന്നു കുതിരക്കുളമ്പൊച്ച!
ഇരുഭാഗത്തും കാലടിപ്പാതച്ചുമർപോലെ
നിരയായ് നിൽക്കും കൂപ്പുകൈക്കീഴിൽ ശ്വസിപ്പോരോ,
ഉടനെക്കേൾപ്പൂ ചാടിയെഴുന്നേറ്റിടും രാജാ–
വിടനെഞ്ചിൽ കൈവെച്ചു മൊഴിയും മുദ്രാവാക്യം,
''കണ്ണിലെത്തിമിരശസ്ത്രക്രിയയ്ക്കുശേഷം ഞാ–
നിന്നല്ലോ തിരികെസ്സിംഹാസനം കരേറുന്നു.
മിണ്ടീലാ ഭവൽഭയദൈർഘ്യമെങ്കിലുമിന്നു
കണ്ടെത്തീ ചക്ഷുസ്സുപ്രഭാതമെൻ വൈരൂപ്യത്തെ
മുണ്ടുടുത്തിരുന്നില്ല നിങ്ങളെച്ചെങ്കോൽകൊണ്ടു
ദണ്ഡിച്ചു വിരാജിച്ച ഞാനെഴുപതു വർഷം!''
ചിത്രത്തിൽ വരച്ചപോൽ നഗരം നിൽക്കുന്നു നി–
ശ്ചിന്തം, അശ്രുവിൽത്താണുകേണപേക്ഷിപ്പൂ ഭൂപൻ,
''മുണ്ടുടുത്തിരുന്നില്ല ഞങ്ങൾതൻ ഭൂപാലനി–
ക്കണ്ട കാലത്തൊന്നുമെന്നുച്ചത്തിൽപ്പറയുവിൻ.
[1]ഉത്തഭിതയാവുന്നു സൂര്യനാൽദ്ദിവം മാത്രം
സത്യമേ മാർഗ്ഗം ഭൂമിയ്ക്കുത്തഭിതയായ്ത്തീരാൻ!''
പറക്കാൻ കെൽപില്ലാത്ത[2] തീവിഴുങ്ങികൾപോലെ
പറയാൻ നാപ്പേരാതേ പട്ടണം നിലക്കൊൾവൂ.

## ആനയുടെ മൗനം

എന്റെ മസ്തകത്തിന്മേലിരിക്കുമീ–
രേഴുലകിന്റെ നാഥനായുള്ളോവേ,
എന്തുകൊണ്ടെന്റെ തോളിലിരിപ്പവ–
രെന്റെ തോളിലാണെന്നു മറക്കുന്നു?

ആനയായിജ്ജനിക്കയാലല്ലയോ
ഞാനനുഭവിക്കുന്നതിസ്സങ്കടം?
പൂനയാകിൽ,പ്പേനാകിൽ, ബ്ഭഗവൻ, ഈ–
മാനഹാനി വരുമായിരുന്നുവോ?
ഞാനിവർതൻ മടമ്പിടിയേറ്റിട്ടും
മാനഭംഗം മനസ്സിലൊതുക്കുന്നു,
മത്സിരകളിൽത്തത്തിക്കളിക്കും നി–
ന്നുത്സവാഹ്ലാദമൊന്നുകൊണ്ടല്ലയോ?
നിന്റെ കോലം പിടിച്ചുറങ്ങുന്നവൻ
നിന്നെത്തന്നെ വിഗണിക്കയല്ലയോ?
ആലവട്ടങ്ങൾ നീട്ടിപ്പിടിച്ചവ–
ന്നാവിധത്തിലുറങ്ങുവാനാവില്ല,
പിന്നിൽനിന്നു വെൺചാമരം വീശുവോൻ
ചിന്നിടുന്ന വിയർപ്പിൻ കെടുമണം
ഒന്നിടവിട്ട മാത്രയിൽത്തന്നിരു–
ചെന്നിയിൽക്കൂടി മൂക്കത്തടിക്കയാൽ.
എങ്കിലും നാലുപേരും ഭഗവൻ, ഈ–
യെന്റെ സത്വം മറന്നു കളഞ്ഞല്ലോ!
എങ്കിലും ഞാൻ പുറത്തതു കാണിപ്പീ–
ലെന്തുകൊണ്ടെന്നറിയുന്നു നീമാത്രം!
നാലുകാലിൽക്കുരുങ്ങുന്നതും കെട്ട
കാലമല്ലി, മുജ്ജന്മമൗഢ്യങ്ങൾതൻ–
ലീല മാമകാത്മാവിന്റെ ദുഷ്കൃത–
മാല? രണ്ടുഭാഗത്തും വെളുവെളെ
കൂർത്ത കൊമ്പെനിക്കെന്തിനാണ,ങ്ങതൻ
ധൂർത്തുപോലൊരുക്കോലോളം നീളത്തിൽ?

എന്റെ മസ്തകത്തിന്മേലിരിക്കുമീ–
രേഴുലകിന്റെ നാഥനായുള്ളോവേ,
എന്തുകൊണ്ടെന്റെ തോളിലിരിപ്പവ–
രെന്റെ തോളിലാണെന്നു മറക്കുന്നു?
എന്റെ കൊമ്പത്തിടങ്കൈ മുറുക്കിയു–
മെന്റെ പാപ്പാനാണെന്ന ഗമയൊടെ

തോട്ടി മറ്റേക്കരത്തിൽപ്പിടിച്ചുള്ളി–
ലാട്ടിടയന്റെ ചൂളം മുഴക്കിയും
നിൽപ്പവനെക്കുറിച്ചു ഞാൻ ചെയ്‌വീല
ജൽപ്പമൊന്നുമീയുത്സവവേളയിൽ.
എങ്കിലും കൈയിൽക്കോലുവിളക്കുമാ–
യെന്റെ മുന്നിലീ നിൽക്കും വയോധികൻ
ചെണ്ടകൊട്ടിന്റെ താളത്തിനുതല–
മണ്ടയാട്ടിത്തളരും ദയാനിധി
അഞ്ചുപത്തു കദളിപ്പഴങ്ങളെൻ
ആനവായിൽത്തിരുകിയ വേളയിൽ
ത്വൽപ്രസാദത്തിൻ മാധുര്യമെത്രമേ–
ലുൽപ്പുളകദമെന്നുമറിവു ഞാൻ.

## ആൻഡ്രോക്ലിസ്

വണ്ടൊരാഫ്രിക്കൻയജമാനൻതന്നടിമയായ്–

പ്പാർത്തവനാൻഡ്രോക്ലിസ്സ്, ആച്ചരിത്രം കേട്ടിട്ടില്ലേ?
യജമാനൻതൻ ക്രൗര്യം പൊറുക്കാഞ്ഞൊളിച്ചോടി–
യഭയം തേടീ കാട്ടിൽഗ്ഗുഹയിൽപ്പരവശൻ!
ഉടനെഗ്ഗുഹയ്ക്കുള്ളിലെത്തിയ സിംഹത്തിൻ കൈ–
പ്പടത്തിൽക്കണ്ടാനവൻ ചോര; നിർഭയനുടൻ
പറിച്ചു നീക്കി സിംഹക്കൈപ്പടത്തിലെ മുള്ള–
പ്പൊഴേയ്ക്കും യജമാനഭൃത്യന്മാർ കിതച്ചെത്തി.
പിടികൂടിനാരാൻഡ്രോക്ലിസ്സിനെ, വലിച്ചിഴ–
ച്ചൊടുവിൽ സമർപ്പിച്ചാരവർ മേലാവിൻ മുമ്പിൽ.
തുടുത്തു മേലാവിൻ കൺകടയ്ക്കൽക്കോപം, പല്ലു
കടിച്ചു കൽപ്പിയ്ക്കയായ്ഗ്ഗംഭീരനത്യുച്ചത്തിൽ,
''ഈയടിമയെസ്സിംഹത്തീറ്റയാക്കുവിൻ നിങ്ങൾ!''

ഉടനെബ്ബലാൽക്കെട്ടി വലിച്ചു നിർദ്ദാക്ഷിണ്യ–
മുടജത്തിലേയ്ക്കാൻഡ്രോക്ലിസ്സിനെബ്ഭടർ വീണ്ടും.
പരിശോധിച്ചു ഗുഹാമുഖത്തു ചെന്നിട്ടവർ,
എരിയുന്നുണ്ടോ സിംഹക്കണ്ണുകളകത്തെങ്ങാൻ?
ഉണ്ടതാ, മനുഷ്യച്ചൂരടിയ്ക്കെസ്സിംഹം പാഞ്ഞു–
കൊണ്ടണയുന്നു, ഭടർ തിരിഞ്ഞു പറക്കുന്നു!
ശേഷിച്ചു ഗുഹാമുഖത്താൻഡ്രോക്ലിസ്സേകൻ, തീരെ–
ശ്ശേഷിയില്ലവന്നെഴുന്നേറ്റുനിൽക്കുവാൻപോലും!
കൂട്ടിലെസ്സിംഹം വന്നു നാറ്റിനോക്കുന്നു സ്വന്തം
തീറ്റയെ,പ്പെട്ടെന്നതിൻ കണ്ണുകൾ നിറയുന്നു!
'ഇവനെൻ കൈപ്പത്തിയിൽനിന്നു മുള്ളെടുത്തവൻ;
ഇവനെസ്സംരക്ഷിച്ചാലെന്നെ ഞാൻ സംരക്ഷിച്ചു.''
പേടിച്ചു വേർത്തും വെറുങ്ങലിച്ചും കിടക്കുന്ന
പാവത്തിന്നുടൻകിട്ടീ സിംഹത്തിൻ കരുണയാൽ
മാൻ മുയൽ മാടെന്നിവ തന്നിറച്ചികൾ, മർത്യൻ
സാമോദം സിംഹത്തൊടൊത്തുറങ്ങീ മടയ്ക്കുള്ളിൽ.

കാട്ടിലായിട്ടും പാഞ്ഞുപാഞ്ഞുകൊണ്ടോടിപ്പോയീ
കാലം, അങ്ങനെയിരിയ്ക്കുമ്പൊഴാണൊരുനാളിൽ
മാംസവും പലതരം പഴവും ഭുജിയ്ക്കയാൽ
മാംസളശരീരനായാൻഡ്രോക്ലിസ്സെത്തിച്ചേർന്നു
മേലാവിൻ ദർബാറിലേയ്ക്ക,വന്റെ കൂടെത്തന്നെ
മേഘഗർജ്ജനം പോലെസ്സിംഹവും പ്രവേശിച്ചു.
എഴുന്നേൽക്കുന്നു ഭൃത്യസഹിതൻ യജമാനൻ
പഴവും പാനീയവും മേശമേൽ നിരക്കുന്നു.
ദേവലോകത്തിൽച്ചെന്നമാതിരി, സൽക്കാരത്താൽ
പാവമാൻഡ്രോക്ലിസ്സിന്നു വീർപ്പുമുട്ടുണ്ടാവുന്നു,
''ഇമ്മന്നിൽ മറ്റാരുള്ളു മൃഗശിക്ഷണകലാ–
മർമ്മജ്ഞൻ നിന്നെപ്പോലെ ഞങ്ങൾതന്നാൻഡ്രോക്ലിസ്സേ!''
പണ്ടൊരിയ്ക്കലുമുണ്ടാവാത്ത വിസ്മയത്തോടെ–
ക്കണ്ട ഭക്ഷണമൊക്കെസ്സാപ്പിട്ടു സിംഹത്താനും.

തിരികെപ്പോകെപ്പക്ഷേ പെരുത്തു സന്തോഷത്താൽ–
ച്ചിരിയ്ക്കുമടിമയോടോതിനാൻ മൃഗമേവം:
''എന്തുള്ളു മൃഗങ്ങളും മനുഷ്യന്മാരും തമ്മി–
ലന്തരമെന്നിന്നങ്ങയ്ക്കറിയാൻ കഴിഞ്ഞല്ലോ!''

# ഈജിപ്തിലെ ഒരു നാടോടിപ്പാട്ട്

പാരീസിലനുജൻ വാഴും
ഫ്ളാറ്റിൽ വായിച്ചിരിയ്ക്കവേ,
മനസ്സിൽ ബാക്കിയായ്ത്തീർന്ന
ഗാനം തർജ്ജുമചെയ്തു ഞാൻ.

''അലയടിച്ചൊഴുകുന്ന നയിൽനദിയ്ക്കപ്പുറ–
ത്തവളൊറ്റയ്ക്കങ്ങനെ നിന്നിടുന്നു.
നദിതന്നഗാധജലാശയത്തിൽക്കൂറ്റൻ–
മുതല നിശ്ശബ്ദം പതിയിരിപ്പൂ.
മധുരമെന്നനുരാഗപരിശുദ്ധിയ്ക്കടിയിലോ,
കുടികൊൾവൂ ശക്തിമത്തായ ഹർഷം.
നദിയെൻ കാൽക്കീഴിലെബ്ഭൂമിയായ്ത്തീരുന്നു,
കുതികാലടികളെക്കാത്തു നിൽപ്പൂ.
അവൾ നിൽക്കും ഭൂമിയിലെത്തുകയാണുഞാ,–
നറുകയാണസ്മദ്വിയോഗദുഃഖം.
അവളുടെ പാണി ഗ്രഹിപ്പിതെൻ പാണിക–
ളവളെന്റെ മാറോടു ചേർന്നിടുന്നു.''

വായിപ്പേൻ വീണ്ടുമാഗ്ഗാനം
കാണ്മേനുടനെ മുന്നിൽ ഞാൻ:
ശവത്തോണിപ്പുറത്തേറി–
ച്ചരിപ്പൂ വിലമംഗലം!

# തിത്തിത്യുരുള

ഏകാന്തതയിലിരിയ്ക്കുമ്പോളൊരു
മൂകവിഷാദം മൂളുന്നു:
കയ്യിലിരിയ്ക്കും ദിനപത്രത്തിൽ
കണ്ണീർത്തുള്ളികൾ വീഴുന്നു.

ൟൟ

എപ്പോളെന്തിന്നെവിടേയ്ക്കെങ്ങനെ
പൊയ്പോയ് ഭാരതസംസ്കാരം?
തേനാൽപ്പാലാൽ ഭൂമിയെ മുഴുവൻ
തേവിനനച്ച പരിഷ്കാരം?
തട്ടിപ്പറിയും പൊത്തിപ്പിടിയും
വെട്ടിപ്പിടിയും പോരാതെ
തലവേട്ടയിലാത്മാഹുതി ചെയ്യും
കലയായില്ലേ സ്വാതന്ത്ര്യം!
അക്ഷരകലതന്നാശാന്മാരും
കക്ഷിവിരോധല്ലാക്കൗട്ടാൽ
സത്യത്തുറമുഖവാതിൽക്കൽപ്പോയ്
'തിത്തിത്യുരുള'കൾ തേടുന്നു.
അടിച്ചുടയ്ക്കുവിനടിച്ചുടയ്ക്കുവി–
നാദർശത്തിൻ പ്രതിമകളെ.
സോഷ്യലിസത്തിൻ മുതുകത്തും നാം

സോഡാക്കുപ്പിയുടച്ചില്ലേ?
എങ്ങു ഡമോക്രസി സെക്യൂലറിസമെ,–
ങ്ങെല്ലാമുട്ടോപ്പിയയായി!
വേലികൾപോലും വിളതിന്നു, നാം
വാലാട്ടാതെ കിടന്നാലോ?

ഘഘഘ
വാലില്ലെന്നോ പിന്നിൽ! ഹാ തിരു–
മാലിത്തരമാരൊപ്പിച്ചു?
വാലില്ലെങ്കിൽപ്പോട്ടേ, വായും
വഡ്ഢിയുമില്ലേ? പല്ലില്ലേ?
കൊമ്പുകുലുക്കിയെണീയ്ക്കിൻ, നിങ്ങടെ
കൊറ്റു കുശാലായ്ത്തീരട്ടേ.
മുന്നോട്ടായും മുമ്പു പൊടുന്നനെ
നിന്നേ പോയോ? പറ്റില്ല!
കഴുത്തിലുണ്ടോ ചൂടി?ശരിയ്ക്കതു
കാണാൻ വൈകിപ്പോയെന്നോ?
കുറ്റിപറിയ്ക്കാൻ കൊമ്പുകുലുക്കി–
കുതറിക്കുത്തിയിളക്കുമ്പോൾ
കമ്പുള്ള മുളങ്കുറ്റികളേൽക്കെ–
ക്കണ്ണിൽച്ചോരപൊടിഞ്ഞെന്നോ?

ഘഘഘ
എപ്പോളെന്തിന്നെവിടേയ്ക്കങ്ങനെ
പൊയ്പോയ് ഭാരതസംസ്കാരം?
തേനാൽപ്പാലാൽ ഭൂമിയെ മുഴുവൻ
തേവിനനച്ച പരിഷ്കാരം?
ഉപ്പിൻചാക്കു ചുമന്നവനെപ്പോ–
ലുണ്ടതുമുഴുവൻ വേർത്തല്ലീ
ഹോട്ടലിൽനിന്നു പുറത്തുവരും മു–
മ്പൊട്ടിപ്പോയീ വയറാകെ?
ഓരോ ദിനവും പുലരുമ്പോഴേ–
യ്ക്കോരോ പൈസ ചുരുങ്ങുന്നു
കൈയിലെ രൂപയ്ക്കെന്നാൽപ്പച്ച–
പ്പയ്യായ് നമ്മളുറങ്ങുന്നു.
എങ്ങിനെയെന്തിന്നീ വില പെട്ടെ–
ന്നിങ്ങിനെ മേലോട്ടുയരുന്നു?
ചിന്തിപ്പീലാ നമ്മളതൊന്നും
ചിന്തിച്ചാലും പറയില്ല.
പറഞ്ഞതാരും മൈക്കുകളലറും
കറപറമൂലം കേൾക്കില്ല.
കേട്ടാൽപ്പോലും പ്ലാവില തേടി–
ക്കെണിയിൽച്ചാടാൻ മുതിരില്ല.
ഇല്ലാതായി വെളിഞ്ചന്തകളിഹ,
ബില്ലായീ കൈക്കൂലിയ്ക്കും.
ഒന്നാം ക്ലാസ്സിൽക്കയറാൻ മാസ്റ്റർ–
ക്കൊന്നരലക്ഷം പോരത്രേ!
എങ്കിലുമഞ്ചാമത്തെക്കൊല്ലം
വങ്കശ്ശാരായ്ച്ചെല്ലുന്നു
വരിയായ്നിന്നൊരുതകരപ്പെട്ടിയി–

ലൊരു വോട്ടിട്ടുകൊടുക്കുന്നു.
നമ്മുടെ നേതാവായ് ഞെളിയട്ടേ
നാണം കെട്ടവരാരാനും!

ഀഀഀ

എപ്പോളെന്തിന്നെവിടേയ്ക്കെങ്ങനെ
പൊയ്പോയ് ഭാരതസംസ്കാരം?
തേനാൽപ്പാലാൽ ഭൂമിയെ മുഴുവൻ
തേവിനനച്ച പരിഷ്കാരം?
എവിടെപ്പോയീ ഗാന്ധി മഹാത്മാ–
വെവിടെപ്പോയീ നേതാജി,
എവിടെപ്പോയീ ജയപ്രകാശജി–
യെവിടെപ്പോയി വിനോബാജി
പോയീ ലോഹ്യകളെവിടേയ്ക്കെ, മ്മെൻ
റോയികൾ, ദീനദയാലുക്കൾ?
മറന്നുപോയോ ജനാധിപത്യം,
മതേതരത്വം മുതലായി
പണ്ടുരുവിട്ടു പഠിച്ചതുമുഴുവൻ?
പറഞ്ഞു തരുമോ ദയവായി?
പ്രത്യുൽപ്പാദകഭാവിയുഗത്തിൻ
വിത്തും പണയം വെയ്ക്കുമ്പോൾ,
തേറുവതെന്തോ മൈസൂർക്കാട്ടിലെ
വീരപ്പൻതൻ ചിരി നമ്മൾ?

ഀഀഀ

ഏകാന്തതയുടെ മൂകവിഷാദം
ലോകത്താകെപ്പടരുമ്പോൾ,
പകരും കണ്ണീർത്തുള്ളികളാൽദ്ദിന–
പത്രം പൾപ്പായ്ത്തീരുന്നു.

# സാഹോദര്യം

'സ്ക്കൂളുതുറക്കും നാളെ–

ച്ചോദിയ്ക്കും ക്ലാസുമാസ്റ്ററൊരു പക്ഷേ
'രാജീവ' ന്നെന്തർത്ഥം?
പറയാൻ കഴിവുള്ള കുട്ടിയെഴുനേൽക്കു!

രാജീവം താമരയെ–
ന്നെഴുതിക്കണ്ടൂ നിഘണ്ടുവിൽപ്പക്ഷേ,
കണ്ടില്ലാ, 'രാജീവ'നെ,
'രാജീവ'ന്നാന്തരാർത്ഥമെന്തച്ഛാ!''

മകനെത്തടവിയിരുത്തി–
ത്താലോലിച്ചച്ഛനുത്തരം നൽകീ:
''രാജീവൻ' താമരയുടെ
പൗരുഷമെന്നുത്തരം പറഞ്ഞോളൂ.''

''പൗരുഷമെന്താണച്ഛാ?''
കൂനിന്മേൽക്കുരു മുളച്ചുപൊന്തുന്നു!
അച്ഛൻ പറവൂ പിന്നെയു–
മൽപ്പസ്മിതമൂറിവന്ന മിഴിയോടെ:

''പൗരുഷമീ ബ്രഹ്മാണ്ഡക–
ടാഹത്തിൻ പഞ്ചഭൂതരസമത്രേ,
എങ്ങനെയെന്നും പറയാം;
ഭൂതരസം ഭൂമിമാത്രമാകുന്നു!

ഭൂരസമോ? ജലമത്രേ,
ജലരസമാണൗഷധങ്ങൾ, അവയാലേ
പൗരുഷരസമുളവായീ;
പൗരുഷമേ പിന്നെ വാക്യരസമായീ.
വാക്യരസത്തിൻ രസമാ–
ണൃക്കുകൾ, അവതൻ വിശിഷ്ടരസമത്രേ
സാമം; സാമരസോത്തമ–
മുൽഗീഥം; അതിന്നുമേലെ രസമില്ല!

ഇനിയൊരു കാര്യം മാത്രം;
വേദാന്ത്യഗളൽസഹോദരസ്നേഹം!
ഹൃദയം മന്ത്രം സമിതിയു–
മാകൂതിയുമാം സമാനതാസ്വർഗ്ഗം!''

മകനിരുകൈയും പൊക്കി–
പ്പെട്ടെന്നച്ഛന്റെ നിറുകയിൽച്ചേർത്തു;
വീടൊരു പൊട്ടിച്ചിരിയായ്!
''പിതൃപുത്രർക്കിതു സമാനതാസ്വർഗ്ഗം!''

## അശ്വത്ഥം

'വിഷ്ണുപൂജ നടത്തുന്ന കൂട്ടരാരാകിലും ശരി

കണ്ടഭാവം നടിയ്ക്കില്ല മിണ്ടില്ലവരൊടിന്നി ഞാൻ.'

''വിഷ്ണുപൂജ നടത്തുന്ന
കൂട്ടരാരാകിലും ശരി
കണ്ടഭാവം നടിയ്ക്കില്ല,
മിണ്ടില്ലവരൊടിന്നു ഞാൻ''

ആലിന്റെ തറയിൽച്ചമ്രം പടിഞ്ഞും കൊണ്ടിരിയ്ക്കവേ
ഇരുകണ്ണും തുറിപ്പിച്ചു ഗർജ്ജിപ്പൂ രണ്ടു മൗനികൾ,

രണ്ടുപേർക്കും തണൽവിരിച്ചശ്വത്ഥം നിൽപൂ നിശ്ചലം
സഹസ്രാബ്ദങ്ങളെത്താണ്ടി വളരും ധർമ്മപൈതൃകം.

## അന്ധനാര്?

'പട്ടണച്ചില്ലഴികൾ; നൂറാദിത്യാസ്തമനപ്രഭ;

ഇരട്ട വിദ്യുൽക്കണ്ണോട്ടം നിലയ്ക്കാത്ത നിരത്തുകൾ.

ഓരത്തൊറ്റക്കാലിൽ നിൽപ്പാമിരുക്കാലിത്തപസ്വികൾ:
കയ്യിൽപ്പലവ്യഞ്ജനങ്ങൾ, കരളിൽ പ്രാണഭീതികൾ.

പെട്ടെന്നു ബസ്സിറങ്ങീ കണ്ണടക്കട്ടിക്കറുപ്പൊടെ
വളഞ്ഞ ചൂരൽപ്പിടിമേൽ കൈമുറുക്കിയൊരുന്നതൻ.

ഇരുകൺകളിലും ബാല്യം ചിരിയ്ക്കുന്ന വിവേകികൾ
വാഹനച്ചങ്ങലപ്പാച്ചിൽ കഴിയാൻ കാത്തുനില്ക്കിലും

രാജവീഥിയിലെശ്ശബ്ദം കുറുകെത്താണ്ടിനാനവൻ
കവലച്ചട്ടമ്പിമാരും കണ്ണുന്തിക്കൊണ്ടു നില്ക്കവേ,

മനസ്സിലെ വെളിച്ചത്തിൽത്തല നീർത്തിനടന്നുപോയ്
ഇടംവലം നോക്കാതെത്തൻ ചൂരലിന്റെ വഴിയ്ക്കവൻ.

ഇറങ്ങീ പിൻപിടവഴിയിലേയ്ക്കങ്ങോർ തെരുക്കനെ;
കയറേണ്ടുന്നിടത്തൊക്കെക്കയറീ കൂരിരുട്ടിലും.

മുഖത്തെ വേർപ്പൊപ്പുവാൻ കണ്ണടയൂരിയ വേളയിൽ
കണ്ടൂ വഴിവിളക്കത്താച്ചിപ്പിക്കണ്ണുകൾ യാത്രികർ.

വീണ്ടുമദ്ദേഹം നടക്കെ മന്ത്രിച്ചൂ പാർശ്വവർത്തികൾ:
''നടത്തം നോക്കെടോ കാലിൽ നഖക്കണ്ണുള്ള മാതിരി.''

പെട്ടെന്നൊരു ''ഹലോ'' കേട്ടു നിന്ന വൃദ്ധന്നു സുസ്മിതം,
''നീയാണല്ലേ, നമ്മൾതമ്മിൽ കണ്ടകാലം മറന്നുപോയ്.''

''കണ്ടയ്ക്കു പകരം കേട്ടയെന്നല്ലേ വേണ്ടതെ''ന്നുടൻ
ചങ്ങാതി; വൃദ്ധകണ്ഠത്തിൽ പക്ഷേ, കുടമണിസ്വരം,

''കണ്ടയും കേട്ടയും രണ്ടായ് നിൽക്കുന്നൂ നിന്റെ ഭാഷയിൽ,
എനിയ്ക്കു രണ്ടും പര്യായം, അതെന്നദ്വൈതധീരത!''

''എവിടെപ്പോകയാണിപ്പോൾ?'' 'ഗുരുവായൂർക്കു പോണു ഞാൻ!''
'ഗുരുവായൂരപ്പനെ നീ കണ്ടിട്ടുണ്ടോ മുഖാമുഖം?''

''കണ്ടിട്ടില്ലാ താങ്കളേയും ഞാനിജ്ജന്മത്തൊരിക്കലും,
കേട്ടിട്ടില്ലേ ശരിയ്ക്കാറാമത്തേതാണിന്ദ്രിയോത്തമം!

എത്രവട്ടം കേട്ടതാണു, പിന്നെ, നിൻ ശബ്ദമെൻ ചെവി?''
''ഈശ്വരൻതൻ ശബ്ദവും നീ കേട്ടിട്ടുണ്ടായിരിയ്ക്കണം.''

''കേട്ടിട്ടുണ്ടിപ്പൊഴും കേട്ടുകൊണ്ടിരിയ്ക്കുകയാണു ഞാൻ,
വിരാമമില്ലാത്തപോലെയുറക്കത്തിലുണർവ്വിലും!

വായുവന്നെൻ കവിൾകളിൽത്തട്ടുമ്പോളറിയുന്നു ഞാൻ
ഗുരുവായൂരപ്പനിലെക്കാരുണ്യത്തിന്റെ ചുംബനം.

എന്റെ മുറ്റത്തെത്തുളസിച്ചെടിതന്നിലനുള്ളി ഞാൻ
മണത്തുൾക്കൊള്ളുന്നതദ്ദേഹത്തിൻ നിശ്വാസസൗരഭം.

വിശക്കുമ്പോളെന്റെ നാവിൽത്തട്ടുമന്നത്തിൽനിന്നു ഞാൻ
നുണച്ചീടുന്നതദ്ദേഹത്തിന്റെ വാത്സല്യമാധുരി!''

''ഗുരുവായൂരപ്പനെല്ലാടത്തുമുണ്ടെന്നിരിയ്ക്കുകിൽ
അദ്ദേഹത്തെത്തൊഴാനെന്തിന്നവിടെത്തന്നെ പോകണം?''

''അടുത്തൂൺ പറ്റിയ ഭവാൻ നഗരം വിട്ടുപോന്നതും
ജനിച്ച നാട്ടിൻപുറത്തു വീടുവെച്ചതുമെന്തിനേ?''

''എന്തിനേ?'' വൃദ്ധനാവാക്കു വീണ്ടും ചോദിച്ച വേളയിൽ
''ശരി കാണാം വൈകിടാതെ'' യെന്നകന്നാൻ സുഹൃത്തമൻ.

# നാളത്തെ വിപ്ലവം

തവളപിടുത്തക്കാരൊടു
ബഹളം വെയ്ക്കുന്ന തവളവർഗ്ഗങ്ങൾ
ചാടിച്ചാടിവരുമ്പോൾ
ഓടിപ്പോകുന്ന നായ്ക്കളെക്കണ്ടു.

തെക്കുവടക്കില്ലാതവർ
മൂക്കിനുനേരെക്കുതിച്ചുപായുന്നു
വാലുകൾ മൂട്ടിൽത്തിരുകിയു–
മുമിനീരിറ്റുന്ന നാക്കു തുള്ളിച്ചും.

നായപിടുത്തക്കാരോടു
രോഷം കൊണ്ടോടുമവരൊടുച്ചത്തിൽ
തവളകൾ ചൊല്ലീ, ''പായും
വലിയവരേ, നിൽപ്പി,നൊന്നു പറയട്ടെ.''

വലിയവരിൽച്ചിലർ മാത്രം
തലവെട്ടിച്ചൊന്നു നോക്കി, നിന്നില്ലാ,
''കേട്ടാലായെ'' ന്നോർത്താ–
ച്ചെറിയവരപ്പോൾ കരഞ്ഞിതുച്ചത്തിൽ:

''വേഷം കെട്ടാറില്ലാ,
ഭാഷകൾ നാമച്ചടിച്ചുവിൽപ്പീലാ,
റേഷൻ തിന്നാറില്ലാ:
നാമെന്താ ബ്രഹ്മസൃഷ്ടിയല്ലെന്നോ?

ആരുകൊടുത്തൂ കൈപ്പീ–
ത്തീ മനുമക്കൾക്കു നമ്മളെക്കൊല്ലാൻ?
ഒത്തൊരുമിച്ചാൽ നമ്മൾ–
ക്കവരെക്കൊല്ലാനുമാവതുണ്ടാവും.

നായസ്സമുദായികളേ,
നാടോടും വിവരമുള്ള നല്ലവരേ,
വരുവിൻ കാട്ടിൽ നമുക്കൊരു
യോഗം ചേരാം – മൃഗങ്ങൾതൻ യോഗം.

ഇവിടെപ്പുലി, ചെന്നായ്, നരി,
സിംഹം മുതലായ യോഗ്യരുണ്ടല്ലോ,
പശുപോത്താന തുടങ്ങിയ
പരവശരും വേണമെങ്കിൽ വന്നോട്ടെ.''

തവളകൾ ചെറിയവർ, പക്ഷേ,
തൊണ്ടയിൽ മൈക്കുള്ള വംശമാണല്ലോ:
ബഹളം ചെവി കീറുകയാൽ
അവസാനം നിന്നു കേട്ടു നായ്ക്കൂട്ടം.

കാട്ടുമൃഗങ്ങളുമെത്തീ,
പാമ്പുകളെത്തിപ്പടം വിടർത്താടീ;
തവളകളാവർത്തിച്ചൂ,
''നാമെന്താ, ബ്രഹ്മസൃഷ്ടിയല്ലെന്നോ?

തുണിനെയ്തൂ, യന്ത്രപ്പണി
കണ്ടുപിടിച്ചൂ മനുഷ്യരായ്ക്കോട്ടേ:
സത്യത്തിലതും ചെയ്തതു
ഭഗവാനാണെന്നു ബുദ്ധിമാന്നറിയാം.

അറിവുള്ളവർതൻ ചുമതല
യറിവറ്റവരോടദമ്യവാത്സല്യം;
നെടുവീർക്കാൻ വായുതരും
സസ്യകുലത്തെത്തുലച്ചുവിടലല്ല.

തവളകൾ പാമ്പുകൾ നായകൾ
മുതലായവർതൻ സമൂഹസേവകളെ
നാളത്തെ സ്വന്തം നില–
നിൽപ്പിനെയും കൂടി വിസ്മരിച്ചല്ലി

അതിബുദ്ധിവിശാരദരീ–
യറുവങ്കന്മാർ മൃഗീയദോർബലികൾ
അരവയറന്നത്തിന്നീ–
ബ്ഭൂഗോളത്തെക്കൊലയ്ക്കു വിൽക്കുന്നു?''

''ശരിയല്ലേ?'' നാവിന്മേ–
ലുമിനീരൂറുന്ന പാമ്പുകളുമോതീ,
''ഞങ്ങടെ തൊലിയാൽച്ചണ്ടികൾ
നിർമിപ്പൂ പാദുകം മടിശ്ശീല!

തിന്നുകയും ചെയ്വിതിടു–
ക്കിയിലിപ്പോൾപ്പാമ്പിറച്ചി മനുമക്കൾ;
തന്നിൽത്താഴ്ന്നവയെന്തും
തടിമാടന്മാർക്കു മേലിലിരയാവും.

കാരണമോ? കൃമിപോലെ
പെരുകുന്നു പാരിൽ നന്ദികെട്ട വഹ;
ഗുരുവായൂരേകാദശി–
പോലും നോൽക്കാത്ത കാലമായില്ലേ?''

''ഇവരെല്ലാം പറയുന്നതു
ശരിയല്ലേ? നോക്കി, നായ്ക്കളന്യോന്യം;
പറവകളും മരമുകളിൽ
ചിറകു വിടർത്താതിരുന്നു ചെവിയോർത്തു:

നായ്ച്ചെവികളിലെച്ചെള്ളുകൾ
തവളകൾ നാവാൽപ്പറിച്ചുകളയുമ്പോൾ,
ചൂടൊഴിവാക്കാൻ നാവാൽ–
ത്തഴുകുന്നു നായ തവളതൻ മെയ്യിൽ.

ഒടുവിൽസ്സിംഹം ചൊന്നാൻ
ഘനഗംഭീരസ്വരത്തിലൂർജസ്വി,
''ഏവരുമെന്നോടൊപ്പം
വരണം, നാം ഘോഷയാത്രയായ്ച്ചെന്നാൽ

ഗിർവനഭൂവിൽത്തടവിൽ–
ക്കരയും സിംഹങ്ങൾ മുക്തരായ്ത്തീരും
അവരൊടു കൂടിപ്പോകാം
നാസിക്കുവരെത്തളർച്ചയില്ലാതെ.

അവിടെ പ്രസ്സിലടിക്കും
നോട്ടിൻകെട്ടൊക്കെയും ദഹിപ്പിക്കാം;
ത്രിഗുണക്ഷുബ്ധന്മാരീ
മനുമക്കളിരുന്നുപോകുമാ ഞൊടിയിൽ.

കടലാസ്സിൽപ്പുലി പോലാ–
സ്സിംഹത്രിശിരസ്സു കാൺകയാലത്രേ

ജൃംഭിപ്പൂ മനുമക്കളി–
'ലമ്പട ഞാനേ' ഹിരണ്യകശിപുത്വം.''

ഇത്തീ ഭൂമിക്കടിയിൽ
പുകയുന്നുണ്ടെന്ന ബോധമില്ലാതെ
കൊന്നുമരിപ്പൂ കക്ഷിക–
ളിന്നും, തുണിയാൽ മറഞ്ഞ നഗ്നതകൾ.

# റാന്തൽവെളിച്ചം

''എന്തുവേണം?'' ''റാന്തൽ വേണം,''
''എന്തിനാണു റാന്തൽ?''
''അന്തിയായാൽ വീട്ടിനുള്ളിൽ
കണ്ണുകാണാൻ വേണ്ടി.''
''ഇന്ത്യയിലീ വിദ്യുച്ഛക്തി–
യുള്ള കാലത്താരാ–
ക്കുന്ത്രട്ടാണം പീടികയിൽ
വാങ്ങിവെയ്ക്കും സാറേ?''
''ആരെങ്കിലും വാങ്ങുമെന്നു
ബോധ്യമില്ലാതൊന്നും
പീടികയിൽ കൊണ്ടുവന്നു
വെക്കുകയില്ലാരും!''
''എന്നല്ലിപ്പോൾ ഭാരതത്തി–
ലേതിടത്തു കിട്ടും
ചെന്നു ചോദിച്ചാലാവസ്തു–
വെന്നുമറിയില്ല!''
നിന്നനില്പിലൈസായ് ഞാനാ–
പ്പുഞ്ചിരിക്കു മുമ്പിൽ!
''നിങ്ങളേതു പട്ടിക്കാട്ടു–
നിന്നുവന്നു സാറേ?
അന്തരീക്ഷം മെരുക്കിഞാ–
നുത്തരം പറഞ്ഞു:
''ഇന്ത്യയിലെപ്പഞ്ചായത്തിൽ–
ത്തന്നെയാണെൻ വീടും.
വീട്ടുനികുതികൾപോലെ
വോട്ടും കൊടുക്കുന്നു.
നാട്ടുമര്യാദയ്ക്കെൻ പ്രിയ–
നാട്ടുകാരെല്ലാരും.
നിങ്ങടെയീനഗരത്തിൻ
തൊട്ടടുത്തുതന്നെ
ഞങ്ങളുടെ പഞ്ചായത്തു–
മെന്നിരിക്കിൽക്കൂടി
സന്ധ്യയായാൽ വിളക്കില്ല
വിണ്ണിൽ മുകിൽമാല
സല്ലപിച്ചാൽ വിളക്കില്ല,
ഉള്ള വിളക്കാട്ടേ,
കണ്ട മിന്നാമിനുങ്ങിന്നു
കണ്ണിൽപ്പരിഹാസം,

കല്ലെറിഞ്ഞാലെന്തീ ബൾബി–
ന്നെന്നെനിക്കു രോഷം
അക്കടുംകൈയെന്നാൽ ഞാന–
ല്ലാരും ചെയ്തിട്ടില്ല,
ഉൽക്കടസംയമശീല–
രായതുകൊണ്ടല്ല!
'പിന്നയോ?' എന്നാവും താങ്ക–
ളുന്നയിക്കും ചോദ്യം;
പുണ്യമുള്ളതാണു സാറേ,
ഞങ്ങളുടെ ഗ്രാമം!
വിദ്യുച്ഛക്തി മാത്രമല്ല
പൈപ്പുവെള്ളം പോലും
എത്തിക്കഴിഞ്ഞിരിക്കുന്നു
ഞങ്ങളുടെ നാട്ടിൽ!
ഒന്നുമാത്രം ചെവിപിടി–
ച്ചെത്ര തിരിച്ചാലും
വന്നുവെന്നു വരില്ലൊറ്റ–
ത്തുള്ളിപോലും താഴെ.
അതും പറിച്ചെറിയുവാൻ
കൊതിക്കയാൽ പൗരർ
ധൃതിയിലാബ്ബൾബു തല്ലി–
യുടച്ചതുമില്ല!''
''എങ്കിലെത്തിക്കാണുമല്ലോ
ഫോണുമാപ്രദേശ–
ത്തെ'',ന്നു കടക്കാരനെന്റെ
നേരെയൊരു നോട്ടം.
''ഫോണെന്നല്ല വിഡ്ഢിപ്പെട്ടി–
യെന്നഭാഗ്യംപോലും
കാണാമെന്റെ നാട്ടിൽ വന്നാ–''
ലെന്നുടനെ ഞാനും.
എങ്കിൽ സാറേ, കൂടെക്കൂടെ
വിളിയ്ക്കണം ഫോണിൽ
എങ്കിലാപ്പീസർമാർക്കൽപ്പം
ചൂടുകൂടും, തീർച്ച!
''കിട്ടാറില്ലാ പലപ്പോഴും
ട്രങ്കു ബുക്കു ചെയ്താൽ,
എസ്ടീഡി വന്നപ്പോൾ 'പ്ലീസ് വെയ്റ്റ്'
എന്നൊരു വായ്ത്താരി!''
മിണ്ടിയില്ലാ കുറെനേരം,
പിന്നെയെഴുന്നേറ്റു
മുണ്ടുമുറുക്കിക്കൊണ്ടേവ–
മുച്ചരിച്ചാൻ സൗമ്യൻ,
''പണ്ടെങ്ങാണ്ടു കൊണ്ടുവെച്ച
സ്റ്റോക്കിലൊരു റാന്തൽ
കണ്ടുകൂടെന്നില്ലാ, നോക്കാം,
സാറിരിക്കു സ്റ്റൂളിൽ!''

## പറയാൻ വയ്യ

ഭാരതം ഭരതന്റെ നാടെന്നു പറയുന്നു
ഭാരിച്ച നിഘണ്ടുക്കൾ, ഞാനതിൽ ശങ്കിയ്ക്കുന്നു,
'ഭാ' യൊടു 'രതി'യുള്ള രാജ്യമാകയാലല്ലോ
ഭാരതമായി ഹിമാചലസേതുപര്യന്തം.
ഭായെന്നു ചൊന്നാലർത്ഥം ഭാസമന്നത്രേ, പ്രതി–
ഭാസമെന്നല്ലീ ബോധമിങ്ങു മൺതരിതോറും
സുഗഭീരമായ് നീറ്റിൽത്തീപോലെ വിനീതമായ്
യുഗചക്രമണത്താൽപ്പൊലിയാതുയിർക്കൊൾവൂ.

ഊഊഊ

എന്തുകൊണ്ട,തെനിയ്ക്കു പറയാൻ വയ്യാ: സൂര്യ–
നെന്തു കൊണ്ടുദിയ്ക്കുന്നു കിഴക്ക,മ്പിളിമാമൻ
എന്തുകൊണ്ടമാവാസിയ്ക്കില്ലാത്തൂ? ഗ്രഹണങ്ങ–
ളെന്തു കൊണ്ടാദിത്യന്നും ചന്ദ്രന്നും ഭവിയ്ക്കുന്നു?
എന്തുകൊണ്ടിമയനക്കീടുന്നു നക്ഷത്രങ്ങ–
ളന്ധകാരത്തിൽസ്സദാ? പറയാൻ  വയ്യേ വയ്യ!

# ചിന്തയിലരവണ

''എണ്ണതേക്കില്ലേ?'' ഇന്ത്യാനയിലെസ്സുഗഭീര–
മന്ദിരത്തിൽച്ചെന്നപ്പോളാതിഥേയർതൻ ചോദ്യം.
''തേയ്ക്കു'' മെന്നു ഞാൻ; അപ്പോളവർ, ''ഈ നാട്ടിൽപ്പക്ഷേ
തേക്കാറില്ലാരും വെളിച്ചെണ്ണയുമെള്ളെണ്ണയും.
ചേരയെത്തിന്നും നാട്ടിൽ ചെല്ലുകിൽ തിന്നേണ്ടു നാം
ധീരരായ് നടുമുറിയെന്നല്ലേ പഴമൊഴി?
അതുചെയ്യുവാൻ ധൈര്യമില്ലെന്നു വരികിലും
പതിവായൊലീവെണ്ണതേക്കുവോരത്രേ ഞങ്ങൾ!''
''പിടിക്കും തലയ്ക്കെങ്കിൽ സമ്മതം,'' ''ഞങ്ങൾക്കിതു
പിടിച്ചു, കാൽനൂറ്റാണ്ടു കടന്നുംപോയീ പിന്നെ.''
ഉടനെത്തുന്നു കുപ്പി; ലേബൽ ഞാൻ വായിക്കുമ്പോൾ
'ഇതൊലീവിലെയൊലീവിയ'[1] എന്നറിയുന്നു.
രണ്ടുവാക്കിലെയോങ്കാരവും ഞാനുൾക്കൺമുന–
കൊണ്ടുമായ്ച്ചപ്പോൾ ചോദിക്കുകയാണെൻ ജിജ്ഞാസ:
എന്താവാം 'ലിവി'ലുള്ളവാസ്തവം? 'ലിവിയ'യോ?[2]
ചിന്തയിലരവണപ്പായസമലിയുമ്പോൾ,
ബാത്തിലെട്ടബ്ബിൽക്കേറിക്കുളിയ്ക്കെ,ത്തിരിച്ചെത്തി–
ബ്ബാഗിലെ പ്രസാദത്താൽ നെറ്റിയെക്കുളിർപ്പിയ്ക്കെ,
പതിനെട്ടാണ്ടിൻമുമ്പു നടാടെപ്പതിനെട്ടാം–
പടിയിൽ കാൽകുത്തിയ പുളകം വീണ്ടും കൊൾകെ
''ശരണം ഭൂതങ്ങൾതൻ നാഥ, നീ മാത്രം,ദയാ–
പര, ഹേ, മഹാബാഹോ, ഞങ്ങളെ രക്ഷിച്ചാലും!''

ഊഊഊ

ഇപ്പൊഴാ മഹാബാഹുവിന്റെ സംസ്പർശത്താലീ–
യിന്ത്യാനാമുഹൂർത്തത്തിൽ വെച്ചു ഞാനറിയുന്നു:
അഞ്ചു ഭൂതങ്ങൾക്കുമാരപ്പനദ്വേഹംതന്നെ–
യയ്യപ്പൻ! ഇതെൻ'ലിവി'ലുണ്ടായ 'ലിവിയ'യും!

## നാളേയ്ക്കൊരു പഴങ്കഥ

''കറുമ്പൻ, ചപ്രത്തലക്കാര,നാരാണീക്കുള്ളൻ?''

''പരമജ്ഞാനത്തോടെജ്ജീവിച്ചു മരിച്ചവൻ''.
''പേര്?'' ''ഇല്ലാ കാക്കശ്ശേരിപ്പട്ടേരിയെന്നല്ലാതെ''
''പേരിലിക്കാക്കശ്ശേരി കടന്നുകൂടാനെന്തേ''?
''അമ്മിഞ്ഞ കുടിക്കവേ ധരിപ്പിച്ചാനപ്പുത്ര–
നമ്മയെക്കാകന്മാർതൻ മുജ്ജന്മചരിതങ്ങൾ''.
''ശരി, കാരണമെന്തു കിങ്കരന്മാരേ, കെട്ടി–
വരിയപ്പെട്ടെൻ മുന്നിലെത്താനീദ്ധീരജ്ഞാനി?''
''പൂർവരാൽപ്പുരുഷസൂക്താർജിതമിജ്ജീവനിൽ
പുഞ്ജിതമായി സ്വാമിൻ, ഞാനെന്ന മിഥ്യാബോധം!
[1]സ്വന്തമാതാവിൻ പാതിവ്രത്യത്തെപ്പോലും ശാസ്ത്ര–
ബന്ധുരൻ ചോദ്യം ചെയ്തു വീരശൃംഖല നേടാൻ!
[2]സകലാന്തര്യാമിയാമാദിത്യഭഗവാനെ–
സ്സന്ധ്യയ്ക്കുപോലും വന്ദിക്കാനിവൻ മുതിർന്നില്ല!''
''ശരി, താങ്കൾക്കെന്തുള്ളു പറവാനിക്കാര്യത്തിൽ?''
[3]''സ്മരിച്ചേൻ മാതാവിന്റെ ചരണയുഗളം ഞാൻ,
മരിക്കും വരെത്തീണ്ടിയില്ലെന്നെയാപത്സന്ധി;
വരിപ്പേനാവർത്തനശൂന്യമാമപവർഗം,''
''ശരി, നീയർഹിപ്പീല നരകം, വിഹരിക്കൂ
വരിച്ച പുണ്യം തീരുവോളവും സ്വർലോകത്തിൽ!
എങ്കിലുമൊരു ദിനമവസാനിക്കും ശ്രീമൻ,

നിങ്കലെപ്പുണ്യം സാഹങ്കാരമാവുക മൂലം,
ഒരിക്കൽക്കൂടിക്കാക്കശ്ശേരിയിൽത്തിരിച്ചെത്തി
നരജീവിതം നിർവഹിക്കണമെന്നേയുള്ളു.
കൈവരും ശുഭ്രശ്വേതമോഹനം താങ്കൾക്കൊരു
ദൈവദത്തമാം ജന്മം ഹരിതൻ നികടത്തിൽ
പാടിക്കൊണ്ടിരിക്കും നീ ദേവഭാഷയിൽ കൃഷ്ണ–
പാദാംഭോരുഹത്തിന്റെ സൗരഭങ്ങളെപ്പറ്റി
ആയിരം പരിപൂർണകുംഭാഭിഷേകം ചെയ്യു–
മാതിരനിലാവുകൾ നിരഹങ്കാരൻ നിന്നെ.
വസുദേവരെപ്പോലെ വിഷ്ണുവെപ്പൂജിക്കയാൽ
വാസുദേവനെന്നന്നു കീർത്തിക്കപ്പെടും താങ്കൾ!
നിന്നിലെ ജ്ഞാനസ്വർണ്ണം വിനയസുരഭിലം
എന്നുമിന്നാടിൻ ധന്യസ്മൃതിയായ് നിലനിൽക്കും!
നിരവദ്യമാം നിന്റെ 'കാവ്യദർശന'മാവും
നിഖിലപ്രപഞ്ചാത്മസൗന്ദര്യസാക്ഷാൽക്കാരം!
പറയുന്ന ഞാനാരെന്നറിയാമങ്ങേ,ക്കില്ലേ?
പരമധർമത്തിന്റെ മൂർത്തി ഞാൻ ഹരിദാസൻ!''
''പണ്ടജാമിളനെയും കൊണ്ടുവന്നപ്പോളല്ലാ–
തുണ്ടായിട്ടില്ലാ ഞങ്ങൾക്കിത്രയും ജാള്യം സ്വാമിൻ!''

## കൊല്ലങ്കോട്ടെ പെരുമ്പറ

‘‘കാശ്യപക്ഷേത്രമാഹാത്മ്യം നോക്കി ഞാൻ കണ്ണടയ്ക്കവേ.
നിചുളാഖ്യപുരേശൻ വന്നെത്തിനാൻ കുഷ്ഠപീഡിതൻ
ഭൃഗുരാമാശ്രമത്തിങ്കൽ പണ്ടേതോ പുലർവേളയിൽ
‘‘വന്നതെന്തെ’’ന്നു ചോദിക്കെ കൈകൂപ്പിച്ചൊല്ലിനാൻ നൃപൻ.
‘‘രാജാവായിട്ടെന്തു കാര്യം? കണ്ടില്ലേ താങ്കളെന്നുടൽ?’’
‘‘നിചുളാഖ്യത്തിൽ നിന്നെത്തിയിത്രയും ദൂരമെങ്ങിനെ?’’
ഞൊടിനേരം കണ്ണടച്ചശേഷം ചൊല്ലീടിനാൻ നൃപൻ,
‘‘ശീലാവതീതുല്യശീലവതിയാമെന്റെ പത്നിയെ
കാണുന്നില്ലേ? ദ്രോണവതിയിവളാണെന്റെ സർവവും!’’
‘‘അങ്ങതൻ പേരുചോദിച്ചില്ലെ’’ന്നു രാമൻ ചിരിക്കവേ
‘ധർമവർത്മാ’വെന്നു ചൊന്നാൻഭൂപാലൻ വിനയത്തോടെ,
‘‘ശരി, നിങ്ങളുടൻതാനെൻ കുളത്തിൽപ്പോയ് കുളിക്കുവിൻ,
കാച്ചാങ്കുറുശ്ശിത്തൊഴുതു വന്നിങ്ങൂണു കഴിക്കുവിൻ!’’
രാമനിങ്ങനെ കല്പിക്കെയാനന്ദത്തിൽക്കുളിച്ചവർ
കുളത്തിലും ചെന്നു മുങ്ങിക്കുളിച്ചൂ വേണ്ടമാതിരി
പിന്നെബ്ഭഗവതീസ്തോത്രം ചൊല്ലിത്തൊഴുതു ദേവിയെ,
തിരിഞ്ഞപ്പോഴേക്കു വാടീ രാജാവിൻ വ്രണമത്രയും.
ആശ്രമത്തിൽച്ചെന്നു രണ്ടുപേരുമുണ്ണാനിരിക്കവേ
സസ്മിതം ചോദിച്ചു രാമൻ, ‘ഉണങ്ങീ വ്രണമില്ലയോ?’
അത്യാശ്ചര്യത്തൊടെദ്ദമ്പതിമാരാക്കാൽക്കൽ വീഴവേ,
പാലക്കാട്ടു ചുരം തീർത്തസാക്ഷാൽപ്പരശുരാമനാൽ
വർഷിക്കപ്പെട്ടിതാദ്ധർമവർത്മശീർഷത്തിലക്ഷതം.
‘‘വെങ്ങുന്നാടു ഭരിച്ചാലുമങ്ങു നമ്പിടിയായിനി,’’
ഉയർന്നുവന്നൂ കൊട്ടാരം, ഭരിച്ചൂ നാടു നമ്പിടി;
തദിച്ഛപോൽ ദ്രോണവതി വിളങ്ങീ സർവദിക്കിലും,
എന്നെന്നും പതിനാറാമാ രാജ്ഞിതന്നംഗഭംഗിയും
ജനങ്ങളെദ്ദേവിതന്നെയായിദ്ദർശിച്ച ഭക്തിയും
കണ്ടാഹ്ലാദിച്ച പൗരന്മാർ ശൂരസേനാദിവേഷരായ്
വന്നു നൃത്തം വെക്കുകയായ്കൊട്ടാരത്തിലിടയ്ക്കിടെ.
അപ്പോൾദ്ദേവീകടാക്ഷത്താലുണ്ടായ മകനിട്ടു പേർ
‘ഹേമാംഗ’നെന്നച്ഛ,നവൻ അമ്മതൻ ഛായയാകയാൽ.
അവന്നച്ഛന്റെ നാടായ നിചുളം കാണുവാൻ കൊതി;
അതു തെറ്റാണെന്നു ചൊല്ലാനാളായില്ലച്ഛ, നമ്മയും.
പിതാക്കളൊത്തു ഹേമാംഗൻ സോത്സാഹം പിച്ചവെക്കവേ
കല്ലും മുള്ളും പഞ്ഞിപോലെച്ചവട്ടിത്തള്ളിയെങ്കിലും,
കരിമ്പും പനയും മാവും പുലാവും മലവാഴയും
അനുഗ്രഹിക്കയാൽ, തീണ്ടീലവരെപ്പശിയെങ്കിലും,
സഹ്യന്റെ ഹൃദയംപോലെത്തണുത്ത തടിനീജലം
കുളിക്കാനും കുടിക്കാനും നീളെക്കൈവന്നുവെങ്കിലും,
പന്നി സർപ്പം നരി പുലികാട്ടാനയുമെതിർക്കിലും
ഏറുമാടങ്ങളിൽക്കേറിയുറങ്ങീ സുഖമെങ്കിലും,
മലമ്പുഴയ്ക്കൽ വെച്ചച്ഛൻ മകനോടേവമോതിനാൻ,
‘‘ഇതാണു ഹേമാംഗ, ദാക്ഷിണാത്യർക്കിക്ഷുമതീനദി.’’
മൂന്നുപേരും തോണി കേറിപ്പുഴവെള്ളത്തിൽ നീങ്ങവേ
പെട്ടെന്നൊരു കൊടുങ്കാറ്റിൽ തുഴ ദൂരെത്തെറിക്കയാൽ
കടത്തുകാരന്റെ വായിലയ്യോവിളി മുഴങ്ങവേ,
കരിങ്കാറാൽ ദിങ്മുഖങ്ങൾ കനക്കെച്ചക്രവാതമായ്
തുള്ളിക്കൊരു കുടംപെയ്ത മഴയാൽ തോണി മുങ്ങവേ....

പിന്നെയെന്തുണ്ടായി? മറ്റേക്കരയിൽ ഘോരമാരിയിൽ
വിറച്ചു നിന്നിടും ധർമവർത്മാവിന്നില്ലൊരോർമയും
മഴയേറ്റു മണൽത്തിട്ടിലബോധം വീണിരിക്കിലും
നീറി ദ്രോണവതിക്കുള്ളിൽ പ്രാണൻ, ''ഹേമാംഗനെങ്ങു പോയ്?''
കടത്തുകാരും നാട്ടാരും കഴിവുള്ളത്ര ശക്തിയിൽ
പുഴവെള്ളത്തിൽ മുങ്ങിത്തപ്പുകയായി ദിനംപ്രതി,
ഗ്രാമപ്രഭുക്കൾ പൂജിച്ചരാജാവോടൊത്തു രാജ്ഞിയും
നിചുളത്തിൽച്ചെന്നുചേർന്നാരൊടുവിൽപ്പട്ടുമഞ്ചലിൽ.
വിവരം കേട്ടു പാഞ്ഞെത്തിക്കരഞ്ഞൂ ജനസഞ്ചയം;
മരിക്കാത്ത ശവംപോലെ രാജാവും നിന്നു രാജ്ഞിയും!
പുഴയിൽ കരുവാൻ കണ്ട ജീവൻ പോകാത്ത കുട്ടിയെ
പല മാസം ചികിത്സിക്കെസ്സംസാരിച്ചു ശരിക്കവൻ:
''രാജാവാം ധർമവർത്മാവിൻ മകൻ ഹേമാംഗനാണു ഞാൻ;
അമ്മതൻ പേർ ദ്രോണവതി; നിചൂളാധിപരാണവർ.
വെങ്ങുന്നാടിൻ നാഥനുമെന്നച്ഛനാണ,തുകൊണ്ടുടൻ
അവരെക്കാണുവാനത്യാഗ്രഹമുള്ളവനാണു ഞാൻ''.
കരുവാൻ നാട്ടുകാരോടു പറഞ്ഞു കാര്യമെങ്കിലും
അവരും കണ്ടെത്തിയില്ലാ ഹേമാംഗന്റെ പിതാക്കളെ.
ആലയിൽ കരുവാനൊത്തു വളരും രാജപുത്രനോ,
ഉലയൂതുന്നതോടൊപ്പം പഠിച്ചൂ കാടിളക്കലും
താനുണ്ടാക്കിയ കൂരമ്പാലവൻ നേടിയവിശ്രമം,
കരുവാന്നും നാട്ടുകാർക്കുമൂർജസ്വലത നിത്യവും.
സമൃദ്ധശ്മശ്രുവായ്ത്തീർന്ന യുവാവവനൊരന്തിയിൽ
കരുവാനോടു സസ്നേഹം പറഞ്ഞൂ ദീർഘദർശനൻ,
''ജീവദാതാവങ്ങെനിക്കു പിതൃസന്നിഭനെങ്കിലും,
അനുഗ്രഹിക്കണം, കാക്കകരഞ്ഞാൽ പോകയാണു ഞാൻ.
മൃതൻ ഞാനെന്നു കേണെങ്ങോ വാഴുന്നുണ്ടച്ഛനമ്മയും;
അവരെക്കാണാതുറക്കംവരില്ലെന്നായ്ക്കഴിഞ്ഞു മേ.
വെങ്ങുന്നാട്ടിൽച്ചെന്നലഞ്ഞാലറിയാമവർതൻ സ്ഥിതി,
ഭൃഗുരാമൻ ചിരഞ്ജീവിയാണെന്നും കേട്ടതാണു ഞാൻ.''
നിറകൺകളൊടെച്ചൊല്ലീ കരുവാൻ കരുവാത്തിയും,
''ദേഹത്തിൽ മാത്രമല്ലുണ്ണീ, വാക്കിൽ, നിന്റെ മനസ്സിലും
തിളങ്ങുന്നൂ പത്തരമാറ്റെന്നതിന്നില്ല സംശയം
നിന്നോടുകൂടിക്കഴിഞ്ഞ ദിവസങ്ങളിൽ ഞങ്ങളും
അറിഞ്ഞു ദൈവേച്ഛയെന്ന വാക്കിന്റെ മഹനീയത.
പതിനെട്ടായ ഹേമാംഗ,പോയ്ക്കൊള്ളു സ്വേച്ഛപോലെ നീ,
തുറക്കും നിന്മുഖം കണ്ടാലേതടഞ്ഞ കവാടവും.''
ഹേമാംഗൻ സഹ്യാദ്രിയിലെക്കാട്ടിലൂടെ നടക്കവേ
ചക്രവാളം വരേക്കുള്ള ലോകം കണ്ടു രമിക്കവേ,
അധികം ദൂരെയല്ലാ,രോ ഗർജിച്ചു; പിന്നെ രോദനം;
സൂക്ഷ്മദൃഷ്ടികൾ കണ്ടെത്തീ താടിമീശകൾ, ദംഷ്ട്രകൾ.
ആക്രമിക്കുകയോ താടിക്കാരനെ ക്രൂരരാക്ഷസൻ?
രണ്ടുപേർ തന്നട്ടഹാസം, രണ്ടുപേരുടെ രോദനം
വഴിമാറി നടന്നാലോ? ഹേമാംഗന്നൊരു സംശയം
പിന്നെയും നോക്കവേ മണ്ണുപൊത്തുന്നു ഭൃഗുരാമനോ?
'അച്ഛനെക്കാത്ത മുനി'യെന്നുടൻ കരൾ തുടിക്കവേ
ഹേമാംഗന്നായസാംഗന്റെബലം കൈവന്നതെങ്ങനെ?
അമ്പുപോൽച്ചെന്നു മുനിതൻ കൈയിൽനിന്നൂർന്ന വെണ്മഴു
എടുക്കും മുമ്പറുത്തിട്ടു രാക്ഷസന്റെ കഴുത്തവൻ.

രാമന്റെ മുറിവിൽപ്പച്ചമരുന്നുകൾ നിറച്ചവൻ
അംഗവസ്ത്രം കീറി വെച്ചുകെട്ടിച്ചോദിച്ചു സത്വരം,
''നീറലുണ്ടോ?''''സാരമില്ല,'' ''ധനമോ യുദ്ധകാരണം?''
''അല്ലെന്നില്ല മറന്നാലും കഴിഞ്ഞ കഥ ഭൂപതേ,
ധർമ്മവർമ്മാവിന്റെ മകൻ നീയെന്നു തെളിയിച്ചു നീ.''
നിജാശ്രമത്തിങ്കലേക്കു നീങ്ങുന്ന ഭൃഗുരാമനെ
ഹേമാംഗൻ പിന്തുടരവേ പറഞ്ഞൂ മുനിയിങ്ങനെ,
''നിന്നെ ധ്യാനിച്ചു നിചുളം വാഴും നിന്നച്ഛനമ്മമാർ
കരളാൽ കാച്ചാങ്കുറിശ്ശി ദേവിക്കാടുന്നു കണ്ണുനീർ.
അവർ തന്നാശിസ്സു നേടി നീ തിരിച്ചെത്തിയാലുടൻ
വെങ്ങുന്നാടിനി കൊല്ലങ്കോടാണെന്നു പറകൊട്ടണം,
ഇരുമ്പുകൊല്ലനാൽത്താങ്കൾ രക്ഷിക്കപ്പെട്ടിരിക്കയാൽ.''
ശൂരൻകളികളും കണ്ടു കാലം മുമ്പോട്ടുപോകവേ
തീപ്പെട്ട നിചുളേശന്റെ ശേഷക്രിയകൾ തീരവേ
എള്ളുവെള്ളം ദ്രോണവതി പുല്ലിൽത്തൂകിയെണീക്കവേ
ഹേമാംഗനൊത്താ മാതാവും കേറീ കുതിരവണ്ടിയിൽ.
ഉദിച്ചാലെന്തർക്കനസ്തമിച്ചാലെന്തെന്ന മാതിരി
കുംഭകർണ്ണനെ വെങ്ങുന്നാടാരാധിക്കും ദിനങ്ങളിൽ
യുവരാജരഥത്തിന്റെകിങ്കിണീക്വണിതങ്ങളാൽ
കൊട്ടാരത്തിൽക്കൺമിഴിപ്പൂ ഹേമദീപങ്ങൾ പിന്നെയും.
കൊല്ലങ്കോടായ വെങ്ങുന്നാട്ടിലെത്തൻ രാജധാനിയിൽ
സോമയാഗത്തിന്നു കൃഷ്ണാജിനവും സോമവള്ളിയും
സംഭരിപ്പാനാശ്രിതരോടാജ്ഞാപിച്ച മഹാപ്രഭു
ആഹാരത്തിന്നു ചെന്നപ്പോളാരാഞ്ഞാളമ്മ സസ്മിതം,
''യജ്ഞത്തിൽ യജമാനന്റെ പക്കത്തിൽപ്പത്നി വേണ്ടയോ?
രാജ്യം ഭരിക്കുന്നവന്റെ പക്കത്തും പത്നി വേണ്ടയോ?''
ചിരിച്ചശേഷം ഹേമാംഗനുരിയാടീ സഗൗരവം,
''ക്ഷമിക്കണം, ഞാൻ കുറച്ചേ ജീവിച്ചിട്ടുള്ളുവെങ്കിലും
ഇരുജന്മങ്ങൾ തൻ സത്ത സംഭരിച്ചവനാകയാൽ
എനിക്കു വയ്യാ സംസാര ദുഃഖത്തെച്ചെന്നു പുൽകുവാൻ!'
നടുങ്ങിപ്പോയ് ദ്രോണവതി, സസ്മിതാശ്രുമനോഹരി,
സ്നേഹാൽ മുലചുരക്കുന്ന വാർധക്യസുമനോഹരി
തേൻകൂടുപോലെ ശ്മശ്രുക്കൾ പൂണ്ട ഹേമാംഗനായിടെ
രുദ്രാക്ഷമാലയും ഭസ്മക്കുറിയും കാവിമുണ്ടുമായ്
നാൽപത്തിരണ്ടാം ദിവസം വ്രതദീപ്രശരീരനായ്
അന്നക്കാവടിയും പേറിപ്പഴനിക്കു നടക്കവേ,
അകലും പുത്രനെപ്പിന്നിൽനിന്നനുഗ്രഹദൃഷ്ടിയിൽ
ഒരിറ്റു നനവാർന്നമ്മയിമവെട്ടാതെ നോക്കവേ,
ശംഖൂത്തു തീരെക്കേൾപ്പീലെന്നുണർന്നമ്മ പൊടുന്നനെ
അടച്ച പൂമുഖകവാടത്തിലെ ശില്പഭംഗികൾ
വിറക്കൊള്ളും മട്ടു കുടമണിച്ചെത്തം ചിലമ്പവേ
നിനച്ചില്ലാ കോവിലകത്താരും പിൽക്കാലസങ്കടം
മലകേറിക്കാവടി പൂജിച്ചശേഷം കൃതാർത്ഥനായ്
അടിവാരത്തു ഹേമാംഗൻ വീണുറങ്ങിയ രാത്രിയിൽ
തമിഴ്നാട്ടിൽത്തലേത്തട്ടി കിഴക്കൻ കാറ്റടിക്കയാൽ
മകരച്ചൊവ്വ ദിവസം കണ്ണടച്ചീടിനാനവൻ!
സന്ന്യാസിയായ ഹേമാംഗൻ യശോരൂപം ധരിക്കവേ
വന്നാരറുപതും നാലും ഗ്രാമങ്ങളിലെ വൈദികർ,
രാമേച്ഛയാൽ ദ്രോണവതിക്കഭിഷേകം നടത്തുവാൻ!

സുവർണസിംഹാസനത്തിലഭിഷിക്ത വിളങ്ങവേ
ഇറങ്ങിവന്നു താഴത്തേക്കാദിത്യൻ യുവസുന്ദരൻ.
സാത്ഭുതം വന്നുണർത്തിച്ചാനവളോടാ പ്രഭാകരൻ
''നിത്യയൗവനനാം സൂര്യനാണുഞാൻ, നിത്യയൗവനേ!''
ഉടൻ കൊട്ടാരത്തിൽ വന്ന ഭൃഗുരാമനുമോതിനാൻ:
''സ്വർണവും രത്നവും പോലെച്ചേരും നിങ്ങടെ സൗഹൃദം.''
അവർ തൻ മക്കളായ്ക്കൊല്ലങ്കോട്ടുവാണവരെജ്ജനം
വിളിപ്പൂ 'വീരരവി'യെന്നിപ്പൊഴും കൗതുകത്തൊടെ.

# ബിംബം

സത്യമെന്തുള്ളൂ ജഗത്തിലെന്നാരാഞ്ഞു
വൃദ്ധനായ്ത്തീർന്ന മനുഷ്യൻ
കണ്ണടവെച്ചുറ്റുനോക്കുന്നു തന്മുന്നിൽ
കാണുന്നവയെ മുഴുവൻ
ഈ മർത്ത്യനീ മൃഗം ഈച്ചെടി സർവവു–
മിന്നലെയില്ലാത്ത വസ്തു!

ഇന്നലെശ്ശൂന്യതയിങ്കലില്ലാത്തതാ–
ണിന്നു കാണുന്നവയെങ്കിൽ
നാളെത്തിരഞ്ഞാൽ ഇന്നുള്ളവ കാണാഞ്ഞു
നാമമ്പരന്നുപോമെങ്കിൽ
ഞാനെന്ന ബോധത്തിൽക്കണ്ണാടി നോക്കുന്ന
നാനാത്വം വിസ്മയമല്ലേ?
ആ വിസ്മയത്തിന്നടിയിൽ കിടക്കുന്ന
കേവലാനന്ദമോ സത്യം?

കേവലാനന്ദത്തെ തേടിയ കൂട്ടരി–
ജ്ജീവസ്ഫുരണത്തെക്കാൺകെ,
കണ്ണു തുടച്ചവർ പിന്നെയും നോക്കവേ
കാലപ്രവാഹത്തെക്കാൺകെ,
വായിൽനിന്നൂറിയ ശബ്ദം ''ഇതെന്തൊരു
മായ?'' എന്നായിരുന്നില്ലേ?

മുറ്റത്തെ വില്വപത്രത്തിലന്നാവണം
മുക്കണ്ണനെക്കണി കണ്ടൂ!
മുക്കണ്ണനോടൊത്തു സൃഷ്ടിസ്ഥിതിലയ–
വ്യഗ്രത്തെ നോക്കി രസിക്കെ,
ചോദിച്ചിരിക്കാമവരാനിരങ്കുശ–
ചോദനയോടൊരു ചോദ്യം:
ഇന്ദ്രിയഗോചരമാമി പ്രപഞ്ചത്തി–
ലില്ലയോ നിത്യമായൊന്നും?
നീയല്ലി, നിന്നിൽനിന്നല്ലി, നിന്നിൽത്തന്നെ
മായുമീ മായാപ്രപഞ്ചം?
ഈയനുഭൂതികൊണ്ടല്ലയോ വിസ്മയ–
മായെൻ മനസ്സു മലർന്നു?
ഇന്നിപ്പോളിന്ദ്രിയഗോചരം സ്പന്ദന–
ധന്യമാക്കുന്നൊരു തത്ത്വം
ഉണ്ടതു നിത്യമാം സത്യം, അതിൻ കൃപാ–

പുണ്ഡരീകത്തിൻ സുഗന്ധം
നിദ്രയിൽപോലും മറക്കുവാൻ വയ്യാതെ
വർദ്ധിച്ച വാസ്തവമായി
ആകെപ്പൊതിയുന്നു ബോധത്തെ, ഭൂമിയെ–
യാകാശശൂന്യതപോലെ!
മുക്കണ്ണനൊന്നും മറുപടി ചൊല്ലാത്ത
മുക്തിസ്വരൂപനായ് വാഴ്കെ
ചുമ്മാ ഗവേഷകൻ ചൊന്നാൻ ''ഇതെന്തൊരു
ബ്രഹ്മം?'' എന്നായിരുന്നില്ലേ?
ബ്രഹ്മമനങ്ങാതിരുന്നതുമൂലമാ–
ജ്ജന്മികൾ ദുഃഖികളായി:
ഞാനുമെൻ മക്കളും മക്കൾതൻ മക്കളും
പൂണുന്നു ജീവനക്ലേശം!
രൂപങ്ങൾ ഞങ്ങളസത്യങ്ങളെങ്കിലു–
മാപന്മുമുക്ഷയാൽധന്യർ.
ആപൽഭയങ്ങളിറക്കുവാൻ ഞങ്ങൾക്കൊ–
രത്താണി കിട്ടിയേ പറ്റൂ!
ഈയനുസ്യൂതാഭിലാഷം ഘനവസ്തു–
വായതല്ലീ ശിവലിംഗം?
നിഗ്രഹാനുഗ്രഹശക്തികളുൾക്കൊണ്ട
നിത്യതാവർത്തുളബിംബം?
സത്യമെന്തുള്ളൂ ജഗത്തിലെന്നാരാഞ്ഞ
വൃദ്ധഗവേഷകൻ പക്ഷേ,
അന്നായിരിക്കണമർച്ചിച്ചു ബിംബത്തി–
ന്നാദ്യത്തെ വില്വത്രിണേത്രം!

# ശബ്ദബോധം

''അരിയെന്ന വാക്കിനെന്തർഥം?'' ഒരു വിദ്യാർത്ഥി
ഗുരുവിനൊടു മന്ദമാരാഞ്ഞു
''നെല്ലിൽനിന്നുമികിഴിച്ചാൽ'' ഗുരുവൊരുത്തരം
ചൊല്ലി, ''കിട്ടുന്നതരിയത്രേ!''
''അരി ശത്രുവല്ലയോ!'' ജിജ്ഞാസതൻ മിഴിയി–
ലരുണിമ ചൊടിച്ചെത്തിനോക്കി.
ഗുരു ചൊല്ലി, ''നിർമിപ്പതെന്തുകൊണ്ടാകിലു–
മരിയുവാനുള്ളതാണരിവാൾ.''
''അരിയപ്പെടുന്നതു നെൽക്കഴുത്താകയാ–
ലധികമുചിതാർഥമേതാവും?''
വിദ്യാർഥി ചോദിച്ചു നിർത്തിയ വേളയി–
ലധ്യാപകന്നു ചിരി വന്നു,
പിന്നെപ്പറഞ്ഞു ''വാക്കേതെടുത്താലുമു–
ണ്ടൊന്നിലധികം വിചിത്രാർഥം;
അർഥങ്ങൾമൂലമുണ്ടാവുന്നു വാക്കുകൾ–
ക്കത്യന്തവിസ്തൃതചരിത്രം.''
''പക്ഷേ,'' പറയുന്നു ശിഷ്യൻ.''ചരിത്രവും
പക്ഷാന്തരംകൊണ്ടനർത്ഥം.''

''ശരിതന്നെ, വാളെന്ന വാക്കിൽ വാലില്ലയോ?''
ഗുരുവിന്നു ചിരിവന്നു വീണ്ടും.
ശിഷ്യനും വന്നു ചിരി,''യരികൾക്കു വാലുകൾ വി–
ശിഷ്യ വളരാമെന്നു ഞായം.''
പറയുന്നു ഗുരു വീണ്ടുമവസാനമില്ലാത്ത
ചിരിയിലിരുപേരുമൊലിയ്ക്കെ,
''ഉണ്ടായിരുന്നിതറിവൂഴിയിൽ മാനവ–
രുണ്ടായതിന്നു കുറെ മുമ്പും,''
''എങ്കിൽ,''പ്പറയുന്നു ശിഷ്യൻ, ''അരിവാളിന്റെ
ചങ്കിൽ അറിവാളുറങ്ങുന്നു.''
''അറിവെന്ന ചോറിലൊളിഞ്ഞിരിപ്പൂ ചോരൻ
ഹരി,''എന്നു ഗുരു സമാപിക്കെ,
പറയുന്നു ശിഷ്യ, ''നാ ഹരിമൂലമാവണം
അറിവായിത്തീരുന്നു വേദം.''

# വാർദ്ധക്യചർച്ച

''കല്ലേറിവിൻ കല്ലേറിവിനപ്പോകുന്ന വയസ്സനെ'',
പല്ലുപോയ വായിൽച്ചൂണ്ടുവിരൽ നിവർന്നു.
''കല്ലേറിവതെന്തിനാണു കാരണവപ്പാടേ?'' അരി–
പ്പല്ലു കാട്ടിച്ചിരിക്കുന്നു യുവസ്വരങ്ങൾ.
പല്ലുപോയ നാവിനിന്നുമഹന്ത:''ഞാൻ കൈവെടിക–
യില്ലവനെപ്പോലെ സ്വന്തം യുവത്വമെന്നും!
കണ്ടാലഴകുള്ള യുവാവായി വിലസിയോനിന്നു
തെണ്ടി കഷ്ടം പ്രാഞ്ചിനീങ്ങും വികൃതരൂപൻ!
കുളിയ്ക്കില്ല, ശുഭ്രവസ്ത്രം ധരിക്കില്ല, പൗഡറിട്ടു
വെളുപ്പിക്കാമുഖം, മുടി ചീവുകയില്ല.
പണ്ടവനെസ്സുന്ദരദർശനനെ ഞാൻ രസത്തോടെ
കണ്ടു നിന്നിട്ടുള്ളതാണാ,ക്കൃതജ്ഞതയാൽ
ഇന്നുമുപബോധയവനികയിലാസ്സുഖസ്വപ്നം
മിന്നിക്കളിക്കുമ്പോളുള്ള പുളകവായ്പ്പാൽ,
നാളെയതു മാഞ്ഞുപോയിട്ടിപ്പൊളത്തെ വിരൂപക–
ങ്കാളരൂപം തെളിയുമെന്നോർക്കുമ്പോഴേയ്ക്കും
ദുഃഖിതനായ് കുത്സിതനായ്ക്കുപ്തനായും തീരുന്നൂ ഞാൻ;
ദുസ്സഹമാ നരകാഗ്നി വിളിച്ചു ചൊൽവൂ:
കല്ലേറിവിൻ കല്ലേറിവിനപ്പോകുന്ന വയസ്സനെ,
കാണരുതാ രൂപം മേലിലിവിടെയെങ്ങും!''

പൊട്ടിച്ചിരിക്കുന്നു മുഗ്ദ്ധശൈശവങ്ങൾ, പനീർത്തപ്പു–
കൊട്ടും കളസ്വരങ്ങളിലുദിപ്പൂ ചോദ്യം:
''അപ്പോകുന്ന തെണ്ടിയെപ്പോലത്രതന്നെ വയസ്സനാ–
ണങ്ങയുമെന്നങ്ങുടനെ മറന്നുപോയോ?''
പല്ലിയട്ടമെന്നപോൽത്തന്നസ്തിത്വത്തെത്താങ്ങും മൗനം
പല്ലുപോയ തൊണ്ണുകടിച്ചലറിടുന്നു:
''ഇപ്പോൾപ്പറഞ്ഞതു വീണ്ടും പറയുമോ? പറയുകി–
ലൽപ്പന്മാരേ, നിങ്ങളെ ഞാനിടിച്ചുകൊല്ലും!''
മുത്തണിമാലകൾപോലെപ്പല്ലു കാട്ടിച്ചിരിക്കുന്ന
മുഗ്ദ്ധശൈശവങ്ങൾ വീണ്ടുമുയർത്തീ ചോദ്യം;

‘‘കല്ലെറിഞ്ഞുകൊല്ലണമദ്ദുർഭഗനെയെങ്കി,ലാദ്യം
കല്ലെറിയപ്പെടേണ്ടവൻ താങ്കൾതാനല്ലോ!’’
‘‘ഞാനും വയസ്സനായ്പ്പോയെന്നല്ലീ വാദം...?’’ വൃദ്ധദുഃഖം:
‘‘കാണാനൊത്തില്ലെനിക്കിന്നേവരേയുമെന്നെ,
കണ്ണാടിയിൽ ഛായാപടങ്ങളിലും ഞാൻ കണ്ടിട്ടുള്ള–
തൊന്നുമെന്റെ പരമാർത്ഥസ്വരൂപമല്ല!
കണ്ണടവെയ്ക്കായ്കയാൽ ഞാൻ വെള്ളെഴുത്തു വന്നശേഷം
കണ്ണാടിയിൽക്കാൺമതേതോ വികൃതരൂപം!’’
‘‘എന്നാൽ,’’ ക്കളസ്വരം വീണ്ടും ‘‘ആ വയസ്സൻ യുവാവായി–
രുന്ന കാലം കണ്ടിട്ടില്ലാ ഞങ്ങളും സാറേ,
അങ്ങയേയും നവയുവകോമളനായ്ക്കണ്ടിട്ടില്ലാ
ഞങ്ങളാരും ശുഭ്രവസ്ത്രം ധരിച്ചവനേ!’’

ഊഊഊ

കാൽ കടഞ്ഞ വയോധിക്യമിരുന്നുപോയ് വഴിവക്കിൽ:
കാണ്മേനിന്നു വെള്ളെഴുത്തിൽ കറുത്ത സത്യം.
‘‘ഞാനല്ലാതാക്കിഴവന്റെ യൗവനം കണ്ടവരാരും
പ്രാണനോടെപ്പുലരുന്നില്ലിപ്പൊഴിങ്ങെങ്കിൽ,
എങ്കിലെന്റെ ചിന്തയിലെ യുക്തിഭംഗം ഞാനറിവൂ,
ശങ്ക തുടങ്ങുന്നു – ഞാനും വയസ്സനായോ!’’
‘‘ശരീരസൗന്ദര്യമല്ലാ യഥാർത്ഥസൗന്ദര്യം ജീവ–
സ്ഫുരണമാണെന്നേതാണ്ടു മനസ്സിലായാൽ
ഇന്ദ്രിയഗോചരമാമീ നശ്വരതയല്ല പാരിൽ
ചന്തം’’, ക്ഷണാൽക്കളകളം മുഖരമാകെ,
‘‘കല്ലെറിയാതിരിക്കുവിൻ വൈരൂപ്യത്തെക്കഴുകുവിൻ
കണ്ണുനീരാൽ’’, എന്നുടനെ ഘർഘരകണ്ഠം.
‘‘ആരെക്കല്ലെറിയുവതും’’, കളസ്വരം വീണ്ടും, ‘‘മർത്യ–
ഭീരുതയെന്നാദ്യംതന്നെ ഗ്രഹിച്ചു ഞങ്ങൾ.’’
‘‘നിങ്ങൾ പുണ്യമുള്ളവർതാൻ’’ഘർഘരത വീണ്ടും, ‘‘നഷ്ടം
ഞങ്ങൾക്കേതാണ്ടൊരു ജന്മം മുഴുവനത്രേ!’’
‘‘പച്ചപ്പുലാവില പണ്ടു പഴുക്കപ്പുലാവിലയെ
പരിഹസിച്ചപ്പോളല്ലേ സാഡിസ്റ്റായ് സാറേ?’’

കുട്ടികൾതൻ നിഗമനം സത്യമെന്നു കണ്ട വൃദ്ധൻ
പൊട്ടിക്കരഞ്ഞുകൊണ്ടത്രേ ചോദിച്ചാനപ്പോൾ
‘പഴുക്കകൾ കൊഴിയുമ്പോൾ ചിരിക്കുന്ന പഴുക്കയെ
പറയേണ്ടു സാഡിസ്റ്റെന്നോ മസോക്കിസ്റ്റെന്നോ?’’

# ആകാശവാണി*

ആകാശപുഷ്പം വിടർന്ന സൗരഭപ്രസരത്തൊടെ

കണ്ണൂർ നിന്നെന്റെ ചെറുനാവുച്ചലിക്കും മുഹൂർത്തമേ,

തൃച്ചംബരത്തെക്കണ്ണന്റെ പാദതാമരസങ്ങളെ
പുൽകിബ്ഭജിക്കുന്നവർതന്നിത്തിരിപ്പൂച്ചുവപ്പുകൾ

ഉണർന്നു ചുറ്റും കാണാവൂ കർണികാരതരുക്കളിൽ
വസന്തർത്തു ഞൊറിഞ്ഞിട്ട പീതാംബരമിനുപ്പുകൾ

ഉച്ചസ്ഥകർത്തവ്യബോധസഹസ്രകിരണാവലി
ചൊരിഞ്ഞുനിൽപ്പൂ മൂർധാവിലൂർജസ്വലമനുഗ്രഹം.

പ്രബുദ്ധൻ യോഗേശ്വരനിന്നാര്യാവർത്ത വിശുദ്ധിയിൽ;
കരണത്തിലുയിർത്താവൂ സവ്യസാചി ധനുർധരൻ!

ആദിമബ്രഹ്മാണ്ഡജം ഞാനുഡുപഞ്ജരവാസിനി
തുഞ്ചന്റെ പൊന്നഴിക്കൂട്ടിൽപ്പാട്ടുപാടിക്കളിച്ചവൾ.

ജ്ഞാനപ്പഴം കൊത്തിയും ബ്രഹ്മാനന്ദപ്പാലു മൊത്തിയും
അന്നു കൈവന്ന സന്തോഷം മറക്കുന്നവളല്ല ഞാൻ.

വരേണ്യമായ ഭർഗസ്സേ, ആദിമബ്രഹ്മപുഞ്ജമേ,
ഭവൽക്കാരുണ്യപാത്രം ഞാൻ, ഭവദിച്ഛാനുസാരിണി,

ഗംഗപോലൊഴുകീടുന്ന ശിവാനന്ദവിലാസിനി,
തമസാനദിപോലുള്ള രാമബാണപ്രകമ്പിനി,

കാളിന്ദിപോലുള്ള കൃഷ്ണലീലാപുളകനന്ദിനി,
കാലാതിവർത്തിയായ് നിൽക്കും കളകാരുണ്യവർഷിണി.

അശോകചക്രനാഭിയ്ക്കു മെഴുക്കിട്ടൊരഹിംസയും
വേദാന്ത്യത്തിൽ പ്രകാശിച്ചൊരദ്വൈതശ്രീപ്രമുക്തിയും

ചൈതന്യദൈവികതയും ദക്ഷിണൈശ്വര്യസിദ്ധിയും
വിവേകാനന്ദവും കർമചന്ദ്രികാമോഹനാസ്ത്രവും

അരവിന്ദപ്രമോദത്തിൻ സത്യശ്രായി പ്രശാന്തിയും
എന്റെ കൊക്കിൽത്തുടിക്കുന്ന വിദ്യുൽക്കല്ലോലമാലകൾ

എന്റെ വാഗർഥചൈതന്യസത്തിൻ പ്രാണഞെരമ്പുകൾ
പുലരുന്നൂ പുസ്തകത്തിൽ വീണയിൽജ്ജപമാലയിൽ

കൃഷ്ണപ്പരുന്തുപോൽദ്ദേവമാർഗത്തിൽ വിഹരിക്കിലും
പൊഴിച്ചീടുന്നു ഞാൻ ലോകസമസ്തസുഖവൈഖരി.

ദേശാന്തരങ്ങളെയുമിന്നുണർത്തും പ്രണവധ്വനി
ചരിത്രാതീതകാലം തൊട്ടുൽഘോഷിച്ചവളാണു ഞാൻ.

കാലഘട്ടങ്ങൾ തന്നീതിബാധകൾക്കൊക്കെയപ്പുറം
അസ്ഥിപർവ്വതവും ചോരക്കടലും താണ്ടിയെത്തിയാൽ

ഭൂതവാത്സല്യമസൃണമതിമാനുഷപത്തനം
നിങ്ങളെക്കാത്തിമ തുറന്നിരിപ്പൂ ഭാവിപൗരരേ!

തൃച്ചംബരത്തെക്കംസാരിപാദതാമരസങ്ങളിൽ
അർപ്പിയ്ക്ക നെഞ്ചിൽ വിടരുമിത്തിരിപ്പൂച്ചുവപ്പുകൾ!

# വ്രതബാഷ്പം

**പൂ**വെന്നു വിചാരിച്ചു ചെന്നറുത്തതിലെല്ലാം
പുഴുവോ? എങ്കിൽപ്പിന്നെയെന്തിനാണിപ്പൂന്തോട്ടം?
ഇട്ടതൊക്കെയും പേടാണെങ്കിലിത്തെങ്ങിൻ തോട്ടം
വെട്ടിനീക്കിയാലെന്താണെ,ന്തിനെൻ കൈകെട്ടുന്നു?
അവസാനമില്ലാത്ത ദുഃഖമേ, നീയോ ഞാൻ? എ–
ന്നാരായുന്നതിൽത്തെറ്റുണ്ടെങ്കിൽ നീ പൊറുത്താലും!
ചിരിപ്പേൻ തലയിലെക്കുറിപ്പേ, കണ്ണീർ മുത്തു–
പ്പരപ്പോതുന്നു: കയ്യുണ്ടെങ്കിൽ ഞാൻ കർമ്മം ചെയ്യും!

ൗൗൗ

ഫലം? ഇല്ലെനിയ്ക്കിനി മേലിലാ മൃഗതൃഷ്ണ;
മലിനമഹംതത്വം; ഞാനതിന്നുപേക്ഷിച്ചു

കളിയാണുപോൽത്താങ്കൾക്കീ വിശ്വം! എനിയ്ക്കെന്നാൽ–
പ്പൊളിവൂ തല! സത്വം ത്രിഗുണത്തിലൊന്നല്ലീ?
ഓതുക രജസ്തമോമുക്തമല്ലതെന്നെ,ന്നാൽ
ആദിത്യൻ പൊലിഞ്ഞാലും വറ്റില്ലീ വ്രതബാഷ്പം!

## ഖരപദാർത്ഥം

കട്ടിയുള്ളതായിട്ടീ പ്രപഞ്ചത്തിൽ
കിട്ടിയിട്ടില്ലെനിയ്ക്കൊരു വസ്തുവും:
ഒന്നുമെല്ലെപ്പിടിച്ചു കുലുക്കിയാൽ
മണ്ണിൽ വീണുടയുന്നു സകലതും.
ലോലമാണീക്കരിങ്കല്ലുപാറയും
ലോലലോലമിരിമ്പു പാളങ്ങളും
കാരിരുമ്പിന്റെ പിക്കാസുതട്ടിയാൽ
പാറ പൂഴിയായ് മാറിക്കളയുന്നു.
ലോലമാവുന്നു പാളം കരുവാന്റെ–
യാലയിൽച്ചെന്നുരുകാൻ തുടങ്ങുമ്പോൾ.
കാചതുല്യം സുതാര്യമാം സത്യ,മാ–
കാശമല്ലെങ്കിലാകാചമെങ്കിലും
കല്ലിരുമ്പുകൾക്കുള്ളിൽക്കുടുങ്ങിയി–
ന്നില്ല പോലുമതിന്നും സുതാര്യത.

ൟൟൟ

കട്ടിയുള്ളതെന്തെങ്കിലുമിപ്പാരിൽ
കിട്ടുമെന്നു ഞാൻ തേടിനടക്കുന്നു.
വന്നുവന്നു ഗുരുപവനേശനാ–
മുണ്ണിതൻകളി കണ്ടുരസിയ്ക്കുന്നു.
മൂഢർ ഞങ്ങൾക്കദൃശ്യനാപ്പൈതലിൻ
ജാടകണ്ടുഞാൻ പൊട്ടിത്തരിയ്ക്കുന്നു
പൊട്ടിപ്പൊട്ടിക്കരയുന്ന കണ്ഠത്താൽ
പൊട്ടിപ്പൊട്ടിച്ചിരിച്ചുപോകുന്നു ഞാൻ.
ഞാനവനെപ്പുണരുന്നു കോൺക്രീറ്റു–
തൂണുകൾതൻ ബൃഹൽജഘനങ്ങളിൽ,
ഞാനവനെ മൂകരുന്നു നിർമ്മാല്യ–
സൂനതീർത്ഥകളഭകണങ്ങളിൽ.

ൟൟൟ

ഞാനവനെപ്പുണർന്നു മൂകരവേ
ജ്ഞാനമായവൻമാറി ഞാൻ മായുന്നു
കട്ടിയാം പൊരുൾ വാർദ്ധക്യമില്ലാത്ത
കുട്ടിയാം ഭവാൻ മാത്രമോ പുണ്യമേ?

## പരമാനന്ദം

ഞാനൊരു കുഞ്ഞായിരുന്ന ദിവസത്തിൻ കണ്മുനയിൽ
തേനുപോലുറന്നതല്ലീ ഞാനായിത്തീർന്നു?

നേരംപുലർന്നുമിക്കരി വായിലിട്ട നിമിഷങ്ങൾ
നേരെച്ചെന്നു ചാടിയപ്പോൾ കുളക്കടവിൽ
എന്തുരോമഹർഷം! തുള്ളിത്തുളമ്പിയ നാഡികൾത–
ന്നന്തരംഗം മുഴുവനും പ്രളയഘോഷം

ൗൗൗ

ഉച്ചയൂണിൽ പ്രായം തളർന്നുറങ്ങട്ടേ, വാതിൽ തുറ–
ന്നൊച്ചവെയ്ക്കാതെത്തീ ബാല്യമയ്യപ്പൻകാവിൽ
പെരുമരക്കൊമ്പുകളിൽ പറവകൾ നീട്ടിപ്പാടി–
പ്പറയുന്ന മധു കാതിലുറഞ്ഞുകൂടി.
ഇഴയും പൊന്നീണങ്ങളാലിരുചിറകുകൾ കുരു–
ത്തിഹപരരഹിതത്തിൽ പറന്നു ബാല്യം.

ൗൗൗ

ചിന്തകളിലമ്മയന്തിത്തിരിവെയ്ക്കെ നിരത്തിൽപോയ്
ചന്തപിരിഞ്ഞോരെക്കണ്ടുവിടർന്നു ജന്മം.
കരയും ഗോഷ്ഠിയിൽ പൊട്ടിച്ചിരിച്ചിടുമഴകിന്മേൽ
മരംചാടും മനസ്സു മാമ്പഴം നുകർന്നു,
ഇരുളിലാണ്ടിടും കുന്നിൽ ചെറുമിന്നാമിനുങ്ങുകൾ,
വിരിവാനിലുഡുക്കൾതന്നിമയനക്കം.

ൗൗൗ

ഒടുവിൽപ്പാതിരയുടെ മയക്കത്തിൽ തിരതല്ലും
കടൽകണ്ടു ഗരുഡന്റെ    പുറത്തിരിയ്ക്കെ
എഴുത്തച്ഛൻ മുലപ്പാലിലെഴുത്താണിത്തലപ്പുകൊ–
ണ്ടെഴുതിയ പരപരപരമാനന്ദം!

# വെണ്ണക്കണ്ണന്റെ കൂടെ

മായാപ്രപഞ്ചത്തിൻ കണ്ണീരിൽപ്പാതിരാ–
പ്പായിൽക്കിടന്നു മയങ്ങുമ്പോൾ
കാളിന്ദീതീരത്തു ചെന്നു ഞാൻ ഇന്നലെ–
ക്കാർമുകിൽവർണ്ണനെച്ചുംബിച്ചു
മുത്തുകൾ പോലേ തിളങ്ങുന്ന കൈനഖം
പത്തിലുമെൻ മിഴി തത്തുമ്പോൾ
ചെമ്പനീർ തോൽക്കുമാ മോതിരക്കൈയിൽ ഞാൻ
ചുംബനമുദ്രകൾ വർഷിച്ചൂ.
അപ്പൊഴേക്കുമ്പാരവങ്ങൾ വന്നെൻ കാതി–
ലത്ഭുതം കോരിനിറയ്ക്കുന്നു,
എണ്ണക്കറുപ്പുകൾ ചെമ്പകച്ചോപ്പുകൾ
പഞ്ഞിത്തൂവെണ്മകളെന്നോണം
ആയിരം പൈയിൻ കുടമണിയൊച്ചകൾ
ആ മണിവർണ്ണനെച്ചൂഴുന്നു,
ആറ്റിലിറങ്ങി സ്ഫടികം കുടിയ്ക്കുന്നു,
കാറ്റിൽ ഗോകർണ്ണം വിടർത്തുന്നു
ഓമനത്തിങ്കൾക്കിടാവിനെപ്പോൽച്ചിരി–
ച്ചോടക്കുഴലെടുത്തന്നേരം
ഊതും കളായദ്യുതിമയൻ ലോകത്തെ–
ജ്യോതീരഥത്തിൽക്കയറ്റുന്നു.

ചോതാഹരമാ മുഹൂർത്തത്തിൽക്കണ്ണനോ-
ടോതുവാൻ ചുണ്ടു വിടർന്നില്ല,
''കണ്ണാ, ഞാനുമ്മവെയ്ക്കട്ടെയോ വീണ്ടുമാ
വെണ്ണമണത്തിടും കൈവെള്ള?''
കേട്ടിരിയ്ക്കാമതു കണ്ണൻ, വലത്തുകൈ
നീട്ടിയെൻ നാസയിൽ വെയ്ക്കുന്നു,
ഞാനാക്കളിമ്പം തുളുമ്പും മിഴികളിൽ
പ്രാണപ്രണയിയെക്കാണുന്നു
കണ്ണനുടനെയീ ബ്രഹ്മാണ്ഡവെണ്മയെ
വെണ്ണപോൽ വാരിവിഴുങ്ങുന്നു.
കട്ടിൽച്ചുവട്ടിലലാറമലറവേ
പെട്ടെന്നുണർന്നു ഞാൻ തേങ്ങുന്നു!

# മുതുകത്തു വരയില്ലാത്ത അണ്ണാൻ

''സ്വാതന്ത്ര്യസമ്പത്തു വരിച്ചശേഷം
വിദേശസഞ്ചാരികൾ വന്നുചേരാൻ
ഭാരിച്ച വിത്തം ചെലവാക്കിടുന്നു
ശ്രീശങ്കരൻ പെറ്റുവളർന്ന രാജ്യം!''

കീഴൂഴിവിട്ടെത്തിയ വാർത്ത പത്രം
വഴിയ്ക്കു തന്നുർവ്വരഹൃത്തിൽ വീഴ്കെ
വാഷിങ്ടണിൽ ഫാക്റ്ററിയിൽപ്പരുങ്ങും
യുവധ്വരയ്ക്കാശ കുരുത്തുപൊന്തി.

കിട്ടുന്നു മാസത്തിലെനിയ്ക്കു ഡോള-
റയ്യായിരത്തിൽപ്പരം ആപ്പണം ഞാൻ
കാൽകുത്തിയാൽ, ഭാരതഭൂവിലൊന്നേ-
മുക്കാലു ലക്ഷം വരെ രൂപയാവും.

''വെയ്ലുള്ള യാമങ്ങളിലല്ലയോ നാം
വൈക്കോലുണക്കേണ്ട,'' തയാളുറച്ചു,
''രണ്ടാഴ്ചയാൽശ്ശങ്കരഭൂമിചുറ്റി-
ക്കണ്ടാലതാവും മമ മാസ്റ്റർഡിഗ്രി.''

പിന്നീടു കിട്ടീടിന ഡോളറൊക്കെ
ശ്രദ്ധാലു പക്കത്തൊരു ബാങ്കിലിട്ടു,
പാസ്പോർട്ടുവാങ്ങാൻ വിസവാങ്ങുവാനു-
മോരോ പകൽച്ചൂടിൽ നടന്നലഞ്ഞു.

പുറത്തു തൂക്കാനൊരു സഞ്ചിവാങ്ങി,
സഞ്ചിയ്ക്കകം ബ്രീഫുമൊതുക്കിവെച്ചു,
അത്താഴവീഞ്ഞിൻമണമുള്ള കോപ്പ-
യ്ക്കടുത്തുറങ്ങീ സുഖി ദീർഘകായൻ.

ചൂടും തണുപ്പും കുറവാകയാല-
ന്നിട്ടില്ലയാ'ഋേസി' നിജാലയത്തിൽ,
ജനാല തെല്ലൊന്നു തുറന്നിരുന്നു
നിരത്തിലെശ്ശബ്ദമകത്തുകേൾക്കാൻ.

പിറ്റേന്നു ബെഡ്ടീമധുരം നുണഞ്ഞു
ഷോപ്പിങ്ങിനസ്സായ്പു പുറത്തുപോകെ

മുറ്റത്തു പൂച്ചട്ടിയിൽ വിശ്രമിയ്ക്കു–
മണ്ണാൻ ജനൽപ്പാളി തുറന്നു കണ്ടു,

ജനാലയിൽക്കൂടിയകത്തുചെന്നാ–
സ്സൂക്ഷ്മേക്ഷണൻ മേശയെയൊന്നു നോക്കി;
മണത്തിടും കോപ്പയിലൊന്നു നക്കീ;
സഞ്ചിയ്ക്കകത്തേയ്ക്കു വലിഞ്ഞുകേറീ.

വിശപ്പടക്കാനുതകുന്നതായി–
ക്കിട്ടീടുമോ വല്ലതുമെന്നു വീരൻ
സഞ്ചിയ്ക്കകത്തൊന്നു കറങ്ങി; സിപ്പി–
ട്ടതപ്പൊഴേയ്ക്കാർ? അവനമ്പരന്നു

പുത്തൻ സ്പെയർഡ്രസ്സുകൾ കൊണ്ടുവന്ന
സായിപ്പതും സഞ്ചിയിലിട്ടു, പിന്നെ
കണ്ണാടി, ചീർപ്പും, ചെറുകത്രി, പേസ്റ്റും,
ബ്രഷ്ഷും! കഴിഞ്ഞൂപണി! വീർപ്പുവിട്ടു!

വിമാനമത്‌ലാന്തികസാഗരത്തിൻ
മീതേ കിഴക്കോട്ടു പറന്നുപോകെ
സൂര്യപ്രഭാമോഹനസപ്തവർണ്ണ–
മേഘത്തിൽ മുങ്ങിപ്പഥികൻ രസിയ്ക്കെ,

എന്തോ ചലിച്ചൂ മടിയിൽക്കിടക്കും
ബാഗിന്നകത്തെന്നൊരു തോന്നലുള്ളിൽ;
സിപ്പൊന്നു നീക്കീടവെ മുന്നിലണ്ണാർ–
ക്കണ്ണന്റെ രണ്ടിത്തിരിപോന്ന കൺകൾ!

ഉപദ്രവിച്ചില്ലു,ടനെച്ചിരിച്ചു
പറഞ്ഞു സഞ്ചാരിയവന്റെ കാതിൽ:
''നിനക്കു ഞാൻ തോഴനെനിയ്ക്കു നീയും;
കാണാം നമുക്കിന്ത്യ സുഭിക്ഷമായി.

നീ നിന്നരി പ്പല്ലുമയക്കിയാൽ ഞാൻ
ജാമാക്കുമേ നിന്നുടലാ ക്ഷണത്തിൽ,
അല്ലെങ്കിലോ,തിന്നുതടിച്ചുകൊള്ളൂ,
ഹോസ്റ്റസ്സിതാ, കൊണ്ടുവരുന്നു ഡിന്നർ!''

ചെന്താമരപ്പൂവിനു തുല്യമായി
വിടർന്ന സായ്പിന്റെയിടത്തുകൈയിൽ
ഇരുന്നു വാലാട്ടിയുടൻ ഭുജിച്ചു
ചീസ് ബ്രെഡ്ഡു ബിസ്കറ്റുകളാച്ചിടുങ്ങൻ.

പിന്നീടു കർച്ചീഫു പുതച്ചു ബാഗി–
ലവൻ സുഷുപ്തിയ്ക്കു വിധേയനാകെ
ചിന്തിച്ചു സായി''പ്പി,വനെപ്പിടിച്ചെൻ
സഞ്ചിയ്ക്കകത്തിട്ടവനല്ലി ദൈവം!''

നിലത്തിറങ്ങീ പതിനാറു ഹോര
പിൻതള്ളവേ 'പാല'മിലാ വിമാനം;
പുറത്തു ചാടി ധരയുള്ളിലോർത്താൻ,
''അണ്ണാന്നുടൻ നൽകിടണം വിമുക്തി.''

നിരത്തുവക്കത്തൊരുമാവിലണ്ണാ–
ന്മാരല്ലി പായുന്നു ചിലച്ചിടുന്നു?
ഈ നാട്ടിലണ്ണാന്റെ പുറത്തു നീളെ–

ക്കാണുന്നതെന്താണിതു, മൂന്നു രേഖ?

തുറക്കവേ സഞ്ചി പുറത്തു ചാടീ
സ്പ്രിങ്ങെന്നപോൽത്തൻ സഹയാത്രിമുഖ്യൻ
മാവിന്റെ കൊമ്പിൽപ്പഴമാങ്ങയിൽപ്പ–
ല്ലമർത്തിയിട്ടിത്തിരി വാലിളക്കീ.

വിശപ്പടങ്ങീടവെയിന്ത്യനണ്ണാ–
ന്മാരോടു ചോദിച്ചു വിദേശി മെല്ലേ
''ഞങ്ങൾക്കമേരിക്കയിലില്ല, നിങ്ങൾ–
ക്കെമ്മട്ടിലുണ്ടായ് മുതുകിൽ ത്രിരേഖ?''

രാമേശ്വരത്താഴിയിലുള്ള സേതു
ബന്ധിച്ച രാമന്റെ വരപ്രസാദം
ഓതീ വിദേശീയനൊടിന്ത്യനണ്ണാ–
ന്മാരന്നു വിശ്വോത്തരവാങ്മയത്തിൽ.

എന്തോ ചിലയ്ക്കുന്നു മരത്തിലണ്ണാ–
ന്മാരെന്നു ചിന്തിച്ചു തിരിഞ്ഞു ഹൂണൻ
കുത്തബ്മിനാറിന്റെ ചുവട്ടിലെങ്ങൊ–
ന്നുറങ്ങുവാൻ പറ്റിയ 'പഞ്ചതാരം'?

## ധന്യവാദം*

ഈപ്പീ ഗോപാലൻ ചൊടി
പീപ്പിയിൽ മുട്ടിച്ചിടുന്നതിൻ മുമ്പേ
ഞങ്ങടെ ഗോകുലസന്ന–
ദ്ധതകളിലാർത്തൂ സ്വതന്ത്രപൗരത്വം.

കഷ്ടപ്പാടുള്ളവരുടെ
കണ്ണീരൊപ്പാൻ കുനിഞ്ഞ ചുണ്ടോടേ
അവരുടെ കാലടി തഴുകാ–
നവരെപ്പുൽകാനദമ്യമാം മോഹം

സ്നേഹം ലോകം മുഴുവൻ
ദാഹിയ്ക്കും നിത്യമായ ബാഷ്പകണം,
ത്യാഗം, ബ്രഹ്മാണ്ഡത്തെ–
പ്പുണരാൻ നീളുന്ന കൈകൾതൻ പുളകം.

ഞാനില്ലാതാവാന–
ല്ലദ്ദേഹം ഞങ്ങളെപ്പഠിപ്പിച്ചു;
ലോകം ഞാനായ്ത്തീരു–
ന്നതിനത്രേ യോഗശാസ്ത്രസർവ്വസ്വം.

ഉൽപ്പാദിപ്പിച്ചാന–
ന്നിദ്ദേഹം വായിൽനിന്നു ചൂരൽവടി,
വാഴക്കുന്നം വായിലെ
വർണ്ണക്കടലാസ്സുമാലയെന്ന പടി.

ചൂളീ കുമ്പ തലോടും
പത്തായം, കാരിരുമ്പുപെട്ടികളും
ആധാരക്കെട്ടുകളിൽ–
ച്ചിതൽപോലെയൊളിച്ചിരുന്ന മൂഢതയും

പറയേണ്ടതു പറയാന–
ന്നരവയറുണ്ടിട്ടെണീറ്റു കൈ കഴുകി
വായ് കഴുകിയ വാചസ്പതി
എഴുതാഞ്ഞതു ഭാവിപൗര, നിൻ നഷ്ടം!

ഹൃദയം കേഴും വേളയി–
ലിന്നും ഞാനീപ്പിയെ സ്മരിക്കുന്നു;
ഉടനെപ്പൊട്ടിച്ചിരിയെൻ
സിരയിലുരുക്കിൻ കരുത്തൊഴുക്കുന്നു.

ആയിരമമ്പിളിമാമ–
ന്മാരാലഭിഷിക്ത നീ സ്ഥിതപ്രജ്ഞൻ
ഞങ്ങടെ കാലം മുഴുവൻ
മന്ദസ്മിതവെണ്ണിലാവു ചൊരിയട്ടെ

സാധിക്കുകിലിനിയീപ്പി, നി–
ജാത്മകഥാമധുരമെഴുതിവെയ്ക്കട്ടെ,
ഭാവിയിലെപ്പഥികർക്കതു
കവലവിളക്കായ് പ്രസാദമരുളട്ടെ.

## യോഗക്ഷേമം

യോഗക്ഷേമത്തിനെന്താ പൊരുൾ? അഖിലജഗത്–
ജീവരൂപങ്ങൾതൻ സം–
യോഗക്ഷേമം തദുന്മീലിതഭഗവദഖ–
ണ്ഡപ്രകാശാവലോകം;
ഭോഗത്താൽത്തൃഷ്ണ കുന്നിച്ചവനി നരകമാ–
ക്കുന്നുവോ? ദേഹബുദ്ധി–
ത്യാഗത്താൽ സ്വർഗ്ഗമാക്കാമുലകി,ഹ പരഭേ–
ദാതിഗബ്രഹ്മശിൽപ്പം!